# സാമൂഹ്യ ശാസ്ത്രം

## SOCIAL SCIENCE

### MALAYALAM MEDIUM

### സ്റ്റാൻഡേർഡ് എട്ടാം

### STANDARD EIGHT

ഭാഗം III

Term III

## 1. വില്യം ബെന്റിക് പ്രഭു (ക്രി.പി. 1828-ക്രി.പി. 1835)

ഹേസ്റ്റിംഗ്സ് പ്രഭുവിനുശേഷം ആംഹേസ്റ്റ് പ്രഭു ഗവർണർ ജനറൽ ആയി. അദ്ദേഹത്തിന്റെ കാലത്ത് ബർമ്മാക്കാർ ആസാമിനെ പടിച്ചെടുക്കാൻ ശ്രമിച്ചു. ക്രി.പി. 1824-ൽ ആംഹേസ്റ്റ് പ്രഭുക്കന്മാർക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു. ഇതാണ് ഒന്നാം ബർമായുദ്ധം. ഈ യുദ്ധത്തിൽ ഇംഗ്ലീഷുകാർ ബർമാക്കാരെ പരാജയപ്പെടുത്തി. ക്രി.പി.1826-ൽ യാണ്ടബൂ ഉടമ്പടി പ്രകാരം ഒന്നാം ബർമായുദ്ധം അവസാനിച്ചു. ഈ ഉടമ്പടി പ്രകാരം അരക്കൻ ടെനാസറിം എന്നീ പ്രദേശങ്ങൾ ബ്രിട്ടീഷുകാർക്ക് ലഭിച്ചു.

ഇദ്ദേഹത്തിനു ശേഷം വില്യം ബെന്റിക് പ്രഭു ഗവർണർ ജനറൽ ആയി. ഇന്ത്യൻ നാട്ടു രാജാ ക്കന്മാരുടെ കാര്യങ്ങളിൽ തലയിടാതെയിരുക്കുക എന്ന നയം ഇദ്ദേഹം പിൻതുടർന്നു. അദ്ദേഹത്തിന്റെ പരിഷ്ക്കാരങ്ങൾ വളരെ പ്രസിദ്ധമാണ്. ഇന്ത്യയിലെ ഗവർണർ ജനറൽമാരിൽ പ്രഗത്ഭനായ ഒരാളായിരുന്നു ഇദ്ദേഹം. അദ്ദേഹത്തിന്റെ പരിഷ്ക്കാരങ്ങളെ താഴെ പറയും വിധം വിഭജിച്ചിരിക്കുന്നു.

### സാമ്പത്തിക പരിഷ്ക്കാരങ്ങൾ

ഈസ്റ്റിന്ത്യാകമ്പനിയുടെ സാമ്പത്തിക സ്ഥിതിയെ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തെ അദ്ദഹം കുറച്ചു. നിരവധി ഇന്ത്യാക്കാരെ കുറഞ്ഞ ശമ്പളത്തിൽ നിയമിച്ചു. ലഹരി പദാർത്ഥങ്ങളുടെ വാണിജ്യത്തെ നിയന്ത്രിച്ചു. കമ്പനിയുടെ കീഴിലുള്ള പട്ടാള ഉദ്യോഗസ്ഥന്മാരുടെ അലവൻസുകളെ കുറച്ചു.

### നീതി പരിഷ്ക്കരണം

സംസ്ഥാനങ്ങളിൽ ഉണ്ടായിരുന്ന അപ്പീൽ കോടതികളെ ഇല്ലാതാക്കി. സിവിൽ കേസുകൾക്ക് സദാർ ദിവാനി അദാലത്ത് എന്ന സിവിൽ കോടതിയേയും സദാർ നിസാമത് അദാലത്ത് എന്ന ക്രിമിനൽ കോടതിയേയും അലഹബാദിൽ രൂപീകരിച്ചു.

### ഭരണപരിഷ്കാരങ്ങൾ

അദ്ദേഹം കളക്ടറുടെ ആഫീസിനേയും മജിസ്ട്രേറ്റിന്റെ(Magistrates) ആഫീസിനേയും കൂട്ടിചേർത്തു. സൈന്യത്തിന്റെ മൊത്തം ചുമതലയും അദ്ദേഹം തന്നെ ഏറ്റെടുക്കുകയും, പല സൈനിക പരിഷ്കാരങ്ങൾ കൊണ്ടുവരികയും ചെയ്തു. അദ്ദേഹം പേർഷ്യൻ ഭാഷ കോടതിയിലെ ഭാഷയായിരിക്കുന്നതിനെ നിർത്തിയിട്ട് പ്രാദേശിക ഭാഷകൾക്ക് കൂടുതൽ പ്രാധാന്യം കൊടുത്തു. ഗവർണർ ജനറലിന്റെ എക്സി ക്യൂട്ടീവ് കൗൺസിലിൽ നിയമ അംഗം എന്ന പുതിയ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു. എക്സിക്യൂട്ടീവ് കൗൺസിലിലെ ആദ്യത്തെ നിയമവകുപ്പ് അംഗമായി മെക്കാളെ പ്രഭുവിനെ നിയമിച്ചു.

### സാമൂഹ്യ പരിഷ്ക്കാരങ്ങൾ
### സതി നിരോധനം

സമൂഹത്തിൽ നിലവിലിരുന്ന അനാചാരങ്ങളിൽ ഏറ്റവും ക്രൂരമായ ഒന്നാണ് സതി എന്ന ഉടന്തടിചാട്ടം

സമ്പ്രദായം. ഇതനുസരിച്ച് ഒരു ഹിന്ദു സ്ത്രീ അവരുടെ ഭർത്താവ് മരിച്ചാൽ നിർബന്ധമായും ഭർത്താവിന്റെ ചിതയിൽ ചാടി മരിക്കണം. ആദ്യമൊക്കെ ഇത് സ്ത്രീകൾ സ്വമേധയാ ചെയ്തിരുന്നു. പിന്നീട് ഇത് നിർബന്ധമാക്കി. ഈ സമ്പ്രദായം കൂടുതലും രജപുത്രരുടെ ഇടയിലാണ് നിലവിലിരുന്നത്. ഈ മനുഷത്വം ഇല്ലാത്ത പ്രവൃത്തിയെ വില്യം ബെന്റിക് പ്രഭു എതിർത്തു. ക്രി.പി. 1829-ൽ സാമൂഹിക പരിഷ്ക്കർത്താവായിരുന്ന രാജാറാം മോഹൻ റോയിയുടെ സഹായത്തോടെ സതി സമ്പ്രദായത്തെ ഇല്ലാതാക്കുന്നതിന് ബെന്റിക് പ്രഭു എതിർത്തു. ഒരു നിയമം പാസാക്കി ഇതാണ് സതി നിരോധന നിയമം. സതി സമ്പ്രദായം അനുഷ്ഠിക്കുന്നതും അതിനെ പ്രേരിപ്പിക്കുന്നതും കുറ്റകരമാണെന്ന് ഈ നിയമ പ്രകാരം പ്രഖ്യാപിക്കപ്പെട്ടു. സതി ആചരിക്കുന്നതിനുവേണ്ടി പ്രേരിപ്പിക്കുന്നവർക്ക് കഠിന ശിക്ഷ നൽകിയിരുന്നു.

### പെൺ ശിശുഹത്യയെ ഇല്ലാതാക്കൽ

കത്തിയവാർ, രാജപുത്താന എന്നിവിടങ്ങളിൽ നിലനിന്നിരുന്ന അനാചാരമായിരുന്നു പെൺ ശിശുഹത്യ, പെൺ കുട്ടികളെ ജനിച്ച യുടനെ തന്നെ കൊന്നുകളയുന്ന സമ്പ്രദായമാണിത്. പ്രത്യേകിച്ചും സാമ്പത്തിക ബാധ്യത ഒഴിവാക്കുന്നതിന് വേണ്ടിയാണ് ഇത് ചെയ്തിരുന്നത്. വില്യം ബെന്റിക് പ്രഭു ഈ സമ്പ്രദായത്തെ ഒഴിവാക്കുകയും, പെൺശിശുഹത്യ ചെയ്യുന്നത് കുറ്റകരമാണെന്നും പ്രഖ്യാപിക്കുകയും ചെയ്തു.

ഒഡീഷയിലെ ജനങ്ങൾ ദൈവങ്ങളെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടി നരബലി നടത്തിയിരുന്നു. ഇതിന് ഇല്ലാതാക്കുന്നതിന് വില്യം ബെന്റിക് പ്രഭു ശ്രമിച്ചു. നരബലി നടത്തുന്നവരെ കൊലയാളികളായി കരുതുമെന്ന് ബെന്റിക് പ്രഭു പ്രഖ്യാപിച്ചു.

### തഗ്ഗുകളെ അടിച്ചമർത്തൽ

മദ്ധ്യഇന്ത്യയിൽ ജീവിച്ചിരുന്ന കൊള്ളസംഘമാണ് തഗ്ഗുകൾ, അവർ പിടിച്ചു പറിയും , മോഷണവും നടത്തിയിരുന്നു. നിരപരാധികളായ യാത്രക്കാരെ കൊള്ളയടിക്കുകയും അവരെ കൊന്നുകളയുകയും ചെയ്തിരുന്നു. ഇതിന് നിറുത്തലാക്കുന്നതിനുവേണ്ടി വില്യം ബെന്റിക്ക് പ്രഭു തീരുമാനിച്ചു. അതിനുവേണ്ടി മേജർസ്ലീമാന്റെ നേതൃത്വത്തിൽ ഒരു പുതിയ വകുപ്പ് രൂപീകരിച്ചു. ധാരാളം തഗ്ഗുകൾ പിടിക്കപ്പെടുകയും അവരെ കൊല്ലുകയോ, കഠനശിക്ഷയോ നൽകപ്പെട്ടു.

### വിദ്യാഭ്യാസ പരിഷ്ക്കരണം

1813-ലെ ചാർട്ടർ നിയമ പ്രകാരം അനുവദിക്കപ്പെട്ട പണത്തെ ഇംഗ്ലീഷു ഭാഷയിലൂടെ പാശ്ചാത്യ വിദ്യാഭ്യാസം ഏർപ്പെടുത്തുന്നതിനു വേണ്ടി പ്രയോജന പ്പെടുത്താൻ വില്യം ബെന്റിക് പ്രഭു തീരുമാനിച്ചു. അതിന്റെ ഫലമായി ഇംഗ്ലീഷ് മാധ്യമത്തിലൂടെയുള്ള വിദ്യാഭ്യാസം ഇന്ത്യയിൽ നിലവിൽ വന്നു. കൊൽക്കത്തയിൽ ഒരു മെഡിക്കൽ കോളേജും മുംബൈയിൽ എൽഫിൻസ്റ്റൺ കോളേജും അദ്ദേഹം ഏർപ്പെടുത്തി.

### 1833-ലെ ചാർട്ടർ നിയമം

വില്യം ബെന്റിക് പ്രഭുവിന്റെ കാലത്ത് 1833-ലെ ചാർട്ടർ നിയമം പാസാക്കപ്പെട്ടു ഇതനുസരിച്ച് കമ്പനിയുടെ ഏകാധിപത്യം അവസാനിച്ചു. ബംഗാളിലെ ഗവർണർ ജനറൽ

ഇന്ത്യയിലെ ഗവർണർ ജനറലായി. ഗവർണർ ജനറലിന്റെ എക്സിക്യൂട്ടീവ് കൗൺസിലിൽ നിർവ്വഹണസഭ ഒരു നിയമ അംഗത്തെ ഉൾപ്പെടുത്തി. ഇന്ത്യൻ ക്രിസ്ത്യാനികളുടെ നന്മ യ്ക്കു വേണ്ടി മുംബൈ, മദ്രാസ്, കൽക്കട്ട എന്നിവിടങ്ങളിൽ ബിഷപ്പു മാരെ നിയോഗിച്ചു.

**സംഗ്രഹം**

വില്യം ബെന്റിക് പ്രഭു സാമൂഹ്യ ഭരണപരമായ സാമ്പത്തിക, നീതി ന്യായ കാര്യങ്ങളിൽ പല പ്രയോജന കരമായ പരിഷ്കാരങ്ങളും നടപ്പിൽ വരുത്തി. ഇന്ത്യാക്കാരോടു അനുഭാവം കാണിച്ചതിനാൽ ഇദ്ദേഹത്തെ റിപ്പൻ പ്രഭുവിനോടു തുലനം ചെയ്യുന്നു. ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം കൊടുക്കുകയും ജനങ്ങളുടെ നന്മയ്ക്കുവേണ്ടി പല നല്ല കാര്യങ്ങൾ ചെയ്യുകയും ചെയ്തു.

## അഭ്യാസം

**I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക**

1. ആംഹേസ്റ്റ് പ്രഭുവിനുശേഷംഇന്ത്യയുടെ ഗവർണർ ജനറൽ _______ആകുന്നു.

 അ) വില്യം ബെന്റിക് പ്രഭു  ആ)ഹേസ്റ്റിംഗ്സ് പ്രഭു

 ഇ) കർസൻ പ്രഭു

2. വില്യം ബെന്റിക് പ്രഭു__________ൽപ്രശസ്തിയാർജിച്ചു.

 അ) കാഴ്ചയിൽ  ആ) യുദ്ധങ്ങളിൽ  ഇ)പരിഷ്കാരങ്ങളിൽ

3. __________ഭാഷയെ കോടതി ഭാഷയിൽ നിന്ന് ഒഴിവാക്കി.

 അ) ഇംഗ്ലീഷ്  ആ) പേർഷ്യൻ  ഇ) സംസ്കൃതം

4.നരബലി അനുഷ്ഠിച്ചിരുന്നത്__________ആണ്

 അ) ഒറീസ്സയിലെ വർഗ്ഗക്കാർ  ആ) രാജപുത്രന്മാർ

 ഇ) മദ്ധ്യ ഇന്ത്യയിലെ ജനങ്ങൾ

**II. പൂരിപ്പിക്കുക**

1. ഒന്നാം ബർമായുദ്ധം ക്രി.പി. 1826 ലെ_______ഉടമ്പടി പ്രകാരം അവസാനിച്ചു.

2 _______നെ ഇന്ത്യയുടെ പ്രഗത്ഭരായ ഗവർണർ ജനറൽമാരിൽ ഒരാളായി കരുതുന്നു.

3. ഗവർണർ ജനറലിന്റെ എക്സിക്യൂട്ടീവ് കൗൺസിലിലെ ആദ്യത്തെ നിയമാംഗമായി നിയമിക്കപ്പെട്ടയാൾ.

4. ഇന്ത്യൻ സമൂഹത്തിൽ നിലവിലിരുന്ന ഒരു ദുരാചാരമാണ് __________.

### III. യോജിപ്പിക്കുക

| | | |
|---|---|---|
| 1. സതി നിരോധനം | - | ഇംഗ്ലീഷ് വിദ്യാഭ്യാസം |
| 2. മേജർ സ്ലീമാൻ | - | 1829 |
| 3. രാജാറാം മോഹൻ റോയ് | - | തഗ്ഗുകളെ അടിച്ചമർത്തൽ |
| 4. മെക്കാളെ പ്രഭു | - | സാമൂഹ്യ പരിഷ്ക്കർത്താവ് |

### IV. ഒറ്റവാക്കിലുത്തരം എഴുതുക

1. വില്യം ബെന്റിക് പ്രഭു ഇന്ത്യയുടെ ഗവർണർ ജനറൽ ആയതെപ്പോൾ ?
2. എൽഫിൻസ്റ്റൻ കോളേജ് സ്ഥാപിക്കപ്പെട്ടത് എവിടെ ?
3. പട്ടാള ഉദ്യോഗസ്ഥന്മാരുടെ അലവൻസ് (Bhatta) കുറച്ചത് ആര് ?

### V. ചുരുക്കി ഉത്തരമെഴുതുക

1. ഒന്നാം ബർമായുദ്ധത്തെ കുറിച്ച് നിങ്ങൾക്കെന്തറിയാം ?
2. വില്യം ബെന്റിക് പ്രഭുവിന്റെ വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളെ കുറിച്ചെഴുതുക ?
3. വില്യം ബെന്റിക് പ്രഭുവിന്റെ ഭരണ പരിഷ്ക്കാരങ്ങളെ കുറിച്ചെന്തറിയാം ?

### VI. വിശദീകരിക്കുക

1. വില്യം ബെന്റിക് പ്രഭുവിന്റെ സാമൂഹ്യ പരിഷ്ക്കരണങ്ങളെ കുറിച്ച് വിവരിക്കുക ?

## രൂപീകരണ മൂല്യനിർണ്ണയം

1. ചർച്ച ചെയ്യുക.

   സാമൂഹ്യ, ഭരണപരമായും ജനനന്മയ്ക്കായി പ്രവർത്തിച്ച ആളാണ് വില്യം ബെന്റിക് പ്രഭു. ചർച്ച ചെയ്യുക.

2. സതി സമ്പ്രദായം നിലവിലുള്ള സ്ഥലത്ത് ദുരാചാരം ആചരിക്കപ്പെടുന്ന അവസരത്തിൽ നിങ്ങൾക്കുണ്ടാകുന്ന വികാരങ്ങളെ വെളിപ്പെടുത്തുന്ന വിധത്തിൽ ചിത്രം വരയ്ക്കുക.
3. പെൺ ശിശുഹത്യ ഇന്നും ഇന്ത്യയിൽ നിലനിൽക്കുന്നു. ഇത്തരം സാമൂഹ്യ ദുരാചാരങ്ങളെ മുൻനിർത്തി ഒരു റിപ്പോർട്ട് തയ്യാറാക്കുക.
4. ബ്രിട്ടീഷുകാർ കൊുവന്ന വിദ്യാഭ്യാസ പരിഷ്കാരങ്ങളാൽ ഇന്ത്യയിലുണ്ടായ നേട്ടങ്ങൾ എന്തെല്ലാം?

## 2. ഡൽഹൗസി പ്രഭു (ക്രി.പി. 1848-1855)

ഡൽഹൗസിപ്രഭു ക്രി.പി. 1848-ൽ ഇന്ത്യയിലെ ഗവർണർണർ ജനറലായി. ബ്രിട്ടീഷ് സാമ്രാജ്യ ത്തിന്റെ വിപുലനത്തി നുവേണ്ടി ഇദ്ദേഹം മൂന്നു രീതികൾസ്വീകരിച്ചു.

അ) ദത്തപഹാര നയം മൂലം രാജ്യങ്ങളെ കൂട്ടിചേർക്കൽ.

ആ) യുദ്ധങ്ങൾ മൂലം രാജ്യങ്ങളെ കൂട്ടിചേർക്കൽ

ഇ. ദുർഭരണാരോപണം രാജ്യങ്ങളെ കൂട്ടിചേർക്കൽ.

### ദത്തപഹാരനയത്തിലൂടെ കൂട്ടിചേർക്കൽ

ഡൽഹൗസി പ്രഭു ബ്രിട്ടീഷ് സാമ്രാജ്യ വിപുലനത്തിനുവേണ്ടി ദത്തപഹാരനയം എന്ന ഒരു പുതിയ നയത്തെ സ്വീകരിച്ചു. ഇതിൻ പ്രകാരം ആശ്രിത രാജ്യങ്ങളിലെ രാജാവ് പുത്രന്മാർ ഇല്ലാതെ മരണമട ഞ്ഞാൽ അദ്ദേഹത്തന്റെ ദത്തു പുത്രൻ അനന്തരാവകാശിയാകാൻ പാടില്ല. മറിച്ച് ആ രാജ്യം ബ്രിട്ടീഷ് സാമ്രാജ്യ ത്തോട് ചേർക്കണം. മരണമടഞ്ഞ രാജാവിന്റെ ദത്തു പുത്രൻ സ്വകാര്യ സ്വത്തുക്കൾക്ക് മാത്രമേ അവകാശി യാവുകയുള്ളൂ.

ദത്തപഹാര നയം പ്രയോഗിച്ച തിലൂടെ ഡൽഹൗസി പ്രഭു സതാറാ. ജയ്പൂർ സമ്പൽപൂർ, ഉദയ്പൂർ, ഝാൻസി, നാഗപ്പൂർ എന്നീ പ്രദേശ ങ്ങൾ കൂട്ടിചേർത്തു. ഈ ദത്തപഹാര നയത്തെ ഇന്ത്യക്കാർ കഠിനമായി പ്രതിഷേധിച്ചു. ഇത് മഹത്തായ വിപ്ള വത്തിനു വഴി തെളി യിച്ചു.

### യുദ്ധങ്ങളിലൂടെ കൂട്ടിചേർക്കൽ രണ്ടാം ആംഗ്ലോ - സിക്കു യുദ്ധം (ക്രി.പി. 1848. ക്രി.പി. 1849)

ഡൽഹൗസി പ്രഭുവിന്റെ ഭരണകാലത്താണ് രണ്ടാം ആംഗ്ലോ-സിക്കു യുദ്ധം ഉണ്ടായത്. ഒന്നാം ആംഗ്ലോ സിക്കു യുദ്ധത്തിൽ സിക്കു കാർക്ക് തോൽവി സംഭവിച്ചെങ്കിലും അവർ നിശ്ശേഷം തകർക്കപ്പെട്ടില്ല. മുൾട്ടാൺ സിക്കു രാജ്യത്തിന്റെ ഒരു ഭാഗമാണ്.

സിക്കുകാർ മുൾരാജാവിന്റെ നേതൃത്വത്തിൽ ബ്രിട്ടീഷുകാരെ എതി ർത്തു. ആയതിനാൽ 1848-ൽ സിക്കു കാരുടെ നേരെ ഡൽഹൗസി പ്രഭു യുദ്ധം പ്രഖ്യാപിച്ചു. സിക്കുകാർ തോ ൽവി അടഞ്ഞു. 1849-ൽ ഡൽഹൗസി പഞ്ചാബിനെ പിടിച്ചെടുത്തു.

### രണ്ടാം ബർമ്മാ യുദ്ധം (ക്രി.പി. 1852)

ഒന്നാം ബർമ്മായുദ്ധത്തിനു ശേഷം ബ്രിട്ടീഷ് വ്യാപാരികൾക്ക് ബർമ്മയിൽ കച്ചവടം ചെയ്യുന്നതി നുള്ള അനുമതി ലഭിക്കുകയും അവർ ബർമ്മയിൽ താമസിക്കുകയും ചെയ്തു. എന്നാൽ സിക്കുകാർ അവഹേളിക്ക പ്പെട്ടു. അവർ ഡൽഹൗസിയോട് സഹായം അഭ്യർത്ഥിച്ചു. അതുകൊണ്ട് ബർമ്മയെ ആക്രമിക്കാൻ ഡൽഹൗസി ഒരുസൈന്യത്തെ അയച്ചു. അങ്ങനെ രണ്ടാം ബർമ്മായുദ്ധം ഉണ്ടായി. ബർമ്മാക്കാർ തോൽവിയ ടഞ്ഞു. ഈ യുദ്ധംകാരണം ലോവർ ബർമ്മ മുഴു വനും ബ്രിട്ടീഷ്കാരുടെ കീഴിലായി.

### ദുർഭരണാരോപണത്തിലൂടെ കൂട്ടിച്ചേർക്കൽ

1856-ൽ അയോദ്ധ്യയിലെ

രാജാവായ വാജിദ് അലിഷായെ ദുർഭരണം നടത്തി എന്ന് ആരോപിച്ച് നിഷ്ക്കാസനം ചെയ്തു. അയോദ്ധ്യയെ ബ്രിട്ടീഷ് സാമ്രാജ്യത്തോട് കൂട്ടിച്ചേർത്തു. മാത്രമല്ല തഞ്ചാവൂരും ബ്രിട്ടീഷ് സാമ്രാജ്യത്തോട് കൂട്ടി ചേർക്കപ്പെട്ടു.

### ഡൽഹൗസിയുടെ പരിഷ്ക്കാരങ്ങൾ

ഡൽഹൗസി മികച്ച ഒരു ജേതാവ് മാത്രമല്ല നല്ലൊരു ഭരണാധികാരിയും കൂടിയാണ്. ഡൽഹൗസി ഇന്ത്യയിൽ പല പരിഷ്ക്കാരങ്ങളും ഏർപ്പെടുത്തി.

### ഭരണ പരമായ പരിഷ്ക്കാരങ്ങൾ

ഇന്ത്യൻ ഗവർണ്ണർ ജനറൽ ബംഗാളിലെ ഗവർണർ കൂടിയായിരുന്നു. എന്നാൽ ഡൽഹൗസിയുടെ കാലത്തിൽ ബംഗാളിലെ കാര്യങ്ങൾ നോക്കുന്നതിന് ലഫ്റ്റനന്റ് ഗവർണർമാരെ നിയമിച്ചു.

ഓരോ സംസ്ഥാനവും പല ജില്ലകളായി പിരിച്ച് ഓരോ ജില്ലകളെയും ഡെപ്യൂട്ടികമ്മിഷണറുടെ കീഴിലാക്കി.

സിംലയെ വേനൽക്കാല തലസ്ഥാനമായും, കൽക്കട്ടയെ തണുപ്പുകാല തലസ്ഥാനമായും മാറ്റി.
ഡൽഹൗസിപ്രഭു കൽക്കട്ട, ബോംബെ മദ്രാസ് എന്നീ പ്രവിശ്യകളിൽ ഒരേ രീതിയിലുള്ള ഭരണത്തെ ഏർപ്പെടുത്തി.

### തീവണ്ടി ഗതാഗതത്തിന്റെ ആരംഭം

ഇന്ത്യയിൽ തീവണ്ടി ഗതാഗതം ആരംഭിച്ചതിന്റെ പ്രശസ്തി ഡൽഹൗസിക്കാണ്. ബോംബെ മുതൽ താനാ വരെയുള്ള ആദ്യത്തെ റയിൽപ്പാത 1853-ൽ നിർമ്മിച്ചു. 1854-ൽ ഹൗറ മുതൽ റാണി ഗഞ്ച്വരെയും 1856-ൽ ചെന്നൈ മുതൽ അരക്കോണം വരെയും റയിൽപ്പാത സ്ഥാപിച്ചു. റയിൽവെ ഗതാഗതത്തിന്റെ ആവിർഭാവം കച്ചവടത്തെ പുരോഗമിപ്പിച്ചു. ഇത് ബ്രിട്ടീഷ് ഗവണ്മെൻറിനെ വളരെ എളുപ്പത്തിൽ സൈന്യങ്ങൾ, അസംസ്കൃത വസ്തുക്കൾ എന്നിവ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേയ്ക്ക് അയയ്ക്കാൻ എളുപ്പമായി.

ഡൽഹൗസി **"ഇന്ത്യൻ റയിൽവേയുടെ പിതാവ്"** എന്ന് അറിയ പ്പെടുന്നു.

### തപാൽ, കമ്പിതപാൽ

രാജ്യമൊട്ടാകെ തപാൽ കമ്പിത്തപാൽ ആഫീസുകൾ സ്ഥാപിച്ചു. എല്ലാ പ്രവിശ്യകളിലെയും തപാൽ നിലയങ്ങളിലെ ജോലികളെയും പരിശോധിക്കാൻ ഡയറക്ടർ ജനറൽ എന്ന ഉദ്യോഗ സ്ഥനെ നിയമിച്ചു. ഒരേ രീതിയിലുള്ള തപാൽ മുറകളെ ഏർപ്പെടുത്തി. (ഇന്ത്യയിൽ ആദ്യാമായി തപാൽ മുദ്രകൾ നടപ്പിലാക്കി. അര അണ (3 പൈസ) തപാൽ സമ്പ്രദായം ഏർപ്പെടുത്തി. ആദ്ദേഹം കമ്പിത്തപാൽ സമ്പ്രദായവും സ്ഥാപിച്ചു. അങ്ങനെ വാർത്താവിനിമയ സമ്പ്രദായം ഡൽഹൗസിയുടെ അധീനതയിൽ വളരെയധികം പ്രോൽസാഹിപ്പിക്കപ്പെട്ടു.

### വാണിജ്യ പരിഷ്ക്കാരങ്ങൾ

ഡൽഹൗസി സ്വതന്ത്രവ്യാപാരം ആരംഭിച്ചു. മദ്രാസ്, ബോംബേ, കൽക്കട്ട, എന്നീ തുറമുഖപട്ടണങ്ങളെ അഭിവൃദ്ധിപ്പെടുത്തി. അദ്ദേഹംപലതുറമുഖങ്ങളിലും നവീന രീതികൾ ഏർപ്പെടുത്തി. ഇന്ത്യയ്ക്കും ഇംഗ്ലണ്ടിനും തമ്മിലുള്ള വ്യാപാരബന്ധങ്ങളെ പ്രോൽസാഹിപ്പിച്ചു.

## സാമൂഹ്യ പരിഷ്ക്കാരങ്ങൾ

രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ നിലവിലിരുന്ന സതിയെ നിറുത്തലാക്കി. തഗ്ഗുകളെ അടിച്ചമർത്തി. ക്രി.പി.1856-ൽ ഹിന്ദു വിധവാ പുനഃർവിവാഹത്തെ പ്രോൽസാഹിപ്പിച്ചു. മതം മാറിയ ഒരു വ്യക്തിക്കു പരമ്പരാഗത സ്വത്തവകാശം ലഭിക്കുന്ന തിന് നിയമം കൊണ്ടുവന്നു.

## പൊതുമരാമത്ത് വകുപ്പ്

ഡൽഹൗസി പൊതുമരാമത്ത് വകുപ്പ് ഏർപ്പെടുത്തി. ധാരാളം കനാലുകൾ, റോഡുകൾ, പാലങ്ങൾ എന്നിവ നിർമ്മിക്കുകയും മറ്റ് അനവധി ക്ഷേമ പ്രവർത്തനങ്ങൾ നടപ്പി ലാക്കു കയും ചെയ്തു. കൽക്കത്തയേയും പെഷവാറിനെയും ബന്ധിപ്പിക്കുന്ന ഗ്രാന്റ്ട്രങ്ക് റോഡിന്റെ കേടുപാടുകൾ തീർത്തു. ഗംഗാ കനാലിനെയും നിർമ്മിച്ചു.

## വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾ

1854-ലെ സർചാൾസ് വുഡ്സിന്റെ ഡസ്പാച്ച് അടിസ്ഥാനമാക്കി ഡൽഹൗസി പ്രഭു ചില വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾ ഇന്ത്യയിൽ ഏർപ്പെടുത്തി. പൊതു വിദ്യാഭ്യാസവകുപ്പ് എല്ലാ പ്രവിശ്യകളിലും ആരംഭിച്ചു. പ്രൈമറി മുതൽ സർവ്വകലാശാലവരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏർപ്പെടുത്തി. അദ്ധ്യപകർക്ക് പരിശീലനം നൽകുവാനുള്ള പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചു. ജനങ്ങൾക്ക് ഉന്നത വിദ്യാഭ്യാസം നൽകുന്നതിന് കൽക്കത്ത, ബോംബേ, മദ്രാസ് എന്നിവിടങ്ങളിൽ സർവ്വകലാശാലകൾ സ്ഥാപിച്ചു. കൂടാതെ റൂർക്കിയിൽ ഒരു ഇഞ്ചിനീയറിംങ് കോളേജ് സ്ഥാപിച്ചു. സ്വകാര്യ വിദ്യാലയങ്ങൾക്കും, കോളേജുകൾക്കും ഗവൺമെന്റ് ധനസഹായം നൽകുന്ന സമ്പ്രദായം ഏർപ്പെടുത്തി.

## സൈനിക പരിഷ്ക്കാരങ്ങൾ

ഗൂർഖകളെ ഇന്ത്യൻ സൈന്യങ്ങളിൽ ചേരുന്നതിന് പ്രോത്സാഹിപ്പിച്ചു. സൈനിക കേന്ദ്രങ്ങളെ കൽക്കത്തയിൽ നിന്നും സിംലയിലേയ്ക്ക് മാറ്റിസ്ഥാപിച്ചു. ബംഗാൾ പീരങ്കിപ്പടയുടെ കേന്ദ്ര ഓഫീസ്സിനെ കൽക്കത്തയിൽ നിന്നും മീററ്റിലേയ്ക്ക് മാറ്റി.

## സംഗ്രഹം

ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ ഗവർണർ ജനറലായിരുന്നു ഡൽഹൗസി പ്രഭു. തീവണ്ടി ഗതാഗതം , തപാൽ, കമ്പിത്തപാൽ എന്നിവയുടെ ആവിർഭാവം ഡൽഹൗസി പ്രഭുവിന്റെ കാലത്തെക്കുറിച്ച് എപ്പോഴും ഓർമ്മിക്കുന്നതിന് വഴിയൊരുക്കുന്നു. ആയതിനാൽ അദ്ദേഹത്തെ **നവീന ഇന്ത്യയുടെ ശിൽപി** എന്ന് വിളിക്കപ്പെടുന്നു.

## അഭ്യാസം

**1. ശരിയായ ഉത്തരം തെരെഞ്ഞെടുത്തെഴുതുക**

1. ദത്തപഹാരനയം ഏർപ്പെടുത്തിയത് __________.

അ) ഡൽഹൗസിപ്രഭു    ആ) ആംഹെസ്റ്റ് പ്രഭു    ഇ) ഹേസ്റ്റിങ് പ്രഭു

2. ദുർഭരണം എന്ന കാരണത്താൽ ബ്രിട്ടീഷ് സാമ്രാജ്യത്തോട് ഡൽഹൗസിപ്രഭു ______________ ചേർക്കപ്പെട്ടു.

അ) സതാറ ആ) ഝാൻസി ഇ) അയോദ്ധ്യ

3. ഹിന്ദുവിധവാ പുനഃർ വിവാഹനിയമം പാസ്സാക്കിയത്_____________.

അ) 1853 ആ)1855 ഇ)1856

4. ആദ്യത്തെ തീവണ്ടി ഗതാഗതം നിർമ്മിതമായത് ബോംബൈ മുതൽ

________________വരെ.

അ) മദ്രാസ് ആ) താനാ ഇ) പൂനെ

**II. പൂരിപ്പിക്കുക**

1. ഡൽഹൗസി പ്രഭു ഇന്ത്യയിലെ ഗവർണ്ണർ ജനറലായത്_________ലാണ്.

2. ദത്തപഹാരനയത്തിലൂടെ ബ്രിട്ടീഷിന്റെ അധീനതയിലായ രാജ്യം.___________ .

3. ഗംഗാ തടാകം നിർമ്മിതമായത് ________ന്റെ ഭരണ കാലത്താണ്.

III. യോജിപ്പിക്കുക.

| | | |
|---|---|---|
| 1. ആദ്യത്തെ തീവണ്ടി ഗതാഗതം | - | ബാജീറാവിന്റെ ദത്തുപുത്രൻ |
| 2. വുഡ്സ് ഡെസ്പാച്ച് | - | അയോദ്ധ്യയുടെ നവാബ് |
| 3. നാനാ സാഹിബ് | - | 1853 |
| 4. വാജിദ് -അലിഷ | - | 1854 |

**IV. ഒറ്റവാക്കിൽ ഉത്തരം എഴുതുക.**

1. രണ്ടാം ആംഗ്ലോ-സിക്ക് യുദ്ധം നടന്ന വർഷമേത് ?

2. ആരാണ് പൊതുമരാമത്ത് വകുപ്പ് സ്ഥാപിച്ചത് ?

3. ഡൽഹൗസിയുടെ കാലത്തിൽ നിർമ്മിക്കപ്പെട്ട സർവ്വകലാശാല ഏതെല്ലാം ?

**V. ചുരുക്കി ഉത്തരമെഴുതുക**

1. ദത്തപഹാര നയം എന്നാൽ എന്ത് ?

2. ബ്രിട്ടീഷ് സാമ്രാജ്യ വിപുലനത്തിന് ഡൽഹൗസി പ്രഭു, സ്വീകരിച്ച നയങ്ങൾ ഏവ?

3. ദത്തപഹാര നയത്തിലൂടെ ചേർക്കപ്പെട്ട രാജ്യങ്ങൾ ഏവ?

4. ഡൽഹൗസിയെ ഇന്ത്യൻ റെയിൽവേയുടെ പിതാവ് എന്നു വിളിക്കുന്നു. എന്തുകൊണ്ട്?

**VI. ഉത്തരം വിവരിച്ചെഴുതുക**

1. ഡൽഹൗസി പ്രഭുവിന്റെ പരിഷ്ക്കാരങ്ങളെക്കുറിച്ച് വിവരിക്കുക.

## രൂപീകരണ മൂല്യനിർണ്ണയം

1. പ്രസംഗ മത്സരം

   നിങ്ങൾ നവാബിന്റെ ദത്തുപുത്രനായിരുന്നാൽ ഇംഗ്ലീഷുകാർ കൊണ്ടുവന്ന ദത്തപഹാരനയം മൂലം ബാധിക്കപ്പെടും എന്നതിനെക്കുറിച്ച് പ്രസംഗ മൽസരം നടത്തുക.

2. വിവരപട്ടിക തയ്യാറാക്കൽ

   ലെൽഹൗസി പ്രഭുവിനെ 'നവീന ഇന്ത്യയുടെ പിതാവ് എന്നു വിളിക്കാൻ കാരണം എന്നതാണെന്ന് വെളിപ്പെടുത്തുന്ന പവർപോയിന്റ് (Power Point) തയ്യാറാക്കുക.

3. ഇന്ത്യയെ ഏകീകരിക്കുന്നതിനുവേണ്ടി ബ്രിട്ടീഷുകാർ എങ്ങനെ സഹായിച്ചു. ഗതാഗതം, വാർത്താവിനിമയം എന്നിവയിലുണ്ടായ പുരോഗതിയെപ്പറ്റി ചർച്ച ചെയ്യുക.

## 3. മഹത്തായ വിപ്ലവം (ക്രി.പി.1857)

ബ്രിട്ടീഷുകാർക്കെതിരെയുണ്ടായ ഏറ്റവും വലിയ വെല്ലുവിളിയായിരുന്നു. 1857-ലെ കലാപം ശിപായിമാരെ കൊണ്ട് ആരംഭിച്ചു എങ്കിലും എല്ലാ ജനങ്ങളും അതിൽ പങ്കാളികളായി. അത് പെട്ടെന്നുണ്ടായ ഒരു സംഭവമല്ല. ഇത് ഇന്ത്യൻ ജനങ്ങൾക്ക് ബ്രിട്ടീഷുകാരോട് തോന്നിയ വിരോധങ്ങൾ മൂർദ്ധന്യത്തിലെ ത്തിയതാണ്. ഈ വിപ്ലവം ക്യാനിങ് പ്രഭു ഗവർണ്ണർ ജനറലായിരുന്ന കാലത്താണ് ഉണ്ടായത് 1857-ലെ മഹത്തായ വിപ്ലവത്തെക്കുറിച്ച് ചരിത്രകാരന്മാരുടെ ഇടയിൽ ഭിന്നാഭിപ്രായമാണുണ്ടായത്. സ്വാർത്ഥത മൂലം ബ്രിട്ടീഷ് ചരിത്രകാരന്മാർ ഈ ലഹളയെ ഒരു 'ശിപായി ലഹള' മാത്രമായേ എന്നു കണക്കാക്കിയിരുന്നു. ഇന്ത്യൻ ചരിത്രകാരന്മാർ ഇതിനെ ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യ സമരം എന്ന് വിളിച്ചിരുന്നു.

### 1857-ലെ വിപ്ലവ കാരണങ്ങൾ

#### രാഷ്ട്രീയ കാരണങ്ങൾ

ബ്രിട്ടീഷുകാരുടെ നയങ്ങളായ സാമ്രാജ്യ വിപുലനം, കൂട്ടിചേർക്കൽ നയം എന്നിവ ഇന്ത്യാക്കാരുടെ മനസ്സിൽ ആശങ്ക ഉളവാക്കി. വെല്ലസ്ലിപ്രഭുവിന്റെ സൈനിക സഹായ വ്യവസ്ഥ ഡൽഹൗസി പ്രഭുവിന്റെ ദത്തപഹാര നയം എന്നിവ ഇന്ത്യൻ ഭരണാധികാരികളെ ബ്രിട്ടീഷുകാരുടെ ബദ്ധശത്രുക്കളാക്കി.

#### സാമ്പത്തിക കാരണങ്ങൾ

ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ ഇന്ത്യൻ ജനങ്ങളുടെ സാമ്പത്തിക നില അധഃപതിച്ചു. രാജ്യത്തിന്റെ എല്ലാ വാണിജ്യവും വ്യവസായവും ബ്രിട്ടീഷുകാരുടെ കൈയ്യിലായി. ഇന്ത്യൻ വ്യാപാര കേന്ദ്രങ്ങളിൽ ബ്രിട്ടീഷു യന്ത്രനിർമ്മിത വസ്തുക്കളുടെ ബാഹുല്യം ഇന്ത്യൻ തൊഴിൽ ശാലകളെ നശിപ്പിച്ചു. ഉദ്യോഗത്തിലിരുന്ന നൂറു കണക്കിനാളുകൾക്ക് ജോലി നഷ്ടപ്പെട്ടു. ഉയർന്ന പദവികൾ മുഴുവനും ഇംഗ്ലീഷുകാർക്ക് മാത്രമാണ് നൽകിയിരുന്നത്. ഇത് ഇന്ത്യാക്കാർക്ക് ഇംഗ്ലീഷുകാരോട് നീരസം ഉണ്ടാകുന്നതിനു കാരണമായി.

#### സാമൂഹ്യവും മതപരവുമായ കാരണങ്ങൾ

റയിൽവേ, കമ്പിത്തപാൽ, പാശ്ചാത്യവിദ്യാഭ്യാസം എന്നിവയുടെ ആവിഷ്ക്കരണം തങ്ങളെ ക്രൈസ്തവ മതത്തിലോട്ട് മതപരിവർത്തനം ചെയ്യുന്നതിനുവേണ്ടിയുള്ള പദ്ധതികളാണോ എന്ന് ഇന്ത്യക്കാർ സംശയിച്ചു. ഇന്ത്യാക്കാരെ മതപരി വർത്തനം ചെയ്യിക്കുന്നതിന് ക്രൈസ്തവ മിഷനറിമാർ തീവ്രമായി പ്രവർ ത്തിച്ചു. സതി, ബാല്യവിവാഹം എന്നിവയുടെ നിരോധനം വിധവാ പുനഃർവിവാഹ പ്രോത്സാഹനം എന്നിവയിലൂടെ ഇന്ത്യാക്കാരുടെ മതപരമായ കാര്യങ്ങളിൽ ബ്രിട്ടീഷുകാർ ഇടപെട്ടു.

ഹിന്ദുക്കളെ ക്രിസ്തുമതത്തിലേയ്ക്ക് മതപരിവർത്തനം ചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കാൻ ഹിന്ദുക്കളുടെ സ്വത്തവകാശ നിയമത്തിൽ മാറ്റം വരുത്തി.

#### സൈനിക കാരണങ്ങൾ

ഇന്ത്യൻ സൈനികർക്ക് ബ്രിട്ടീഷുകാർക്കെതിരെ ധാരാളം പരാതികൾ ഉണ്ടായിരുന്നു. അവർ ഉയർന്ന ശമ്പളവും പരിചരണവും

ബ്രിട്ടീഷ് മേലുദ്യോഗസ്ഥന്മാരിൽ നിന്നാവശ്യപ്പെട്ടു. 1856-ൽ ക്യാനിംഗ് പ്രഭു പൊതുസൈനീക സേവന വ്യവസ്ഥാനിയമം കൊണ്ടുവന്നു. ഇതനുസരിച്ച് ഇന്ത്യൻ ശിപായിമാർ വേണ്ടിവന്നാൽ കടൽ കടന്നുചെന്നും സേവനമനുഷ്ഠിക്കാൻ നിർബന്ധി തരായി ഇത് ഇന്ത്യൻ ശിപായിമാർക്ക് ബ്രിട്ടീഷുകാരോട് ശത്രുത ഉണ്ടാകാൻ കാരണമായി കൂടാതെ ഇന്ത്യൻ സൈനീക ഉത്സാഹമുള്ളവരാക്കാൻ വേണ്ടി താടിയും മീശയും വടിക്കാൻ നിർബന്ധിച്ചു. ഇന്ത്യൻ ശിപായികൾ മതപരമായ അടയാളങ്ങൾ നെറ്റിയിൽ വെയ്ക്കുന്നതിനേയും തലപ്പാവ് ധരിക്കുന്നതിനേയും മാറ്റിയിട്ട് പകരം പുതിയ രീതിയിലുള്ള തോൽ തൊപ്പി കൾ ധരിക്കുന്നതിന് നിർബന്ധിച്ചു. ഇത് തങ്ങളുടെ മതാചാരങ്ങൾക്ക് എതിരാണെന്ന് ഹിന്ദുക്കളും, മുസ്ലീങ്ങളും കരുതി. സിക്കുകാർ തങ്ങളുടെ താടിയും മുടിയും വെട്ടുന്നതിനെ പൂർണ്ണ മായും എതിർത്തു. ഇത് അവരെ വളരെയധികം വേദനിപ്പിച്ചു.

## പെട്ടെന്നുള്ള കാരണം.

ബ്രിട്ടീഷുകാർ കൊഴുപ്പുതടവിയ തിരകൾ കൊണ്ടുള്ള പുതിയ എൻഫീൽഡ് തോക്കുകൾ പ്രയോഗത്തിൽ കൊണ്ടുവന്നതാണ് വിപ്ലവത്തിനു പെട്ടെന്നുണ്ടായ കാര ണം. അതിന്റെ തിരകളിൽ മൃഗക്കൊഴുപ്പ് പുരട്ടിയിരുന്നു. തോക്കു നിറയ്ക്കുന്നതിനു മുമ്പായി അവ പൊതിഞ്ഞിട്ടുള്ള കട്ടിയുള്ള ആവരണം കടിച്ചു തുറക്കേണ്ടതാണ്. പശുവിന്റെയും പന്നിയുടെയും കൊഴുപ്പാണ് തിരകളിൽ പുരട്ടിയിരുന്നത്.ഹിന്ദു, മുസ്ലീം ശിപായികൾ ആ തോക്കുകൾ ഉപയോഗി ക്കുന്ന തിന് വിസമ്മതിച്ചു. പശുവിനെ പുണ്യമൃഗമായി കരുതുന്ന ഹിന്ദുക്കളുടെയും പന്നിയെ വെറുക്കുന്ന മുസ്ലീംങ്ങളുടെയും മത വികാരങ്ങളെ വ്രണപ്പെടുത്തുന്നതിനുള്ള നടപടിയാണെന്ന് ശിപായികൾ ഇതിനെ കരുതി. ബംഗാളിലെ ബാരക്പൂരിലുള്ള മംഗൾ പാണ്ഡേ എന്ന ബ്രാഹ്മണ യുവസൈനീകൻ കൊഴുപ്പു പുരട്ടിയ തിര ഉപയോഗിക്കാൻ വിസമ്മതിച്ചു. 1857 ഏപ്രിൽ 18ന് ഇദ്ദേഹം തന്റെ മേലുദ്യോഗസ്ഥനെ വെടിവെച്ചു കൊന്നു. അതിനാൽ ബ്രിട്ടീഷുകാർ അദ്ദേഹത്തെ തടവിലാക്കി തൂക്കി ക്കൊല്ലുകയും ചെയ്തു.

## വിപ്ലവത്തിന്റെ ഗതി

ആദ്യമായി വിപ്ലവം ആരംഭിച്ചത് മീററ്റ് എന്ന സ്ഥലത്ത് 1857 മേയ് 9-ാം തിയതിയാണ്. മേയ് 10-ാം തിയതി മീററ്റിലെ സൈന്നിക രെജിമെന്റ് തുറന്നു പ്രക്ഷോപത്തിൽ ഏർപ്പെട്ടു. വിപ്ലവകാരികൾ ബ്രിട്ടീഷ് അധി കാരികളെ വെടിവച്ച് കൊല്ലുകയും . ജയിൽ തകർത്ത് തടവിലായ സൈനീ കരെ മോചിപ്പിക്കുകയും, ഇംഗ്ലീഷു കാരുടെ ബംഗ്ലാവുകൾ തീവെച്ച് നശി പ്പിക്കുകയും ചെയ്തിട്ട് അവർ ഡൽഹിയിലേയ്ക്കു പോയി.

## ഡൽഹി.

അവർ ഡൽഹിയിൽ ചെന്ന് അവിടെയുള്ള ശിപായികളുമായി ചേർന്ന് നിരവധി യൂറോപ്യന്മാരെ വധിച്ചിട്ട് ഡൽഹി പിടിച്ചടക്കി. ഡൽഹിയിലെ മുൻ ഭരണാധികാരി യായ ബഹദൂർഷാ രണ്ടാമനെ ഡൽഹി ചക്രവർത്തിയായി പ്രഖ്യാപിച്ചു. സർജോൺ നിക്കൽസൺ-ന്റെ കീഴി ലുള്ള ഇംഗ്ലീഷ്സൈന്യം ഡൽഹിയെ ആക്രമിച്ചു കീഴടക്കി. ധാരാളം ആളു കൾ കൊല്ലപ്പെട്ടു. മുഗൾ ചക്രവർത്തി ബഹദൂർഷാ രണ്ടാമന്റെ മേൽ

കുറ്റാരോപണം നടത്തി മരണം വരെ തടവുശിക്ഷ വിധിച്ച് ജയിൽ വാസത്തിനു വേണ്ടി റംഗൂണി ലേയ്ക്കയച്ചു. അവിടെ വെച്ച് 1862-ൽ ഇദ്ദേഹം മരണമടഞ്ഞു. അദ്ദേഹ ത്തിന്റെ മരണത്തോടുകൂടി മുഗൾ സാമ്രാജ്യം അവസാനിച്ചു.

### കാൺപൂർ

പേഷ്വാബാജിറാവു രണ്ടാമന്റെ ദത്തുപുത്രനായ നാനാസാഹിബ് കാൺപൂറിലെ പ്രക്ഷോപത്തിന് നേതൃത്വം നൽകി. താന്തിയാ തോപ്പിയുടെ സഹായത്തോടുകൂടി നാനാസാഹിബ് കാൺപൂർ കോട്ട പിടിച്ചടക്കി. അവിടെത്തെ പേഷ്വായായി സ്വയം പ്രഖ്യാപിച്ചു. 1857-ൽ ജൂലൈ 17-ാം തിയതി കേണൽ ഹേവ്‌ലാക്, കേണൽ ഒനെയിൽ എന്നിവർ കോൺപൂരിൽ പ്രവേശിച്ച് അവിടെയുള്ള വിപ്ലവകാരികളെ തോൽപ്പിച്ച് കാൺപൂരിനെ പിടിച്ചടക്കി. നാനാസാഹിബ് നേപ്പാളിലേയ്ക്ക് ഓടി രക്ഷപ്പെട്ടു എങ്കിലും കുറച്ചു കാലത്തിനുശേഷം അവിടെ വച്ചു മരണമടഞ്ഞു.

### ലക്നൗ

ലക്നൗ പ്രക്ഷോപത്തിന് നേതൃത്വം വഹിച്ചത് അയോദ്ധ്യ നവാബായ വാജിദ് അലിഷായുടെ ഭാര്യ ബീഹം ഹാസറിദ് മഹൽ ആണ്. ഇവർ തന്റെ പുത്രനായ ബിർജിസ് ഖാദറിനെ അയോദ്ധ്യയുടെ നവാബായി പ്രഖ്യാപിച്ചു.സർ ഹെൻട്രി ലാറൻസിനെ വിപ്ലവകാരികൾ വധിച്ചു. ഒടുവിൽ 1858 മാർച്ചിൽ ജനറൽ ഔട്രം, ഹാവ്‌ലാക് എന്നിവർ ലക്നൗവിനെ കൈപ്പറ്റി. ദയാദാക്ഷിണ്യമില്ലാതെ കൂട്ടക്കൊല ചെയ്തു.


### മദ്ധ്യ ഇന്ത്യ

മദ്ധ്യ ഇന്ത്യയിലെ പ്രക്ഷോപത്തിന് നേതൃത്വം നൽകിയത് താന്തിയ തോപ്പിയും, ത്ധാൻസിറാണി ലക്ഷ്മി ബായിയുമാണ്.ബ്രിട്ടീഷു കാർക്കെതിരായിട്ട് പൊരുതുവാൻ അവർ സ്ത്രീകൾക്കുപോലും പ്രോത്സാഹനം നൽകി. ഈ രണ്ടു സ്വതന്ത്ര്യ നേതാക്കളും കഠിനപ്രതി രോധമാണ് ഇംഗ്ലീഷുകാർക്ക് നൽകിയത്. ഇംഗ്ലീഷുകാർ സർഹ്യൂ ഗ്റോ സിന്റെ നേതൃത്വത്തിൽ ത്ധൻസിയിലെ കോട്ട ആക്രമിച്ചപ്പോൾ ലക്ഷ്മിഭായി ധീരതയോടെ എതിർത്തെങ്കിലും കോട്ടയെ രക്ഷിക്കാൻ സാധിച്ചില്ല. അവർ കാൽപിയിലേയ്ക്ക് ഓടി രക്ഷപ്പെട്ടു.കാൽപ്പിയിൽ താന്തിയാ തോപ്പിയുടെ സഹായത്തോടെ ഗ്വാളി യറിനെ പിടിച്ചടക്കി. വീണ്ടും ബ്രിട്ടീഷുകാർ ഗ്വാളിയറിനെ ആക്രമിച്ചപ്പോൾ ഝാൻസിറാണി മരണം വരെ സധൈര്യം പോരാടി . താന്തിയാ തോപ്പി രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും ബ്രിട്ടീഷുകാർ അദ്ദേഹത്തെ തടവിലാക്കുകയും വധിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മരണത്തോടെ വിപ്ലവം അവസാനിച്ചു.



റാണിലക്ഷ്മിഭായി

## 1857-ലെ മഹത്തായ വിപ്ലവം നടന്ന പ്രദേശങ്ങൾ



1857-ൽ നടന്ന മഹത്തായ വിപ്ലവം പരാജയത്തിൽ കലാശിച്ചുവെങ്കിലും ഇത് ഇന്ത്യയുടെ സ്വാതന്ത്ര്യ ലബ്ദിയ്ക്ക് വിത്തുപാകി.

## 1857 ലെ വിപ്ലവത്തിന്റെ പരാജയത്തിനുള്ള കാരണങ്ങൾ

ഇന്ത്യാക്കാരുടെ ഇടയിൽ ഐക്യം ഇല്ലായിരുന്നു. ദേശീയത, ഐക്യം എന്നീ ആശയങ്ങൾ ഇന്ത്യൻ ജനങ്ങളിൽ പ്രബലമായിരുന്നില്ല. ഈ സമരം എല്ലാസ്ഥലത്തും വ്യാപിച്ചിരുന്നില്ല. ആവശ്യത്തിന് ആളുകളും വിഭവശേഷിയും സമ്പത്തും ഇല്ലാത്തത് അവരുടെ പരാജയത്തിന് കാരണമായി. കമ്പിത്തപാൽ, തപാൽ സമ്പ്രദായം എന്നിവ ബ്രിട്ടീഷുകാരുടെ വാർത്താവിനിമയത്തിന് സഹായകമായി. തീവണ്ടി ഗതാഗതം പട്ടാളക്കാരുടെ യാത്രയെ വളരെ വേഗത്തിലാക്കാൻ സഹായിച്ചു. ബ്രിട്ടീഷ് പട്ടാളത്തിൽ ഗൂർഖകൾ, സിക്കുകാർ, രജപുത്രർ എന്നിവർ ഉൾപ്പെട്ടിരുന്നു. മികച്ച സൈന്യാധിപന്മാരാണ് ബ്രിട്ടീഷ് സൈന്യത്തെ നയിച്ചിരുന്നത്. എന്നാൽ ഇന്ത്യൻ സൈന്യാധിപന്മാർ അവർക്ക് തുല്യരായിരുന്നില്ല. ഇംഗ്ലീഷുകാരുടെ സമുദ്രാധിപത്യം കൊണ്ട് അവർക്ക് ആവശ്യാനുസരണം ആളുകളും, സാധനങ്ങളും ഇംഗ്ലണ്ടിൽ നിന്നും കൊണ്ടുവരാൻ കഴിഞ്ഞു.

## 1857-ലെ വിപ്ലവത്തിന്റെ ഫലങ്ങൾ

വിപ്ലവാനന്തരം ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ ഭരണം അവസാനിച്ചു. ഇന്ത്യയുടെ ഭരണം ബ്രിട്ടീഷ് ഗവണ്മെന്റ് ഏറ്റെടുത്തു. 1858 നവംബർ 1-ന് വിക്ടോറിയാ രാജ്ഞി ഒരു വിളംബരം പ്രഖ്യാപിച്ചു. ഒരു പ്രത്യേക നിയമത്തിലൂടെ നിർവാഹസമിതി എന്നിവ നിറുത്തലാക്കി. തൽസ്ഥാനത്ത് ബ്രിട്ടീഷ് ഗവണ്മെന്റിൽ ഇന്ത്യയുടെ ഭരണ ചുമതലയുള്ള മന്ത്രിയുടെ കാര്യാലയം ഏർപ്പെടുത്തി. ഇന്ത്യയുടെ ഗവർണ്ണർ ജനറൽ ഇന്ത്യൻ വൈസ്രോയി എന്നറിയപ്പെട്ടു. ഇന്ത്യൻ സൈന്യത്തെ പുനഃസംഘടിപ്പിച്ചു. പൂർണ്ണ മതസ്വാതന്ത്ര്യം ഇന്ത്യൻ ജനങ്ങൾക്ക് വാഗ്ദാനം ചെയ്തു. ഇന്ത്യൻ നാട്ടു രാജ്യങ്ങളെ ബ്രിട്ടീഷ് സാമ്രാജ്യത്തോട് കൂട്ടി ചേർക്കുന്ന നയം ഉപേക്ഷിച്ചു. ഇന്ത്യൻ നാട്ടുരാജ്യങ്ങളെ ബ്രിട്ടീഷു സാമ്രാജ്യത്തോട് കൂട്ടിചേർക്കുന്നതല്ല എന്ന് ഉറപ്പുനൽകി.

## 1858-ലെ വിക്ടോറിയ രാജ്ഞിയുടെ വിളംബരം

1858 നവംബർ 1-ന് അലഹാബാദിൽ ഒരു രാജകീയ ഡർബാർ നടന്നു. അവിടെ വച്ച് വിക്ടോറിയാ മഹാറാണിയുടെ വിളംബരത്തെ ഇന്ത്യയുടെ അവസാനത്തെ ഗവർണ്ണർ ജനറലും ആദ്യത്തെ വൈസ്രോയിയുമായ കാനിംങ് പ്രഭു വായിച്ചു.

## സവിശേഷതകൾ

ഈ നിയമ പ്രകാരം ഇന്ത്യയുടെ ഭരണം ബ്രിട്ടീഷ് രാജ്ഞിയുടെ അധീനതയിലായി ഇതു നിമിത്തം നിയന്ത്രണസമിതി, നിർവാഹക സമിതി എന്നിവ നിറുത്തലാക്കി. ഭരണച്ചുമതലയുള്ള മന്ത്രിയുടെ കാര്യാലയം സ്ഥാപിക്കപ്പെട്ടു. സെക്രട്ടറിയെ സഹായിക്കാൻ 15 അംഗങ്ങളുള്ള ഇന്ത്യാകൗൺസിൽ ഏർപ്പെടുത്തി. ബ്രിട്ടീഷുകാരെ വധിച്ച കുറ്റം ആരോപിക്കപ്പെട്ടവരൊഴികെ മറ്റെല്ലാ പ്രക്ഷോപകാരികൾക്കും നിരുപാധികം മാപ്പുനൽകി.

സാമൂഹ്യ ശാസ്ത്രം

## അഭ്യാസം

**1. ശരിയായ ഉത്തരം തെരെഞ്ഞടുക്കുക**

1. 1857-ലെ മഹത്തായ വിപ്ലവം നടന്നത്__________പ്രഭുവിന്റെ കാലത്താണ്.

   അ) ബെൻഡിക്  ആ) കാനിംങ്  ഇ) ഡൽഹൗസി

2. ശിപായി ലഹള ആദ്യമായിട്ട് പൊട്ടിപുറപ്പെട്ടത്________ലാണ്

   അ) ബാരക്പൂർ  ആ) ഡൽഹി  ഇ) കാൺപൂർ

3. കൊഴുപ്പു പുരട്ടിയ തിര ഉപയോഗിക്കാൻ വിസമ്മിതിച്ച ആദ്യത്തെ സൈനികൻ_______.

   അ) മംഗൽ പാണ്ഡേ  ആ) നാനാസാഹിബ്  ഇ) ബഹദൂർഷാ

4. 1857 ലെ മഹത്തായ വിപ്ലവത്തിന്റെ പ്രധാന രാഷ്ട്രീയ കാരണം________ആകുന്നു

   അ) അതിക നികുതി  ആ) ദ്വിഭരണം  ഇ)ദത്തപഹാര നിയമം

**II. പൂരിപ്പിക്കുക.**

1. ഇംഗ്ലീഷുകാരോട് ഇന്ത്യാക്കാർക്കുണ്ടായിരുന്ന ശത്രുതയെ മൂർദ്ധന്യാവസ്ഥയിലെത്തിച്ച സംഭവം__________.
2. 1857 ലെ മഹത്തായ വിപ്ലവത്തെ__________ എന്നും അറിയപ്പെടുന്നു.
3. 1857-ലെ വിപ്ലവത്തിന്റെ ഉടനടികാരണം __________ന്റെ പ്രയോഗം ആണ്.
4. ഇംഗ്ലീഷു സൈന്യം സർ ജോൺ നിക്കോർസൺന്റെ നേതൃത്വത്തിൽ ______________ പിടിച്ചടക്കി.

**III. യോജിപ്പിക്കുക**

| | | |
|---|---|---|
| 1. മംഗൽപാണ്ഡേ | - | മദ്ധ്യ ഇന്ത്യ |
| 2. താന്തിയാതോപ്പി | - | ബാരക്പൂർ |
| 3. കാനിങ് പ്രഭു | - | നാനാസാഹിബിന്റെ സൈന്യാധിപൻ |
| 4. റാണി ലക്ഷ്മിഭായി | - | ആദ്യ രാജ്യപ്രതനിധി |

**IV. ഒറ്റവാക്കിൽ ഉത്തരമെഴുതുക**

1. 1857-ാമാണ്ട് വിപ്ലവം ആരാൽ എവിടെ ആരംഭിക്കപ്പെട്ടു?
2. ദുർഭരണം എന്ന കാരണത്താൽ ഏതെല്ലാം രാജ്യങ്ങൾ ബ്രിട്ടീഷ് സാമ്രാജ്യത്തോട് ചേർക്കപ്പെട്ടു?
3. ക്രി.പി. 1857-ാം മാണ്ട് വിപ്ലവത്തിൽ റാണി ലക്ഷ്മിഭായിയോട് ചേർന്ന് യുദ്ധം ചെയ്തതാർ.?

4 1857 – ാം ആിൽ മഹത്തായ വിപ്ലവത്തിനു ശേഷം ഇന്ത്യയിൽ ഭരണം നടത്തിയത് ആരാണ്?

## V. ചുരുക്കി ഉത്തരമെഴുതുക.


1. മംഗൾ പാണ്ഡേയെ ബ്രിട്ടീഷ്കാർ തൂക്കിക്കൊല്ലാൻ കാരണമെന്ത്?
2. 1857–ാം ആ് നടന്ന മഹത്തായ വിപ്ലവത്തിന്റെ ഫലങ്ങളെക്കുറിച്ച് ചുരുക്കി എഴുതുക.
3. റാണി ലക്ഷ്മിഭായിയെക്കുറിച്ച് – കുറിപ്പെഴുതുക.

## VI. വിവരിച്ച് ഉത്തരമെഴുതുക

1. 1857–ാം ആ് ഏർപ്പെട്ട മഹത്തായ വിപ്ലവത്തിനുള്ള കാരണമെന്ത്?
2. 1857–ാം ആ് മഹത്തായ വിപ്ലവം പരാജയപ്പെടാനുള്ള കാരണമെന്ത്?
3. 1857–ാം ആു വിപ്ലവത്തിന്റെ ഫലങ്ങൾ, വിക്ടോറിയ വിളംബരം എന്നിവയെപ്പറ്റി വിവരിക്കുക.

## രൂപീകരണ മൂല്യനിർണ്ണയം

1. 1857–ലെ മഹത്തായ വിപ്ലവം ഉണ്ടാകാനുള്ള കാരണങ്ങളെ മുൻനിറുത്തി ഒരു ങശിറ ങമു തയ്യാറാക്കുക.




2. 'മംഗൽപാണ്ഡേ' എന്ന ചരിത്ര സിനിമ കാണുകയും അതിനെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
3. പരസ്പരചർച്ച

   1857–ൽ മഹത്തായ വിപ്ലവം പരാജയപ്പെട്ടാലും ജനങ്ങൾക്കിടയിൽ ദേശീയ ബോധം ഉണ്ടായി. ഈ വിപ്ലവത്തെ തുടർന്ന് ഇന്ത്യയിൽ ആദ്യ സ്വാതന്ത്ര്യ സമരം എന്നു വിളിക്കാനുള്ള കാരണങ്ങൾ പരസ്പരം ചർച്ച ചെയ്യുക.

സാമൂഹ്യ ശാസ്ത്രം

## 4. തമിഴ്നാട്ടിൽ നായക്കന്മാരുടെ ഭരണം

വിജയനഗരസാമ്രാജ്യത്തിന്റെ വ്യാപനം തമിഴ്നാട്ടിൽ നായക്കന്മാരുടെ ഭരണത്തെ ഏർപ്പെടുത്തി. "നായക്ക" എന്ന വാക്കിന്റെ അർത്ഥം നേതാവ്, മുഖ്യൻ, അല്ലെങ്കിൽ സൈന്യാധിപൻ എന്നാണ്. നായക്കന്മാർ വിജയനഗര രാജാക്കന്മാരുടെ പ്രതിനിധികളായി തങ്ങൾക്ക് അനുവദിക്കപ്പെട്ട പ്രദേശത്തിന്റെ ഭരണം നിർവ്വഹിച്ചവരായിരുന്നു. രാജാക്കന്മാരുടെ പിൻഗാമികളാണെന്ന് സ്വയം അവകാശപ്പെട്ടിരുന്നു. അവർ തമിഴ്നാട്ടിൽ മധുര, തഞ്ചാവൂർ, ചെഞ്ചി എന്നീ പ്രദേശങ്ങളെ ഭരിച്ചുവന്നു.

### മധുര നായക്കന്മാർ

മധുര വിജയനഗര സാമ്രാജ്യത്തിന്റെ തെക്കൻ മേഖല യായി രൂപം കൊണ്ടു. കൃഷ്ണദേവ രായർ 1529-മാണ്ട് വിശ്വനാഥനായക്കനെ മധുരയിലെ രാജപ്രതിനിധിയായി നിയമിച്ചു. അന്നു മുതൽ മധുര നായക്കന്മാരുടെ ആധിപത്യത്തിൽ കീഴിലായിരുന്നു.

### വിശ്വനാഥ നായക്കർ

വിശ്വനാഥ നായക്കർ കൃഷ്ണദേവരായരുടെ വളരെ അടുത്ത സുഹൃത്തായിരുന്നു. അദ്ദേഹം മധുരയിലെ വിപ്ലവത്തെ അമർച്ച ചെയ്യാനായി നിയോഗിക്കപ്പെട്ടു. അതിൽ അദ്ദേഹം വിജയിക്കുകയും മധുരയിലെ അധിപനായിത്തീരുകയും ചെയ്തു.

വിശ്വനാഥ നായക്കർ അദ്ദേഹത്തിന്റെ സമാധാനപൂർണ്ണമായ മികച്ച ഭരണ സമ്പ്രദായത്താൽ പ്രശസ്തി നേടി. അദ്ദേഹം തന്റെ മന്ത്രിയായ ആര്യനാഥരുടെ സഹായത്തോടെ പാളയക്കാർ സമ്പ്രദായം എന്നൊരു പുതിയ സമ്പ്രദായം ഏർപ്പെടുത്തി. ഇതിൻപ്രകാരം അദ്ദേഹം പാളയക്കാർ എന്നപേരുള്ള സുരക്ഷാ ഭടന്മാരെ സമാധാനം നിലനിറുത്തുന്നതിനായി നിയമിച്ചു. അവർക്ക് പട്ടാളം, പോലീസ് പ്രാദേശിക ഭരണം എന്നിവ നൽകി. കാവൽ എന്നത് അവരുടെ പ്രധാന ജോലിയായിരുന്നു. അവർക്ക് ജനങ്ങൾ കാവൽ പിച്ചൈ എന്നു പേരുള്ള കരം വേതനമായി നൽകി.

വിശ്വനാഥ നായക്കരെ പിൻതുടർന്ന് പലരും ഭരണം നടത്തി. അവരിൽ പ്രധാനപ്പെട്ട ഒരു ഭരണാധികാരിയാണ് തിരുമലൈനായക്ക്.

### തിരുമലൈ നായക്കർ

മധുര നായക്കർ ചരിത്രത്തിൽ തിരുമലൈനായക്കർ കാലം ഒരു പുതിയ ശതാബ്ദമായി കരുതപ്പെടുന്നു. അദ്ദേഹത്തിനു മുൻപ് ആറു രാജാക്കന്മാരും അദ്ദേഹത്തിനു ശേഷം ആറു രാജാക്കന്മാരുംമധുരയിൽ ഭരണം നടത്തി.

### വിജയങ്ങൾ

തിരുമലൈ നായക്കർ അധികാരം ഏറ്റ ഉടനെ തന്നെ മൈസൂർ സൈന്യം മധുരയിൽ പടയോട്ടത്തിന് മുതിർന്നു. എന്നാൽ തിരുമലൈ നായക്ക് മൈസൂർ സൈന്യത്തെ ദിണ്ടുക്കലിൽ വച്ച് തോൽപിച്ചു. തിരുവിതാംകൂർ ഭരിച്ചിരുന്ന ഉണ്ണികേരള വർമ്മ മധുരക്ക് കപ്പം കൊടുക്കാൻ

സാമൂഹ്യശാസ്ത്രം

വിസമ്മതിച്ചു. തിരുമലൈനായക്കർ ഒരു സൈന്യത്തെ അയച്ച് ഉണ്ണികേരള വർമ്മയെ തോൽപിക്കുകയും മുടങ്ങാതെ കപ്പം നൽകാൻ നിർബന്ധിക്കുകയും ചെയ്തു. തമിഴ്നാട്ടിൽ മുസ്ലീങ്ങളുടെ ആക്രമണത്തിന് ഇരയായ അടിസ്ഥാന കാരണക്കാരൻ തിരുമലൈനായക്കരായിരുന്നു. ശ്രീരംഗൻ മൂന്നാമൻ മധുരെക്കെതിരെ പടനയിച്ചു. ഇതറിഞ്ഞ തിരുമലൈ നായക്ക് സമീപ രാജ്യങ്ങളായ തഞ്ചാവൂർ, ചെഞ്ചി എന്നിവിടങ്ങളിലെ നായക്കന്മാരുമായി ഒരു സന്ധിയിലേർപ്പെട്ടു. എന്നാൽ തഞ്ചാവൂർ നായക്കർ അദ്ദേഹത്തെ ചതിക്കുകയാണുണ്ടായത്. ഉടനെ അദ്ദേഹം ഗോൽക്കൊണ്ട ഭരണാധികാരിയുടെ സഹായം തേടുകയും വെല്ലൂരിനെ ആക്രമിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുകയും ചെയ്തു. ഗോൽക്കൊണ്ട മുസ്ലീമുകൾ വെല്ലൂരിനെ ആക്രമിക്കുകയും മധുരെക്കെതിരെ ഭീക്ഷണി മുഴക്കുകയും ചെയ്തു. ആയതിനാൽ തിരുമലൈനായക്ക് മൈസൂർ ഭരണാധികാരികളോടു സഹായം അഭ്യർത്ഥിച്ചു. മൈസൂർ ഭരണാധികാരി ഒരു സൈന്യത്തെ അയച്ചു.ആസൈന്യം സത്യമംഗലത്തുവച്ച് വിജയം നേടുകയും ദിണ്ഡുക്കലിലേക്ക് മുന്നേറുകയും ചെയ്തു. മൈസൂർ സൈന്യം ശത്രുക്കളുടെ മൂക്കും മേൽചുണ്ടും ഛേദിക്കുകയും ചെയ്തു. ഈ കിരാത നടപടിയാൽ മധുരയിലെ ജനങ്ങൾ ഭയചികിതരായി. ഉടനെ തിരുമലൈ നായക്ക് മൈസൂർ സൈന്യത്തെ ആക്രമിക്കുകയും ഇതേപ്രവൃത്തി മൈസൂർ സൈന്യത്തിനുമേൽ പ്രയോഗിക്കുകയും ചെയ്തു. ഈ യുദ്ധം **നാസികായുദ്ധം** എന്നറിയപ്പെടുന്നു.



തിരുമലൈ നായക്കർ മഹാൽ

## മറ്റു സംഭാവനകൾ

തിരുമലൈനായക്കർ വളരെ സമർത്ഥമായൊരു ഭരണ സമ്പ്രദായം ഏർപ്പെടുത്തി. അദ്ദേഹം രാജ്യത്ത് സമാധാനവും സുരക്ഷയും നിലനിറുത്തി. പോർച്ചുഗീസുകാർക്കും, ഡച്ചുകാർക്കും നിർലോഭമായ സഹായങ്ങൾ ചെയ്തു. അദ്ദേഹം തന്റെ തലസ്ഥാനം തിരുച്ചിയിൽ നിന്നും മധുരയിലേക്ക് മാറ്റി. അദ്ദേഹം പല ക്ഷേത്രങ്ങളുടേയും കേടുപാടുകൾ തീർത്തു. ക്ഷേത്ര ഭരണം തന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കി. ക്ഷേത്രപരിപാലനത്തിനായി ധാരാളം ഗ്രാമങ്ങൾ ക്ഷേത്രങ്ങൾക്കു നൽകി. അദ്ദേഹത്തിന്റെ ഭരണകാലത്ത് പുതുമണ്ഡപം, മാരിയമ്മൻ തൊപ്പക്കുളം, തിരുമലൈനായക്ക് മഹാൾ എന്നിവ നിർമ്മിച്ചു. അദ്ദേഹം സംസ്കൃത പണ്ഡിതനായ നീലകണ്ഠ ദീക്ഷിതരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തു.

## രാജ്ഞി മങ്കമ്മാൾ

രാജ്ഞി മങ്കമ്മാൾ ചൊക്കനാഥരുടെ ഭാര്യയും വിജയരംഗ ചൊക്കനാഥരുടെ മുത്തശ്ശിയായിരുന്നു. വിജയരംഗ ചൊക്കനാഥർക്ക് മൂന്നു വയസ്സുള്ളപ്പോൾ അവർ

ഭരണാധികാരിയായി തീർന്നു. മധുര നായക്കരുടെ ഭരണത്തിൽ രാജ്ഞി മങ്കമ്മയുടെ ഭരണം എടുത്തു പറയത്തക്കതാണ്. അവർനയ തന്ത്രത്തിലൂടെ രാജ്യത്തെ സംരക്ഷിച്ചു. അവർ ക്രിസ്തീയ മിഷണറിമാരെ പ്രോൽസാഹിപ്പിച്ചു. പുണ്യസ്ഥലങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി. റോഡുകളിൽ തണൽവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചു. വഴിയാത്ര എളുപ്പവും സുഖകരവുമാക്കുന്നതിനായി സത്രങ്ങൾ നിർമ്മിച്ചു. ക്ഷേത്രങ്ങൾക്ക് വളരെ അധികം സംഭാവനകൾ ചെയ്തു. ജലസേചന പദ്ധതികളിൽ പ്രത്യേക താത്പര്യം കാണിച്ചു. ജല സേചനത്തിനായി അവരുടെ കാലത്ത് നിർമ്മിച്ച കനാലാണ് ഉയ്യൻകൊണ്ടാൻ കനാൽ ഈ കനാൽ ഇവരുടെ നേട്ടങ്ങളെ എടുത്തുപറയുന്നു.

### മീനാക്ഷി

വിജയരംഗരാജാവ് ആൺ മക്കളില്ലാതെ മരണമടഞ്ഞു. ആയതിനാൽ അദ്ദേഹത്തിന്റെ ഭാര്യ അധികാരത്തിൽ വന്നു. അവർ വിജയകുമാരനെ ദത്തെടുക്കുകയും രാജ്യപ്രതിനിധിയായി ഭരണം നടത്തുകയും ചെയ്തു. വിജയകുമാരന്റെ പിതാവായ ബംഗാരു മീനാക്ഷിക്കെതിരെ ഗൂഢാലോചന നടത്തുകയും സിംഹാസനം കൈക്കലാക്കുകയും ചെയ്തു. ആയതിനാൽ മീനാക്ഷി കർണ്ണാടക നവാബായ ചന്ദാസാഹിബിന്റെ സഹായം തേടുകയും അദ്ദേഹത്തിന് ഒരു കോടി രൂപ വാഗ്ദാനം നൽകുകയും ചെയ്തു. ചന്ദാസാഹിബ് ബംഗാരുവിനെ തോൽപിക്കുകയും മീനാക്ഷിയെ രക്ഷിക്കുകയും ചെയ്തു. പിന്നീട് ചന്ദാസാഹിബ് തന്റെ തനി നിറം പുറത്തെടുക്കുകയും വാഗ്ദാനത്തെ നിരസിക്കുകയും മീനാക്ഷിയെ അവരുടെ സ്വന്ത സ്ഥലമായ തിരുച്ചിയിൽ തടവിലാക്കുകയും ചെയ്തു. ദുഃഖം താങ്ങാനാവാതെ രാജ്ഞി വിഷം കഴിച്ച് ആത്മഹത്യചെയ്തു. ചന്ദാസാഹിബ് മധുരയിലെ നവാബാവുകയും ചെയ്തു. അങ്ങനെ ക്രി.പി. 1736-ൽ നായക്കർ ഭരണം അവസാനിക്കുകയും ചെയ്തു.

### തഞ്ചാവൂരിലെ നായക്കർ

വിജയനഗര സാമ്രാജ്യത്തിന്റെ ഒരു ഭാഗമായി തഞ്ചാവൂർ രൂപം കൊണ്ടു. തിമ്മപ്പ അവിടത്തെ താത്ക്കാലിക ഭരണാധികാരിയായി. അദ്ദേഹത്തിന്റെ പിൻഗാമിയായി മകൻ സേവപ്പ നായക്കർ ഭരണം ഏറ്റു.

### സേവപ്പനായക്കർ

സേവപ്പ നായക്കരാണ് സ്വാതന്ത്ര തഞ്ചാവൂർ രാജ്യം സ്ഥാപിച്ചത്. ഹൈന്ദവ ക്ഷേത്ര പരിപാലനത്തിൽ അദ്ദേഹം ശ്രദ്ധപതിപ്പിച്ചു. അദ്ദേഹം പോർച്ചു ഗീസുകാർക്ക് നാഗപട്ടണത്ത് തമാമസ സൗകര്യം നൽകുകയും മുളവൂർ ക്ഷേത്രത്തിന് 10 വേലി ഭൂമി സംഭാവനയായി നൽകുകയും ചെയ്തു. അദ്ദേഹം ശിവഗംഗയിലുള്ള തടാകത്തെ പുതുപ്പിക്കുകയും ചെയ്തു. പിൽക്കാലത്ത് അത് സേവപ്പനേരി എന്ന് അറിയപ്പെട്ടു. അദ്ദേഹം തിരുവണ്ണാമല, വിരുദാചലം ക്ഷേത്രങ്ങൾക്ക് സഹായം നൽകുകയും ചെയ്തു.

### അച്ചുതപ്പനായക്കർ

സേവപ്പനായക്കിനെ തുടർന്ന് അദ്ദേഹത്തിന്റെ മകനായ അച്ചുതപ്പനായക്ക് അധികാരമേറ്റു. അദ്ദേഹം വിജയനഗര സാമ്രാജ്യത്തോട് സൗഹൃദബന്ധം നിലനിറുത്തുകയും

ചരിത്രം

തളിക്കോട്ടയുദ്ധത്തിൽ വിജയനഗരത്തെസഹായിക്കുകയും ചെയ്തു. തിരുച്ചിരംഗനാഥക്ഷേത്രത്തിന് വജ്രകിരീടം നൽകുകയും രാമേശ്വരം ക്ഷേത്രത്തിന് സംഭാവന നൽകുകയും ചെയ്തു. തിരുവണ്ണാമലയിലുള്ള അരുണാചല ക്ഷേത്രത്തിലെ ഗോപുരം പൂർത്തിയാക്കിയത് ഇദ്ദേഹമാണ്. കാവേരി നദിയുടെ തീരങ്ങളെ നന്നാക്കുകയും കൃഷിയെ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്തു.

## രഘുനാഥ നായക്കർ


അച്ചുതപ്പാനായക്കർക്കു ശേഷം അദ്ദേഹത്തിന്റെ പിൻഗാമിയായി ഇളയ പുത്രനായ രഘുനാഥ നായക്കർ അധികാരമേറ്റു തഞ്ചാവൂർ ഭരിച്ച പ്രമുഖരിൽ ഒരാളാണദ്ദേഹം മധുര, ചെഞ്ചി എന്നിവിടങ്ങളിലെ രാജാക്കന്മാരെ തോൽപിച്ചതു കൂടാതെ ജാഫനയിലെ പോർച്ചുഗീസുകാരേയും തോൽപിച്ചു. അദ്ദേഹം കലകളുടേയും കൃതികളുടേയും സംരക്ഷകനായിരുന്നു. അദ്ദേഹം ഒരു വലിയ കവിയായിരുന്നു. തെലുങ്കിൽ രുഗ്മിണീപരിണയം, പാരിജാത പുഷ്പാഹരണം, രാമായണം എന്നീ കൃതികൾ രചിച്ചിട്ടുണ്ട്.

## വിജയരാഘവനായക്കർ

രഘുനാഥ നായക്കരെ പിൻതുടർന്ന് അദ്ദേഹത്തിന്റെ പുത്രനായ വിജയരാഘവനായക്കർ അധികാരമേറ്റു. അദ്ദേഹം രാജ്യസംരക്ഷ ണത്തിന് അശക്തനും അപ്രാപ്തനുമായിരുന്നു. അദ്ദേഹം തഞ്ചാവൂരിലെ അവസാനത്തെ ഭരണാധികാരിയായിരുന്നു മധുര ഭരിച്ച ചൊക്കനാഥ നായക്കർ തഞ്ചാവൂർ ആക്രമിക്കുകയും വിജയരാഘവനായക്കരെ വധിക്കുകയും ചെയ്തു. അങ്ങനെ ക്രി.പി. 1673-ൽ തഞ്ചാവൂരിൽ നായക്കർ ഭരണം അവസാനിച്ചു.

## ചെഞ്ചി നായക്കന്മാർ

പാലാറിനും കൊള്ളിടത്തിനും ഇടയിലുള്ള പ്രദേശമാണ് ചെഞ്ചി എന്ന് അറിയപ്പെടുന്നത്. ചെഞ്ചിയിലെ നായക്കന്മാർ വിജയനഗര രാജകുടുംബവുമായി അടുത്ത ബന്ധമുള്ളവരാണ്. ഇവരുടെ മാതൃസ്ഥലം വടക്കേ ഇന്ത്യയിലുള്ള മണിനാഥപുരമാണ്. അവർ തെക്കോട്ട് ദേശസഞ്ചാരം ചെയ്ത് അവിടെ കുടിയേറി



സെഞ്ചി കോട്ട

പാർക്കുകയും ചെയ്തു. കൃഷ്ണ ദേവരായർ ചെഞ്ചിയിലെ തൽക്കാല ഭരണാധികാരിയായി വ്യാപ്പനായക്കരെ നിയമിച്ചു. അദ്ദേഹത്തെ പിൻതുടർന്ന് കൃഷ്ണപ്പനായക്കർ രണ്ടാമൻ അധികാരമേറ്റു. ഇദ്ദേഹമാണ് യഥാർത്ഥത്തിൽ ചെഞ്ചിയിൽ നായക്കഭരണം ഏർപ്പെടുത്തിയത്.

## കൃഷ്ണപ്പനായക്കർ രണ്ടാമൻ

ഇദ്ദേഹം രാജ്യത്തെ പല പ്രദേശങ്ങളായി വിഭജിച്ചു. ഓരോ പ്രദേശവും ഓരോ അധികാരികൾ ഭരണം നടത്തി. ഇദ്ദേഹം ജനവാസത്തിനായി നഗരങ്ങൾ നിർമ്മിക്കുകയും കൃഷിയെ പ്രോൽസാഹിപ്പിക്കുകയും ചെയ്തു. ശക്തമായൊരു സൈന്യത്തെ പരിപാലിച്ചു പോന്നു. വെള്ളാർ നദീതീരത്ത് കൃഷ്ണപട്ടണമെന്ന നഗരം സ്ഥാപിച്ചു. അദ്ദേഹം എല്ലാ മതങ്ങളോടും സഹിഷ്ണത കാണിച്ചു. ചർച്ചുകൾ

സ്ഥാപിക്കുന്നതിന് വൈദികന്മാർക്ക് സഹായം നൽകി. ഇദ്ദേഹം സിത്തൂർ എന്ന സ്ഥലത്ത് ജൈനമതക്കാർക്ക് ക്ഷേത്രം നിർമ്മിക്കുവാനും ശൈവമതക്കാർക്ക് ദിണ്ഡിവനത്തിൽ ക്ഷേത്രം നിർമ്മിക്കുവാനും അനുവാദം നൽകി. ചിദംബരത്തിലെ ഗോവിന്ദരാജ ക്ഷേത്രം അദ്ദേഹം പുതുക്കി പണിതു. അദ്ദേഹത്തിന്റെ സൈനിക മേധാവിയായിരുന്ന വെങ്കട്ട ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ചെന്നസാഗരം എന്നൊരു തടാകം നിർമ്മിച്ചു.

കൃഷ്ണപ്പനായക്കർക്കു ശേഷം അധികാരത്തിൽ വന്നവർ അശക്തരും അപ്രാപ്തരുമായിരുന്നു. ബിജപ്പൂർ സുൽത്താനായ അലഅടിൽഷാ 1648-ാം ആണ്ട് മീർജുംലയെ ചെഞ്ചി ആക്രമിക്കാൻ ചുമതലപ്പെടുത്തി. അദ്ദേഹം ചെഞ്ചിയെ ആക്രമിക്കുകയും തോൽപിക്കുകയും നാസിർഖാനെ ഗവർണ്ണറായി നിയമിക്കുകയും ചെയ്തു. 1648-ൽ ഛത്രപതി ശിവജി ചെഞ്ചി ആക്രമിച്ചു കീഴടക്കി. ശിവജിക്കുശേഷം ചെഞ്ചി രജപുത്ര സൈന്യാധിപനായസ്വരൂപ് സിംഗിന്റെ കീഴിലായി. അദ്ദേഹം മുഗൾ രാജവംശത്തിന്റെ ആശ്രിതനായി പ്രവർത്തിക്കുകയും ആണ്ടുതോറും കപ്പവും നൽകിപോന്നു. സ്വരൂപ്സിംഗിനു ശേഷം അദ്ദേഹത്തിന്റെ പുത്രനായ രാജാദേസിംഗ് അധികാരമേറ്റു. ആർക്കാട്ട് നബാവായ സാദത്തുള്ള ഖാൻ ചെഞ്ചിയെ ആക്രമിച്ചു കീഴടക്കുകയും രാജദേസിംഗിനെ വധിക്കുകയും ചെഞ്ചിയെ ആർക്കാടിനോട് ചേർക്കുകയും ചെയ്തു. രാജാദേസിംഗിന്റെ ഭാര്യ സതി അനുഷ്ഠിച്ചു. ആ റാണിയുടെ ഓർമ്മക്കായി റാണിപെട്ട് എന്നനഗരം സ്ഥാപിച്ചു. അങ്ങനെ ചെഞ്ചിയിൽ നായക്കരുടെ ഭരണം അവസാനിച്ചു.

## നായക്കരുടെ ഭരണത്തിൻ കീഴിലെ തമിഴ്നാട് ഭരണം

നാക്കന്മാർ മധുര, ചെഞ്ചി, തഞ്ചാവൂർ പ്രദേശങ്ങളിൽ ഭരണം നടത്തി. നായക്കന്മാർ കാര്യക്ഷമമായ ഒരു ഭരണസംവിധാനം സ്ഥാപിച്ചെടുത്തു. രാജ്യത്തിന്റെ പരമാധികാരി രാജാവായിരുന്നു. രാജാവിനെ സാഹായിക്കാൻ മന്ത്രിസഭയുണ്ടാ യിരുന്നു. രാജ്യത്തെ പല പ്രദേശങ്ങളായും മണ്ഡലങ്ങളായും, ഗ്രാമങ്ങളായും വിഭജിച്ചിരുന്നു. പാളയം എന്ന സമ്പ്രദായം പിൻതുടർന്നു. ഭൂനികുതിയായിരുന്നു രാജ്യത്തിലെ മുഖ്യ വരുമാനമാർഗ്ഗം.

## സാമൂഹിക സാമ്പത്തിക നില

നായക്കർ വർണ്ണാശ്രമ സമ്പ്രദായത്തെ പിൻതുടർന്നു. ജാതി സമ്പ്രദായം കഠിനമായിരുന്നു. ബ്രാഹ്മണർ സമൂഹത്തിൽ ഉന്നതസ്ഥാനം വഹിച്ചിരുന്നു. വലതുകൈ ഇടതുകൈ സംഘട്ടനം തുടർന്നുകൊണ്ടിരുന്നു. ഗ്രാമീണർ അജ്ഞതയിലും ദാരിദ്രത്തിലും ജീവിച്ചുപോന്നു. വൈഗൈ താമ്രവർണ്ണി ഒഴികെയുള്ള ഭൂരിഭാഗവും വരണ്ട പ്രദേശങ്ങളായിരുന്നു. സാമ്പത്തിക നില കൃഷിയെ ആധാരമാക്കിയിരിന്നു. കൃഷി കാലവർഷത്തെ ആശ്രയിച്ചിരുന്നു. കൂടാതെ തടാകങ്ങൾ, കിണറുകൾ, കനാലുകൾ, നദികൾ എന്നിവ ജലസേചനത്തിന് സഹായമായിരുന്നു.

## കലയും ശില്പകലയും

നായക്കർ കലയുടെയും ശില്പകലയുടേയും സംരക്ഷകരായിരുന്നു. കൃഷ്ണപുരം ക്ഷേത്രം, തിരുനെൽവേലി നെല്ലയപ്പർ ക്ഷേത്രം, തെങ്കാശി വിശ്വനാഥക്ഷേത്രം, രാമേശ്വരം രാമനാഥക്ഷേത്രം,

ശ്രീവില്ലിപുതൂരിലെ വലിയ ഗോപുരം, എന്നിവ മധുര നായക്കരുടെ സംരക്ഷ ണത്തിലായിരുന്നു. വെള്ളിയാമ്പലം, വടക്കേഗോപുരം, ആയിരംകാൽ മണ്ഡപം, മൂർത്തി അമ്മൻ മണ്ഡപം സൂര്യമണ്ഡപം, വീരപ്പമണ്ഡപം എന്നിവ മധുരയിൽ കൃഷ്ണപ്പനായക്കരാൽ പുനർ നിർമ്മിക്കപ്പെടുകയും നവീ കരിക്കപ്പെടുകയും ചെയ്തവയാണ്. മീനാക്ഷി ക്ഷേത്രത്തിലെ ഗോപു രത്തിന് സ്വർണ്ണമേൽക്കൂര നിർമ്മിച്ചത് ഇദ്ദേഹമാണ്. തിരുമലൈ നായക്കർ പുതുമണ്ഡപം, മാരിയമ്മൻ ദർപ്പക്കുളം, നായക്കർ മഹാൽ എന്നിവ നിർമ്മിച്ചു. നായക്കർ മഹാൽ ഇറ്റാലിയൻ ശിൽപകലാകാരന്മാരുടെ സാഹായ ത്താൽ നിർമ്മിച്ചതാണ്. ഇത് ഇറ്റലി, ദ്രാവിഡ, യൂറോപ്പ്, മുസ്ലീം എന്നീ കലകളുടെ സങ്കരമാണ്. ഇത് തെക്കേ ഇന്ത്യയിലെ ഒരു അത്ഭുതമായി കരുതുന്നു. രാജ്ഞി മങ്കമ്മാൾ മധു രയിൽ മങ്കമ്മാൾ കൊട്ടാരം നിർമ്മിച്ചു.

തഞ്ചാവൂരിലെ സേവപ്പ നായക്കർ ക്ഷേത്രങ്ങളിലെ കേടുപാടുകൾ തീർക്കുകയും ശിവഗംഗ കോട്ട നിർമ്മി ക്കുകയും ചെയ്തു. തഞ്ചാവൂർ, വിരുദാ ചലം എന്നിവിടങ്ങളിലെ വലിയ മണ്ഡ പവും ഇദ്ദേഹത്തിന്റെ കാലത്ത് നിർമ്മിച്ചവയാണ്. അച്യുതപ്പ ശ്രീരംഗത്തെ ശ്രീനാഥ ക്ഷേത്രത്തിനും രാമേശ്വരത്തെ ശിവക്ഷേത്രത്തിനും സഹായം നൽകി പോന്നു. തിരുവണ്ണാമല അരുണാചലേശ്വർ ക്ഷേത്രത്തിന് ഗോപുരം പണി പൂർത്തിയാക്കിയത് ഇദ്ദേഹം ചിത്തമൂർ എന്ന സ്ഥലത്ത് ജൈനർക്ക് ജൈന മതക്ഷേത്രം നിർമ്മിക്കാൻ അനുവാദം നൽകി.

## സാഹിത്യം

സാഹിത്യവളർച്ചക്ക് നായക്കർ വളരെയധികം സംഭാവനകൾ നൽകി യിട്ടുണ്ട്. തിരുമലൈ നായക്കരുടെ ചിദംബര പുരാണം പരജ്യോതിയാരുടെ ചിദംബര പട്ടിയൽ, ഹരിദാന്റെ ഇരുമയ വിളക്കം ഉമർപുലവരുടെ ചീറാപുരാണം, കുമരഗുരുവിന്റെ കലിവെൺപ, തിരുവേങ്കടത്തിന്റെ മെയ്ജ്ഞാന വിളക്കം എന്നിവ നായക്കരുടെകാലത്തെപ്രമുഖസാഹിത്യ സംഭാവനകളാണ്.അങ്ങനെനായക്കരുടെ ഭരണം തമിഴ്നാട് ചരിത്രത്തിൽ ഒരു പ്രധാന സ്ഥാനം നേടിയിട്ടുണ്ട്.

## അഭ്യാസം

**I. ശരിയായ ഉത്തരം തെരെഞ്ഞെടുക്കുക.**

1. പാളയക്കാർ സമ്പ്രദായം നടപ്പിലാക്കിയ രാജാവ് __________.

അ)വിശ്വനാഥനായക്കർ ആ) രാജ്ഞിമങ്കമ്മാൾ ഇ) രഘുനാഥനായക്കർ

2. അരുണാചലേശ്വർ ക്ഷേത്രത്തിലെ ഗോപുരം പണി പൂർത്തിയാക്കിയത്

.____________ആണ് .

അ) തിരുമലൈ നായക്കർ ആ) അച്യൂതപ്പ ഇ) വിജയരാഘവ

3. ___________ന്റെഭരണകാലത്താണ് നാസികായുദ്ധം നടന്നത്.

അ)കൃഷ്ണനായക്കർ ആ)രാജ്ഞി മീനാക്ഷി ഇ))തിരുമലൈനായക്കർ

സാമൂഹ്യ ശാസ്ത്രം

4. ഉമർ പുലവർ എഴുതിയ കൃതി____________ആകുന്നു.

അ) കന്തർകളിവെൺപ ആ) ഇരുസമയവിളക്കം ഇ)ചീറാപുരാണം.

**II. പൂരിപ്പിക്കുക**

1.വിശ്വനാഥനായക്കർ നടപ്പിലാക്കിയ നികുതിസമ്പ്രദായം____________.

2. വിജയരംഗ ചൊക്കനാഥരുടെ രാജപ്രതിനിധിയായി പ്രവർത്തിച്ചത്__________.

3. തിരുച്ചിയിൽ രാജ്ഞി മീനാക്ഷിയെ തടവിലാക്കിയ രാജാവ്__________.

4. വിജയനഗര രാജാവിനെ തളിക്കോട്ട യുദ്ധത്തിൽ സഹായിച്ചത്__________.

**III. യോജിപ്പിക്കുക**

| | | |
|---|---|---|
| 1. തിരുമലൈനായക്കർ | - | മെയ്ജ്ഞാനവിളക്കം |
| 2. പരംജ്യോതി | - | ചീറാപുരാണം |
| 3. തിരുവേങ്കടം | - | ചിദംബരപുരാണം |
| 4. ഉമർപുലവർ | - | ചിദംബര പട്ടിയൽ |

**IV. ചുരുക്കി ഉത്തരം എഴുതുക**

1. രാജ്ഞി മങ്കമ്മാളെക്കുറിച്ച് ലഘു ഖണ്ഡിക എഴുതുക ?

2. രാജ്ഞി മീനാക്ഷിക്കും ചന്ദാസാഹിബിനും ഇടയിൽ നടന്ന യുദ്ധത്തെക്കുറിച്ച് ചുരുക്കി എഴുതുക ?

3. റാണിപേട്ട എന്ന സ്ഥലം എങ്ങനെയുണ്ടായി ?

**V. വിവരിച്ച് ഉത്തരം എഴുതുക**

1. തിരുമലൈ നായക്കരുടെ ഭരണത്തെക്കുറിച്ച് വിവരിക്കുക.

2. കലയിലും ശില്പകലയിലും നായക്കരുടെ സംഭാവനകൾ വിവരിക്കുക.

## രൂപീകരണ മൂല്യനിർണ്ണയം

1. നാടകം അഭിനയിക്കുക:
   രാജ്ഞി മങ്കമ്മാളുടെ ചരിത്രം നാടകമായി അഭിനയിക്കുക.
2. നായക്കന്മാരുടെ കെട്ടിടകലയെക്കുറിച്ചുള്ള ചിത്രങ്ങൾ ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കുക.
3. സാമ്പത്തിക നില, ഭരണരീതി, കലയും വാസ്തുശില്പ കലയും, സാഹിത്യം എന്നീ രംഗങ്ങളിൽ നായക്കന്മാരുടെ സംഭാവനകൾ വിവരിക്കുന്ന ചാർട്ട് തയ്യാറാക്കുക.
4. കൃഷ്ണപ്പനായക്കർ രാണ്ടമനെ സെഞ്ചിയിലെ മികച്ച രാജാവ് എന്ന് ചരിത്രകാരന്മാർ വിളിക്കാൻ കാരണമെന്ത്?

## 5. തഞ്ചാവൂരിൽ മറാത്തഭരണം (ക്രി.പി. 1676-ക്രി.പി.1856)

മധുര ഭരിച്ചിരുന്ന ചൊക്കനാഥ നായക്ക് തഞ്ചാവൂരിനെ ആക്രമിക്കുകയും അദ്ദേഹത്തിന്റെ ഒന്നുവിട്ട സഹോദരനായ അളഗിരിയെ അവിടത്തെ ഗവർണ്ണറായി നിയമിക്കുകയും ചെയ്തു. എന്നാൽ അളഗിരി ചൊക്കനാഥരോട് കലഹിക്കുകയും ബിജപ്പൂർ സുൽത്താനോട് ചെങ്കമലദാസിനെ നായക്കനായി നിയമിക്കാൻ അഭ്യർത്ഥിക്കുകയും ചെയ്തു. അതിനാൽ സുൽത്താൻ വെങ്കാജി (ഇക്കോജി)യെ തഞ്ചാവൂർ ആക്രമിക്കാൻ നിയോഗിച്ചു. അതിൽ അദ്ദേഹം വിജയിക്കുകയും തഞ്ചാവൂരിൽ മറാത്ത ഭരണം സ്ഥാപിക്കുകയും ചെയ്തു. ക്രി.പി. 1676 മുതൽ ക്രി.പി.1856-വരെ മറാത്തക്കാർ ഭരണം നടത്തി.

### ഇക്കോജി അഥവാ വെങ്കോജി

ഷാജിബോസലേ നിലേയുടേയും തുക്കാബായുയേയും പുത്രനായി രുന്നു ഇക്കോജി. ഈ സമയത്ത് സമ്പത്ത് ശേഖരണാർത്ഥവും ഹൈന്ദവ വിശ്വസ പ്രചരണാർത്ഥവും ശിവജി കർണ്ണാടകത്തിലേക്ക് പടയോട്ടം നടത്തി. അദ്ദേഹം ഗോൽക്കൊണ്ട, ചെഞ്ചി എന്നിവ ആക്രമിച്ചു കീഴടക്കി. തഞ്ചാവൂരിലേക്ക് പടനയിച്ച് ഇക്കോജിയോട് കപ്പം ചോദിച്ചു. ഇത് തോൽവിയിൽ കലാശിച്ചു. ആയതിനാൽ ശിവജി കൊല്ലിടത്തെ ആക്രമിച്ച് ശാന്താജിയെ അവിടത്തെ വൈസ്രോയിയായി നിയമിച്ചു. എന്നാൽ ശിവജിയുടെ മടക്കയാത്രയ്ക്കു ശേഷം വെങ്കോജി ഈ പ്രദേശത്തെ തിരിച്ചു പിടിക്കുകയും അവിടെ ഭരണം നടത്തുകയും ചെയ്തു.

### ഷാജി -II.

ഷാജി രണ്ടാമൻ വെങ്കോജിയുടെ പുത്രനായിരുന്നു. അദ്ദേഹം ഒരു ധീഷണശാലിയും പ്രഗൽഭനായ ഭരണാധികാരിയുമായിരുന്നു. അദ്ദേഹം മുധരയെ തന്റെ രാജ്യത്തോട് കൂട്ടിചേർത്തു. അദ്ദേഹം പണ്ഡിതന്മാരെ സംരക്ഷിച്ചു പോന്നു. അദ്ദേഹം ആശുപത്രികൾ ആരംഭിക്കുകയും ഹൈദരബാദ് അറേബ്യ എന്നിവടങ്ങളിൽ നിന്നും ഭിഷഗ്വരന്മാരെ കൊണ്ടു വരികയും ചെയ്തു. ഇദ്ദേഹത്തനു ശേഷം ഷെർഫോജി ഒന്നാമനും അതിനുശേഷം തുക്കാജിയും ഭരണം നടത്തി. തുക്കാജിക്ക് പിൻ തലമുറക്കാർ ഇല്ലായിരുന്നു. ആയതിനാൽ തുക്കാജിക്കു ശേഷം പിൻതുടർച്ച അവകാശ യുദ്ധം നടന്നു. ഈ യുദ്ധത്തിൽ പ്രതാപ്സിംഗ് കർണ്ണാടക നബാവിന്റെ സഹായത്തോടെ സിംഹാസനാരോഹണം നടത്തുകയും രാജ്യത്തിന്റെ ഐക്യവും, സ്ഥിരതയും നില നിറുത്തുകയും ചെയ്തു.

1763-ൽ തുൾജാജി അധികാരത്തിൽവന്നു. അദ്ദേഹത്തിന്റെ ഭരണകാലത്ത് തഞ്ചാവൂരിനും രാമനാഥപുരത്തിനുമിടയിൽ അതിർത്തി തർക്കം ഉണ്ടായി. രാമനാഥപുരം ആർക്കാട് നബാവിന്റെ സഹായം തേടി. അതിനാൽ നബാവ് തഞ്ചാവൂരിനെ ആക്രമിച്ചു. തഞ്ചാവൂർ കർണ്ണാടക നബാവിന്റെ നിയന്ത്രണത്തിലായി. ഈ സംഭവങ്ങൾ ഇംഗ്ലീഷ്

ഈസ്റ്റിന്ത്യാകമ്പനിയുടെ ശ്രദ്ധയിൽ കൊണ്ടുവരപ്പെട്ടു. കമ്പനി മദ്രാസ് ഗവർണ്ണറോട് തുൾജാജിയെ രാജാവായി പുനഃസ്ഥാപിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അങ്ങനെ തുൾജാജി തഞ്ചാവൂരിലെ രാജാവാകുകയും കമ്പിയുടെ ആശ്രിതനായി ഒരു കമ്പി പട്ടാളത്തെ സമാധാനത്തിനായി പരിപാലിക്കുകയും ചെയ്തു.

## അമർസിംഗും സെർബോജി -II.

തുൾജാജിക്കുശേഷം അദ്ദേഹത്തിന്റെ ദത്തു പുത്രനായ സെർബോജി രണ്ടാമൻ ക്രി.പി. 1787-ൽ അധികാരത്തിൽ വന്നു. അമർസിംഗ് രാജപ്രതിനിധിയായി ഭരണം നടത്തി. അമർസിംഗ് സിംഹാസനത്തിനു അവകാശം ഉന്നയിക്കുകയും സെർബോജിയുടെ ദത്തുപുത്ര അവകാശം നിയമ വിരുദ്ധമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഇംഗ്ലീഷുകാർ അമർസിംഗിനോട് കൂറുപുലർത്തി. അങ്ങനെ അമർസിംഗ് തഞ്ചാവൂരിലെ ഭരണാധികാരിയായി. ബ്രിട്ടീഷുകാരുടെ ആശ്രിതനായി ഭരണം നടത്തിയ അദ്ദേഹത്തെ ഗവർണ്ണർ ജനറൽആയിരുന്ന കോൺവാലിസ് പ്രഭു നീക്കുകയും സെർബോജി രണ്ടാമനെ രാജാവായി നിയമിക്കുകയും ചെയ്തു. എന്നാൽ വെല്ലസ്ലിപ്രഭുവിന്റെ കാലത്ത് സെർബോജി രണ്ടാമൻ ഒരു പെൻഷൻകാരനായി തരം താഴ്ത്തപ്പെട്ടു. തഞ്ചാവൂരിലെ കാര്യങ്ങൾ കമ്പനി നേരിട്ട് നിയന്ത്രിക്കുകയും രണ്ടുപേരും പെൻഷൻകാർ മാത്രമായിത്തീരുകയും ചെയ്തു.

സെർബോജി രണ്ടാമന്റെ പുത്രനായ ശിവാജി രണ്ടാമൻ 1799-ാമാണ്ട് തഞ്ചാവൂരിന്റെ ഭരണാധികാരിയായി. ശിവജി രണ്ടാമൻ ഇദ്ദേഹത്തിന്റെ ഭരണം 1855 വരെ നിലനിന്നു. ഇദ്ദേഹത്തിന് പുത്രന്മാർ ഇല്ലായിരുന്നു. ഡൽഹൗസിപ്രഭുവിന്റെ ദത്തപഹാര നയമനുസരിച്ച് ആശ്രിത രാജ്യങ്ങളിലെ രാജാക്കന്മാർക്ക് പുത്രസന്താനങ്ങളില്ലാതിരുന്നാൽ ആ രാജ്യം സ്വമേധയാ ബ്രിട്ടീഷ് സാമ്രാജ്യത്തോട് ചേർക്കപ്പെടും. ഇതിൻ പ്രകാരം 1856-ൽ തഞ്ചാവൂർ ബ്രിട്ടീഷ് സാമ്രാജ്യത്തോട് ചേർക്കപ്പെട്ടു. അങ്ങനെ തഞ്ചാവൂരിൽ മറാത്ത ഭരണം അവസാനിച്ചു.

## മറാത്തക്കാരുടെ കീഴിൽ തമിഴ്നാട്

ക്രി.പി. 1676 മുതൽ 1856 വരെ മറാത്തക്കാർ തഞ്ചാവൂരിൽ ഭരണം നടത്തി. തമിഴ്നാട്ടിലെ ഫലപുഷ്ടിയുള്ള ഒരു പ്രദേശമാണ് തഞ്ചാവൂർ. കൃഷിയായിരുന്നു അവിടത്തെ പ്രധാന തൊഴിൽ.ഭരണ സമ്പ്രദായത്തിൽ പുരോഹിതർക്ക് ഉന്നതസ്ഥാനം ഉണ്ടായിരുന്നു. അവർ പണ്ഡിതരെ സംരക്ഷിച്ചുപോന്നു. രാമഭദ്ര ദീക്ഷിതരും, ഭാസ്കരദീക്ഷിതരും പ്രസിദ്ധരായ സംസ്കൃത കവികളായിരുന്നു. കവിയെന്നും ആന്ധ്രകാളിദാസ് എന്ന് അറിയപ്പെടുന്ന അല്ലൂരി കുപ്പണ്ണ തുൾജാജിജിയാൽ ആദരിക്കപ്പെട്ടു. ഛായചിത്രം , സംഗീതം, തത്വശാസ്ത്രം, വാനശാസ്ത്രം, നൃത്തം എന്നിവയെ തുൾജാജി പ്രോൽസാഹിപ്പിച്ചു. തഞ്ചാവൂരിൽ സരസ്വതിമഹാൾ സെർബോജിരണ്ടാമനാൽ സ്ഥാപിക്കപ്പെട്ടു. ഇത് ഉന്നത വിദ്യാഭ്യാസ കേന്ദ്രമായും ഗവേഷണ കേന്ദ്രമായും സേവനം ചെയ്തുപോരുന്നു. ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമൻ. ഗ്രീക്ക്, സംസ്കൃത പുസ്തകങ്ങളും പനയോല കൈയ്യെഴുത്തു പ്രതികളും ഇവിടെയുണ്ട്. ഇത് തെക്കെ ഇന്ത്യയിലെ ഒരു വലിയ ഗ്രന്ഥശാലയാണ്.

## പാളയക്കാരുടെ വിപ്ലവം (ക്രി.പി. 1799.)

വിജയനഗര സാമ്രാജ്യത്തിന്റെ പതന ശേഷം മുഗളന്മാരുടെ അധിപത്യം തെക്കെ ഇന്ത്യയിൽ സ്ഥാപിതമായി. മുഗളന്മാരുടെ പ്രതിനിധിയായി ആർക്കാട് നവാബ് ഭരണം നടത്തിവന്നു. അദ്ദേഹത്തിന് പാളയക്കാരിൽ നിന്നും നികുതി പിരിച്ചെടുക്കാനുള്ള അധികാരം ലഭ്യമായി. എന്നാൽ അദ്ദേഹം ശരി യായ രീതിയിൽ കരം പിരിച്ചെടു ത്തില്ല. കൂടാതെ അദ്ദേഹം ബ്രിട്ടീഷുകാരിൽ നിന്നും പണം കടംവാങ്ങുകയും ചെയ്തു. 1792-ൽ കമ്പനി നവാബു മായി ഒരു കരാറിൽ ഏർപ്പെടുകയും പാളയക്കാരിൽ നിന്നും നേരിട്ട് കരം പിരിക്കാനുള്ള അവകാശം നേടിയെ ടുക്കുകയും ചെയ്തു. കരം പിരിക്കു ന്നതിനായി കമ്പനി കലക്ടർമാരെ നേരിട്ട് നിയമിക്കുകയും ചെയ്തു. ബ്രിട്ടീഷുകാർ പിൻതുടർന്ന ഈ നടപടിയെ പാളയക്കാർ എതിർത്തു. ബ്രിട്ടീഷുകാർക്കെതിരെ ആദ്യമായി ശബ്ദമുയർത്തിയത് കട്ടബൊ മ്മനാണ്.

## വീരപാണ്ഡ്യ കട്ടബൊമ്മൻ

കട്ടബൊമ്മന്റെ മുൻഗാമികൾ ആന്ധ്രപ്രദേശക്കാരായിരുന്നു. അവർ ക്രി.പി. 11-ാം നൂറ്റാണ്ടിൽ തമിഴ്നാട്ടിൽ കുടിയേറി പാർത്തു. ഭൂവുടമ സമ്പ്രദായപ്രകാരം പാണ്ഡ്യരാജാവിന്റെ കീഴിൽ ജഗവീര പാണ്ഡ്യൻ വീര പാണ്ഡ്യപുരം ഭരിച്ചുവന്നു. അദ്ദേഹത്തിന്റെ തലസ്ഥാനം പാഞ്ചാലം കുറുച്ചിയായിരുന്നു. ഇവിടം നായക്കന്മാരുടെ കീഴിലുണ്ടായിരുന്ന ഒരു പാളയമായിരുന്നു. ജഗവീരപാണ്ഡ്യനുശേഷം അദ്ദേഹത്തിന്റെ മകനായ വീരപാണ്ഡ്യ കട്ടബൊമ്മൻ അധികാരത്തിൽ വന്നു.



വീരപാണ്ഡ്യ കട്ടബൊമ്മൻ

ക്രി.പി. 1761-ൽ വീരപാണ്ഡ്യ കട്ടബൊമ്മൻ ജനിച്ചു. 1790-ൽ അധികാരത്തിൽ വന്നു. അദ്ദേഹത്തിന്റെ ഭാര്യ ജക്കമ്മയും സഹോദരൻ ഊമദുരൈയുമായിരുന്നു. കട്ടബൊമ്മൻ ബ്രിട്ടീഷ്കമ്പനിക്ക് കപ്പം നൽകുവാൻ വിസമ്മതിക്കുകയും അതിൽ കുടിശ്ശിക വരുത്തുകയും ചെയ്തു. രാമനാഥപുരം കലക്ടറായിരുന്ന ജാക്സൺ കത്തയയ്ക്കുകയും നേരിട്ട് ഹാജരായി മുഴുവൻ കുടിശ്ശികയും ചെലുത്തുവാൻ ആവശ്യപ്പെടുകയും ചെയ്തു. കട്ടബൊമ്മൻ ആവശ്യം നിരസിക്കുകയും "മഴപെയ്യുന്നു ഭൂമി വിളയുന്നു". നാമെന്തിന് ബ്രിട്ടീഷ്കാർക്ക് കപ്പം കൊടുക്കണമെന്ന് വാദിക്കുകയും ചെയ്തു. ഇത് കലക്ടറുടെ കോപത്തെ വർദ്ധിപ്പിച്ചു. പിന്നീട് കലക്ടറെ നേരിൽ കണ്ട് പ്രശ്നം രമ്യമായി പരിഹരിക്കാൻ തീരുമാനിച്ചു. ആ സമയം കലക്ടർ തിരുനെൽവേലി ജില്ലയിൽ പര്യടനം നടത്തുകയായിരുന്നു. കട്ടബൊമ്മൻ തിരുകുറ്റാലത്തുപോയി ജാക്സനെ

കാണാൻ ശ്രമിച്ചു. എന്നാൽ അദ്ദേഹം വിസമ്മതിച്ചു. പിന്നീട് 23 ദിവസങ്ങൾക്കുശേഷം കട്ടബൊമ്മൻ അപമാനിക്കപ്പെടുക മാത്രമല്ല അദ്ദേഹത്തെ തടവിലാക്കാനും ശ്രമം നടന്നു. എന്നാൽ സഹോദരനായ ഊമദുരൈയുടെ സഹായത്തോടെ അവിടെ നിന്നും കട്ടബൊമ്മൻ രക്ഷപ്പെട്ടു.

അതിനുശേഷം ബ്രിട്ടീഷുകാരുടെ ആധിപത്യത്തെ നശിപ്പിക്കുന്നതിനായി ശിവഗംഗയിലെ മരുതു സഹോദരന്മാരുമായി ഒരു ഉടമ്പടിയിലേർപ്പെട്ടു. പല പാളയക്കാരും കട്ടബൊമ്മനോട് ചേർന്നു. കട്ടബൊമ്മന്റെ പ്രവർത്തനങ്ങൾ ബ്രിട്ടീഷുകാരിൽ ഭീതി ഉളവാക്കി. ആയതിനാൽ ബ്രിട്ടീഷുകാർ കട്ടബൊമ്മനെതിരെ യുദ്ധത്തിന് തീരുമാനം കൈകൊണ്ടു. മേജർ ബാനർമാൻ കട്ടബൊമ്മനെതിരെ പടനയിച്ചു. അദ്ദേഹം തിരുനെൽവേലിയിൽ എത്തുകയും തന്നെ വന്നു കാണണ മെന്ന് കട്ടബൊമ്മനോട് ആവശ്യപ്പെടുകയും ചെയ്തു. കട്ടബൊമ്മൻ ഈ ആവശ്യം നിരസിച്ചു. കുപിതനായ ബാനർമാൻ പാഞ്ചാലംകുറിച്ചിയുടെമേൽ യുദ്ധം തൊടുത്തു. കല്ലാർപെട്ടി എന്ന സ്ഥലത്തുവച്ച് കട്ടബൊമ്മന്റെ സൈന്യത്തിന് തോൽവി സംഭവിച്ചു. കട്ടബൊമ്മനും അദ്ദേഹത്തിന്റെ സഹോദരനും പുതുക്കോട്ടയിലേക്ക് രക്ഷപ്പെട്ടു. പുതുക്കോട്ടയിലെ രാജാവായ വിജയരഘുനാഥ തൊണ്ടൈമാൻ കട്ടബൊമ്മനെ പിടികൂടുകയും ബ്രിട്ടീഷുകാർക്ക് കൈമാറുകയും ചെയ്തു. കട്ടബൊമ്മനെതിരെ ഒരു അന്വേഷണ സമിതിയെ നിയമിക്കുകയും അദ്ദേഹം കുറ്റവാളിയെന്ന് ആരോപിക്കപ്പെടുകയും ചെയ്തു. 1799 ഒക്ടോബർ 16-ാം തിയതി കയത്താർ എന്ന സ്ഥലത്തുവച്ച് അദ്ദേഹത്തെ തൂക്കിലേറ്റി. തന്റെ ജീവനെ തുച്ഛമെന്നു കരുതിയ ആ ദേശസ്നേഹിയുടെ ധീരതയും, ശൗര്യവും പോറ്റപ്പെടേണ്ടതാണ്. അദ്ദേഹത്തിന്റെ ബന്ധുക്കളെ പിടികൂടുകയും കഠിനശിക്ഷക്ക് വിധേയരാക്കുകയും ചെയ്തു. പാളയക്കാരുടെ കലഹം അടിച്ചമർത്തപ്പെട്ടു എന്നാൽ ഇത് തീർത്തും നശിപ്പിക്കപ്പെട്ടില്ല.

## ദക്ഷിണേന്ത്യൻ വിപ്ലവങ്ങൾ ക്രി.പി. 1800-1801

### കാരണങ്ങൾ

ദക്ഷിണേന്ത്യൻ വിപ്ലവമെന്നത് കമ്പനി ഭരണത്തിനെതിരെ കുമിഞ്ഞുകൂടിയ വെറുപ്പിന്റേയും വിദ്വേഷത്തിന്റേയും ബഹിർഗമന മായിരുന്നു ഭരണകാര്യങ്ങളിൽ കമ്പനിയുടെ ഇടപെടൽ നിമിത്തം പ്രാദേശിക ഭരണാധികാരികളുടെ അധികാരത്തിനും അഭിമാനത്തിനും ക്ഷതം സംഭവിച്ചു. രാജാക്കന്മാർക്കും, പാളയക്കാർ ക്കും സമൂഹത്തിലുണ്ടായിരുന്ന ബഹുമാനവും അന്തസ്സും നഷ്ട പ്പെട്ടു. കമ്പനിയുടെ ഭരണത്തിലുള്ള ശത്രുതാമനോഭാവം, നികുതി പിരിക്കുന്നതിലുള്ള കർക്കശത്വം, അധികാരമനോഭാവം എന്നിവ ജനങ്ങളെ സാരമായിബാധിച്ചു. ലാഭേച്ഛ, വ്യാപാരമനോഭാവം, നികുതി വർദ്ധന എന്നിവ ജനങ്ങളിൽ വിരോധം വളർത്തി. കട്ടബൊമ്മൻ അവഹേളിക്കപ്പെട്ടതും അദ്ദേഹത്തിന്റെ ബന്ധുക്കൾ കഠിനമായി ശിക്ഷിക്കപ്പെട്ടതും വിപ്ലവം ഒഴിവാക്കാൻ പറ്റാത്തതാക്കി.

### മരുതു പാണ്ഡ്യരുടെ ദക്ഷിണേന്ത്യൻ സംഘടന

ശിവഗംഗയെ ഭരിച്ചിരുന്ന മുത്തുവടുകനാഥ ദേവരുടെ കീഴിൽ

പട്ടാളക്കാരനായിരുന്നു മരുതു പാണ്ഡ്യൻ. ഇദ്ദേഹം ദക്ഷിണേന്ത്യൻ വിപ്ലവത്തിന്റെ കഥാനായകനാണ്. കട്ടബൊമ്മൻ തൂക്കിലിടപ്പെട്ടതിനുശേഷം അദ്ദേഹത്തിന്റെ സഹോദരനായ ഊമദുരൈക്കും കൂട്ടുകാർക്കും അഭയം കൊടുത്തത് ഇദ്ദേഹമാണ്. ഈ പ്രവൃത്തി ഇംഗ്ലീഷുകാർക്ക് ഇഷ്ടമായില്ല. മരുതുപാണ്ഡ്യനും ഇംഗ്ലീഷുകാർക്കും തമ്മിൽ സംഘട്ടനം ഉണ്ടാകുന്നതിന് ഇത് വഴിതെളിച്ചു. ഇംഗ്ലീഷ് സൈന്യാധിപനായ അഗ്നിയൂവിന്റെ നേതൃത്വത്തിൽ മരുതുപാണ്ഡ്യനെതിരെ അയച്ചു. സാഹചര്യങ്ങളുടെ അടിയന്തര നില മനസ്സിലാക്കിയ മരുതു പാണ്ഡ്യൻ ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. ഇന്ത്യാക്കാരെ ഇംഗ്ലീഷുകാർക്കെതിരായി അണിനിരത്താൻ പരിശ്രമിച്ചു. ആ വിളംബരത്തിന്റെ ഒരു പകർപ്പ് തിരുച്ചി നവാബിന്റെ കോട്ടവാതിൽക്കൽ പതിച്ചു. മറ്റൊരു പകർപ്പ് ശ്രീരംഗം വൈഷ്ണവ ക്ഷേത്രവാതിലിലും പതിച്ചു. ജാതിമതഭേദമെന്യേ ഏവരും ഒന്നുചേർന്ന് ഇംഗ്ലീഷുകാർക്കെതിരെ സമരം ചെയ്യാൻ ഇദ്ദേഹം ജനങ്ങൾക്ക് ആഹ്വാനം നൽകി.

1801 മേയ് 29-ാം തീയതി വിപ്ലകാരികൾക്കും ഇംഗ്ലീഷുകാർക്കുമിടയിൽ യുദ്ധം ആരംഭിച്ചു. ദിണ്ടുക്കൽ, രാമനാഥപുരം, മധുര എന്നീ സ്ഥലങ്ങളിൽ വെച്ച് വിപ്ലവകാരികൾ ഇംഗ്ലീഷുകാരാൽ പരാജയപ്പെട്ടു. അപ്പോൾ മരുതുപാണ്ഡ്യൻ സിംഹം പുനരികാട്ടിൽ ഒളിച്ചിരുന്നു. നിർഭാഗ്യവശാൽ പുതുക്കോട്ട രാജാവ് ഇദ്ദേഹത്തെ അറസ്റ്റു ചെയ്ത് ഇംഗ്ലീഷുകാർക്ക് കൈമാറി. 1801 ഒക്ടോബർ 24-ാം തീയതി മരുതുപാണ്ഡ്യനെ തൂക്കിലേറ്റി. 1801 നവംബർ 16-ന് ഊമദുരയെയും തൂക്കിലേറ്റി. ഇപ്രകാരം വിപ്ലവം അപ്രതീക്ഷിതമായി പരാജയം ഏറ്റുവാങ്ങി.

## അഭ്യാസം

### I. ശരിയായ ഉത്തരം തെരെഞ്ഞെടുക്കുക

1 __________യുടെ പുത്രനായിരുന്നു ഇക്കോജി

അ) ഷാജിബോൺസലേ ആ) ശിവജി ഇ) സാംബോജി

2. സരസ്വതി മഹാൽ സ്ഥാപിച്ചത് ____________.

അ) വിശ്വനാഥനായക്ക് ആ) തിരുമലൈനായക്ക് ഇ) സർബോജി -II

3. പാഞ്ചാലം കുറിച്ചിയെ ഭരിച്ചത്__________.

അ) ഷാജി II ആ) സേതുപതി ഇ) കട്ടബൊമ്മൻ

4. വീരപാണ്ഡ്യകട്ടബൊമ്മൻ.__________സ്ഥലത്ത് കഴുകിലേറ്റപ്പെട്ടു.

അ) ശിവഗംഗ 2. കയത്താർ ഇ) കാളിയാർകോവിൽ

## II. വിട്ടസ്ഥലം പൂരിപ്പിക്കുക

1. ____________നിയമപ്രകാരം ഡൽഹൗസി തഞ്ചാവൂരിനെ ബ്രിട്ടീഷ്സാമ്രാജ്യത്തോട് ചേർത്തു.

2. തുൾജാജിയാൽ ആദരിക്കപ്പെട്ട തെലുങ്കുകവി __________ആകുന്നു.

3. വീരപാണ്ഡ്യകട്ടബൊമ്മൻ ബ്രിട്ടീഷ് കലക്ടറായ_________നാൽ അപമാനിക്കപ്പെട്ടു.

4. കട്ടബൊമ്മൻ തൂക്കിലിടപ്പെട്ട വർഷം___________.

## III. യോജിപ്പിക്കുക

| | |
|---|---|
| 1. ഭാസ്കര ദീക്ഷിതർ | രാമനാഥപുരം കലക്ടർ |
| 2. ജാക്സൺ | 1801 |
| 3. ദക്ഷിണേന്ത്യൻ വിപ്ലവം | ബ്രിട്ടീഷ്കേണൽ |
| 4. ബാനർമാൻ | തഞ്ചാവൂർ മറാത്തരാൽ സംരക്ഷിക്കപ്പെട്ടു. |

## IV. ചുരുക്കി ഉത്തരം എഴുതുക

1. ഷാജി രണ്ടാമനെക്കുറിച്ച് ഒരു ഖണ്ഡിക എഴുതുക

2. സെർബോജി രണ്ടാമനെക്കുറിച്ച് കുറിപ്പ് എഴുതുക

3. പഞ്ചാലം കുറിച്ചി യുദ്ധത്തിനുള്ള കാരണങ്ങൾ

## V. വിവരിച്ച് ഉത്തരം എഴുതുക

1. വീരപാണ്ഡ്യ കട്ടബൊമ്മനെക്കുറിച്ച് വിവരിക്കുക

2.ദക്ഷിണേന്ത്യൻ വിപ്ലവത്തെക്കുറിച്ച് വിവരിക്കുക.

## രൂപീകരണ മൂല്യനിർണ്ണയം

1. **ആൽബം തയ്യാറാക്കൽ**

   **തഞ്ചാവൂർ കെട്ടിടകലയെക്കുറിച്ചുള്ള ആൽബം തയ്യാറാക്കുക**

2. **അഭിനയിച്ചു കാണിക്കൽ:**

   **"വീരപാണ്ഡ്യ കട്ടബൊമ്മൻ", എന്നിവരുടെ ധീരതയെ കാണിക്കുന്ന വിധത്തിൽ ലഘുനാടകം അഭിനയിക്കുക.**

## 6. വെല്ലൂർ കലാപം - 1806

ദക്ഷിണേന്ത്യൻ വിപ്ലവം ക്രി.പി. 1801-ൽ അവസാനിച്ചു. എന്നാൽ അതിന്റെ ആഘാതം ജനഹൃദയങ്ങളിൽ നിന്നും മാഞ്ഞുപോയില്ല. ബ്രിട്ടീഷുകാർ മദ്രാസ് സംസ്ഥാനത്ത് എതിർക്കാൻ കഴിയാത്ത ഭരണാധിപന്മാരായി തീർന്നു. അക്കാലത്ത് വില്യം ബെന്റിക്ക് പ്രഭു മദ്രാസ് സംസ്ഥാനത്തിന്റെ ഗവർണ്ണറായും ജോൺ ക്രഡോക്ക് സൈനിക മേധാവിയായും വർത്തിച്ചു. അദ്ദേഹത്തിന്റെ സൈനിക പരിഷ്കാരങ്ങൾ വെല്ലൂർ കലാപത്തിന് കാരണമായി.

### വിപ്ലവത്തിനുള്ള കാരണങ്ങൾ

ടിപ്പുസുൽത്താന്റെ മരണശേഷം വെല്ലൂർകോട്ടയിൽ അടയ്ക്കപ്പെട്ട അദ്ദേഹത്തിന്റെ കുടുംബക്കാരാൽ വിപ്ലവകാരികൾ സ്വാധീനിക്കപ്പെട്ടു. ബ്രിട്ടീഷു പട്ടാളത്തിലേയ്ക്ക് വൻതോതിൽ ആളുകളെ ചേർത്തത് ജനങ്ങളുടെ ഇടയിൽ പലസംശയങ്ങളേയുമുണ്ടായി. കോട്ടയിലുണ്ടായിരുന്ന ശിപായികളിൽ അധികവും പുലിത്തേവൻ, കട്ടബൊമ്മൻ, മരുതു സഹോദരൻ എന്നീ മഹാന്മാരായ നേതാക്കളുടെ മരണത്തിനുശേഷം വന്നവരാണ്. അവരുടെ വേർപാട് വിപ്ലവകാരികളുടെ മനസ്സിൽ ആഗാധമുറിവുകൾ ഉണ്ടാക്കി. തമിഴ്, കന്നഡ എന്നിവ സംസാരിക്കുന്ന ദേശത്തെ വിപ്ലവകാരികൾ തങ്ങളുടെ പൊതുലക്ഷ്യത്തിനും, പരസ്പര സഹകരണത്തിനുവേണ്ടി വെറ്റില കൈമാറി.

കഠിനമായ നിയന്ത്രണങ്ങൾ, പുതിയ ആയുധങ്ങൾ പുതിയ രീതിയിലുള്ള വസ്ത്രധാരണം എന്നിവ ബ്രിട്ടീഷുകാർക്കെതിരെ വെറുപ്പ് ഉണ്ടാകുന്നതിനു കാരണമായി. ഹിന്ദുശിപായികൾ കർണ്ണാഭരണങ്ങൾ ധരിക്കുന്നതും, നെറ്റിയിൽ മതചിഹ്നങ്ങൾ ഉപയോഗിക്കുന്നതും നിരോധിക്കപ്പെട്ടു. മുസ്ലീമുകൾ താടി വടിക്കുന്നതിനും മീശ മുറിക്കുന്നതിനും നിർബന്ധിക്കപ്പെട്ടു. ഇത് പട്ടാളക്കാരുടെ ഇടയിൽ ശക്തമായ വെറുപ്പ് ഉളവാക്കി.

ജനറൽ ആഗിന്യൂ ടർബൻ എന്ന സമ്പ്രദായം ഹിന്ദു മുംസ്ലീംഗങ്ങൾക്ക് പല ദോഷങ്ങളുമുണ്ടാക്കി. അതിനാൽ ശിപായികൾ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിക്കെതിരായി കലഹത്തിലേർപ്പെട്ടു. പുതുതായി രൂപപ്പെടുത്തിയ തൊപ്പികൾ ധരിക്കാൻ വിസമ്മതിച്ച ശിപായികൾക്ക് 500-900 വരെ ചാട്ടവാറടികൾ നൽകുകയും അവരെ ജോലിയിൽ നിന്നും പിരിച്ചുവിടുകയും ചെയ്തു.

### വിപ്ലവത്തിന്റെ ഗതി

ടിപ്പുസുൽത്താന്റെ പുത്രൻ വിപ്ലവത്തിന് പ്രേരണനൽകുകയും രഹസ്യമായി പദ്ധതി തയാറാക്കുകയും ചെയ്തു. 1806 ജൂലായ് 9-ാം തിയതി കോട്ടയ്ക്കുള്ളിൽ ടിപ്പുസുൽത്താന്റെ മകളുടെ വിവാഹ ആഘോഷച്ചടങ്ങുകൾ നടന്നു കൊണ്ടിരുന്നപ്പോൾ അതിൽ പങ്കെടുക്കാൻ വിപ്ലവകാരികൾ ഒത്തുകൂടി. ജൂലായ് 10-ാം തിയതി വിവാഹ ആഘോഷവേളയിൽ വിപ്ലവകാരികൾ ബ്രിട്ടീഷ് അധികാരികളെയും, ബ്രിട്ടീഷ് പട്ടാളക്കാരെയും ആക്രമിക്കുകയും നേരം പുലർന്നപ്പോൾ കലാപകാരികൾ

കോട്ടയെ പരിപൂർണ്ണനിയന്ത്രണത്തിലാക്കുകയും കോട്ട മുകളിൽ ടിപ്പു സുൽത്താന്റെ കൊടി ഉയർത്തുകയും ടിപ്പുവിന്റെ മകനെ രാജാവായി പ്രഖ്യാപിക്കുകയും ചെയ്തു.



വേലൂർ കോട്ട

കോട്ടയ്ക്ക് പുറത്തായിരുന്ന മേജർ കൂട്ട്സ്ആർക്കാടിലേക്ക് കുതിക്കുകയും ജനറൽ ഗില്ലസ്ബിന് വിവരം കൈമാറുകയും ചെയ്തു. അദ്ദേഹം വലിയൊരു സേനയുമായി കോട്ടയിൽ പ്രവേശിക്കുകയും വിപ്ലവകാരികളെ ആക്രമിക്കുകയും 800 ലധികം കലാപകാരികളെ വെടിവച്ചു കൊല്ലുകയും ചിലരെ തൂക്കിലിടുകയും ചെയ്തു. അങ്ങനെ ജനറൽ ഗില്ലസ്ബിയാൽ വിപ്ലവം അടിച്ചമർത്തപ്പെട്ടു. കോട്ട യിൽ സമാധാനം പുനസ്ഥാപിക്കുപ്പെടുകയും നിയന്ത്രണം ബ്രിട്ടീഷുകാർ ഏറ്റെടുക്കുകയും ചെയ്തു.

## വിപ്ലവം തോൽക്കാനുള്ള കാരണങ്ങൾ

വേലൂർ കലഹം തോൽവിയടഞ്ഞു ഈ തോൽവിക്ക് പല കാരണങ്ങളുണ്ടായിരുന്നു.

ശരിയായ നേതൃത്വമില്ലായ്മയാൽ വിപ്ലവം ശരിയായ രീതിയിൽ നയിക്കപ്പെട്ടില്ല. ടിപ്പുവിന്റെ മകന് ശരിയായ യുദ്ധപരിശീലനം ഇല്ലായിരുന്നു. കാരണം അദ്ദേഹം ജീവിതത്തിന്റെ ഭൂരിഭാഗവും ജയിലിലാണ് ചിലവഴിച്ചത്. വിപ്ലവകാരികൾക്ക് സ്വദേശ ഭരണാധികാരികളിൽ നിന്നും തക്കസമയത്ത് സഹായം ലഭിച്ചില്ല.

## ഫലങ്ങൾ

വിപ്ലവകാരികളെ പിടികൂടുകയും ജയിലിലടക്കുകയും ചെയ്തു. ടിപ്പുവിന്റെ കുടുംബത്തെ കൽക്കട്ടാ ജയിലിലേക്ക് മാറ്റിപാർപ്പിച്ചു. ആറുവർഷത്തോളം അവിടെ താമസിപ്പിക്കുകയും ചെയ്തു. ഈ വിപ്ലവം ബ്രിട്ടീഷുകാരോടുള്ള പ്രതികാര മനോഭാവത്തേയും ദേശസ്നേഹത്തേയും വെളിപ്പെടുത്തി. ഈ വിപ്ലവം പരാജയപ്പെട്ടെങ്കിലും 1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിന്റെ മുന്നോടിയായി കരുതുന്നു.

## അഭ്യാസം

**I. ശരിയായ ഉത്തരം തെരെഞ്ഞെടുത്തെഴുതുക**

1. വെല്ലൂർ കലാപം____________വർഷം നടന്നു.

   അ).1806 ആ) 1807 ഇ)1808

2. ____________നാൽ വിപ്ലവകാരികൾ സ്വാധീനിക്കപ്പെട്ടു.

   അ) ബ്രിട്ടീഷ് അധികാരികൾ ആ) ടിപ്പുവിന്റെ കുടുംബം

   ഇ) സ്വദേശ ഭരണാധികാരികൾ

3. വെല്ലൂർ കലാപം നടക്കുന്ന സമയത്ത് മദ്രാസ് ഗവർണ്ണറായിരുന്നത്__________.

   അ)വില്യംബെൻടിക് ആ) കോൺവാലീസ് ഇ) റോബർട്ട്ക്ലൈവ്

## II. പൂരിപ്പിക്കുക

1. ഇന്ത്യൻ ശിപായികൾ________ധിരിക്കാൻവിസമ്മതിച്ചത് കലാപത്തിനു കാരണമായി.
2. വിപ്ലവം നടക്കുമ്പോൾ_______ എന്ന ഇംഗ്ലീഷ് മേജർ കോട്ടയ്ക്ക് പുറത്തായിരുന്നു.
3. വെല്ലൂർ ലഹള ___________നാൽ ഒടുക്കപ്പെട്ടു.

## III.യോജിപ്പിക്കുക

1. ടിപ്പുവിന്റെ മകൻ - ടർബൻ
2. ആഗ്ന്യൂ - വിപ്ലവക്കാർ
3. ശിപായികൾ - ബെൻടിക്
4. മദ്രാസ്സ്ഗവർണർ - ഫത്തേ ഹൈദർ

## IV. ചുരുക്കി എഴുതുക

1. വെല്ലൂർ കലാപം ആരംഭിച്ചത് എപ്പോൾ ?
2. എന്തുകൊണ്ടാണ് വെല്ലൂരിൽ കലാപകാരികൾ വിപ്ലവം ഉണ്ടാക്കിയത് ?
3. വിപ്ലവം ഉണ്ടാകാനുള്ള പ്രധാനകാരണമെന്ത് ?
4. വിപ്ലവത്തിന്റെ ഫലങ്ങൾ എഴുതുക.

## V. വിവരിച്ച് ഉത്തരം എഴുതുക

1. വെല്ലൂർ വിപ്ലവത്തിനുള്ള കാരണങ്ങൾ വിവരിച്ച് എഴുതുക ?
2. വെല്ലൂർ കലഹത്തിന്റെ ഗതി, വിപ്ലവം പരാജയപ്പെടാനുള്ള കാരണങ്ങൾ വിവരിക്കുക.?

### രൂപീകരണ മൂല്യനിർണ്ണയം

1. യാത്രാവിവരണം:

   വെല്ലൂർക്കോട്ട സന്ദർശിച്ച് അതിനെക്കുറിച്ചു വിവരം ശേഖരിക്കുക.

2. പ്രസംഗ മത്സരം:

   വെല്ലൂർ കലാപം സ്വാതന്ത്ര്യസമരത്തിന്റെ തുടക്കം എന്ന വിഷയത്തെക്കുറിച്ച് പ്രസംഗ മത്സരം നടത്തുക.

3. സംഘമായി ചർച്ച ചെയ്യുക

   വെല്ലൂർ കലാപത്തിന് മുഖ്യകാരണം ബ്രിട്ടീഷുകാരുടെ സൈനീക നടപടി. ചർച്ച ചെയ്യു.

## തൃതീയ പ്രവർത്തനങ്ങൾ - I

### 1. വാണിജ്യം

ഒരു രാജ്യത്തിനകത്തോ അല്ലെങ്കിൽ പല രാജ്യങ്ങൾക്കിടയിലോ സാധനങ്ങളെ ക്രയവിക്രയം ചെയ്യുന്ന സമ്പ്രദായത്തെ വാണിജ്യം എന്നു പറയും . ഒരു സ്ഥലത്ത് അധികമായി കാണപ്പെടുന്ന സാധന ങ്ങൾ മറ്റൊരു സ്ഥലത്ത് ആവശ്യമായി വരുന്നു. രാജ്യങ്ങൾക്കിടയിൽ കാണപ്പെടുന്ന പ്രകൃതി വിഭവങ്ങളുടെ വ്യത്യാസങ്ങൾ അവർക്കിടയിൽ ഏർപ്പെടുത്തുന്ന വാണിജ്യത്തിനടി സ്ഥാനമായി മാറുന്നു.

ലോകനിലവാരത്തിൽ വാണിജ്യ വസ്തുക്കളെ രണ്ടായി തിരിച്ചിട്ടുണ്ട്.

#### 1. പ്രാഥമിക ഘട്ട ഉൽപന്നങ്ങൾ

ധാന്യങ്ങൾ, പഴങ്ങൾ, ഇതര ഭക്ഷ്യവസ്തുക്കൾ വ്യവസായ ശാലകളുടെ അസംസ്കൃത വസ്തുക്കളായ ധാതുക്കൾ, പരുത്തി, ചണം തുടങ്ങിയ നാരുവിളവുകൾ എന്നിവ പ്രാഥമികഘട്ട ഉൽപ്പന്നങ്ങളാണ്.

#### 2. ദ്വിതീയ ഘട്ട ഉൽപന്നങ്ങൾ

ഉൽപാദനം ചെയ്യപ്പെട്ട വസ്തുക്കളെയാണ് ദ്വിതീയഘട്ട ഉൽപന്നങ്ങൾ എന്നു പറയുന്നത്. വാണിജ്യം ഒരു നാട്ടിനകത്തും (ഉൾ നാട്ടുവാണിജ്യം) പല രാജ്യങ്ങൾ തമ്മിലും (ബഹു രാഷ്ട്ര വാണിജ്യം) നടക്കുന്നു.

ലോകത്ത് ര ു രാജ്യങ്ങൾ തമ്മിൽ നടത്തുന്ന വാണിജ്യത്തെ ദ്വിരാഷ്ട്ര (Bilateral) വാണിജ്യമെന്നും പല രാജ്യങ്ങൾക്കിടയിൽ നടക്കുന്ന വാണിജ്യത്തെ ബഹു രാഷ്ട്ര (Multilateral) വാണിജ്യം എന്നു പറയുന്നു.

#### വാണിജ്യത്തെ നിർണ്ണയിക്കുന്ന ഘടകങ്ങൾ

വാണിജ്യം താഴെ കൊടുത്തിട്ടുള്ള ഘടകങ്ങൾക്കനുസരിച്ച് നടക്കുന്നു.

1. ചിതറിക്കാണപ്പെടുന്ന പ്രകൃതി സമ്പത്തുക്കളെ ആധാരമാക്കിയുള്ളവ

കാലാവസ്ഥ, ഭൂഘടന, മണ്ണ്, പ്രകൃതി സസ്യങ്ങൾ, ഖനിജ സമ്പത്തുക്കൾ എന്നിവയിലെ വ്യത്യാസങ്ങൾ വാണിജ്യം രൂപപ്പെടുന്നതിന് കാരണമാകുന്നു.

#### 2. തൊഴിൽ വിഭാഗ / സാമ്പത്തിക വിഭാഗ വളർച്ചഘട്ടം

വ്യാവസായ പുരോഗതി പ്രാപിച്ച രാജ്യങ്ങൾ ഉൽപാദിപ്പിച്ച വസ്തുക്കളെ വ്യവസായ പുരോഗതി കുറഞ്ഞ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നു. വ്യവസായ പുരോഗതി കുറഞ്ഞ രാജ്യങ്ങൾ അസംസ്കൃത സാധനങ്ങളെയും ഭക്ഷ്യോൽപന്നങ്ങളെയും കയറ്റുമതി ചെയ്യുന്നു.

#### 3. കാലാവസ്ഥ വ്യതിയാനം

കാലാവസ്ഥയിലുണ്ടാകുന്ന മാറ്റം കൃഷിയെയും, മൃഗങ്ങളെയും , വന വിഭവങ്ങളെയും വ്യത്യാസപ്പെടുത്തുന്നു. ഇവ ഉൽനാട്ടിലും വിദേശങ്ങളിലും ക്രയവിക്രയം ചെയ്യപ്പെ ടുന്നു. ഇത്തരം ക്രയവിക്രയം വ്യത്യ സ്ഥ കാലാവസ്ഥയിലുള്ള രാജ്യങ്ങൾക്കിടയിൽ നടക്കുന്നു. ഉദാഹരണം.

മിതോഷ്ണ മണ്ഡല ( Temperate Regions)പ്രദേശങ്ങളിൽ നിന്നും മൃദുവായ വൃക്ഷങ്ങളും, പാൽ ഉൽപന്നങ്ങളും ഉഷ്ണമണ്ഡല(Tropical region) പ്രദേശങ്ങളിൽ നിന്നും കഠിന വൃക്ഷങ്ങളും ഉഷ്ണമണ്ഡല സസ്യങ്ങളും കയറ്റുമതി ചെയ്യപ്പെടുന്നു

## 4.ജനങ്ങൾക്കിടയിൽ കാണപ്പെടുന്ന പാരമ്പര്യ വ്യത്യാസം

വ്യത്യസ്ത പ്രദേശങ്ങളിൽ ജീവിക്കുന്ന ജനങ്ങൾ വിവിധതരത്തിലുള്ള വസ്തുക്കളെ ഉൽപാദിപ്പിക്കുന്നു. കാരണം ഓരോ രാജ്യവും തങ്ങളുടെ പുരാതന പാരമ്പര്യം അനുസരിച്ചുള്ള സാധനങ്ങളെയാണ് ഉൽപാദിപ്പിക്കുന്നത്. ഉദാഹരണം ചൈനയിൽ ഉൽപാദിപ്പിക്കുന്ന പട്ടു വസ്ത്രങ്ങളും സ്വിറ്റ്സർലാന്റിൽ ഉൽപാദിപ്പിക്കുന്ന വാച്ചുകളും. ജന സാന്ദ്രത അധികമുള്ള രാജ്യങ്ങളിൽ അവരുടെ ഉൾനാട്ടു ഉപഭോഗം അധികമായും ബാക്കിയുള്ള സാധനങ്ങൾ കുറവാ യും ഉള്ളതിനാൽ ബഹുരാജ്യ വാണിജ്യം കുറവായിരിക്കും. എന്നാലും തൊഴിലാളികൾ കൂടുതലായി ചേർന്ന് തയ്യാറാക്കുന്ന സാധനങ്ങളെ കയറ്റുമതി ചെയ്യപ്പെടുന്നു. ഉദാഹരണം തേയില.

## 5. ഗതാഗതം

വാണിജ്യപുരോഗതിക്ക് ഗതാഗതം ഒരു പ്രധാന പങ്ക് വഹിക്കുന്നു. റോഡുകളുടെ പുരോഗതി, പൈപ്പ് ലൈൻ എന്നിവ പലഭാരമേറിയ സാധനങ്ങളെ തുറമുഖങ്ങളിലേയ്ക്ക് എത്തിച്ച്ബഹുരാഷ്ട്ര വാണിജ്യം നടത്താൻ റോഡുഗതാഗതംവളരെയധികം സഹായിക്കുന്നു.

## 6. സർക്കാരിന്റെ പദ്ധതികൾ

രാജ്യങ്ങൾക്കിടയിലുള്ള ബഹുരാഷ്ട്ര വാണിജ്യം സർക്കാർ ബന്ധങ്ങളാൽ നടക്കുന്നു. പലരാജ്യങ്ങൾക്കിടയിലുള്ള ബന്ധം സൗഹൃദപരമായിരുന്നാൽ അവിടെ വാണിജ്യം കൂടുതലായി നടക്കും.

> വാണിജ്യത്തെ വീണ്ടും അഭിവൃത്തി പ്രാപിക്കുന്നതിന് സമീപ രാജ്യങ്ങളോട് സംയോജിച്ച് ഒരു ഗ്രൂപ്പായി പ്രവർത്തിക്കുന്നതിന് വാണിജ്യ പൊതു സംഘടനകൾ (Trading Blocks) എന്നു വിളിക്കുന്നു. ഉദാഹരണം തെക്കുകിഴക്കൻ ഏഷ്യൻ സംഘടനാ രാജ്യങ്ങൾ (ASEAN) യൂറോപ്യൻ സംഘടന എന്നിവയാണ്.

## ബഹു രാഷ്ട്ര വാണിജ്യത്തിന്റെ ഗതി.

ബഹുരാഷ്ട്ര വാണിജ്യത്തിന്റെ ഗതിയെ ഭൂമിശാസ്ത്ര, സാമ്പത്തിക രാഷ്ട്രീയ ഘടകങ്ങളാൽ നിയന്ത്രിക്കപ്പെടുന്നു.

കാർഷിക വസ്തുക്കളെയും ഖനിജ വസ്തുക്കളെയും ഉൽപാദിപ്പിച്ച് വാണിജ്യം നടത്തുന്നതുമുഖേന പല രാജ്യങ്ങളിലേയും സ്ഥാനം പോലുള്ള ഭൂമിശാസ്ത്ര നന്മകൾ ലഭിക്കാനിടയാകുന്നു. അതിനാൽ ചില സാധനങ്ങളുടെ വാണിജ്യത്തിന്റെ ഗതി ചില രാജ്യങ്ങൾക്ക് മേന്മ നൽകുന്നു. മധ്യ കിഴക്കൻ രാജ്യങ്ങളിൽ നിന്നു ലഭിക്കുന്ന എണ്ണ, കാനഡയിൽ നിന്നും, സ്വീഡനിൽ നിന്നും ലഭിക്കുന്ന കടലാസ്സും,കടലാസ്സ് പൾപും, മലേഷ്യയിൽ നിന്നും ലഭിക്കുന്ന റബ്ബറും, തകരവും ഇതിനുദാഹരണങ്ങളാണ്.

## വാണിജ്യ പ്രദേശങ്ങൾ

### 1. യൂറോപ്പ്

യൂറോപ്പ് ഒരു ജനസാന്ദ്രത കൂടിയതും, വ്യവസായ വളർച്ച പ്രാപിച്ചതും, വാണിജ്യ സാന്ദ്രത (30%)

കൂടിയതുമായ പ്രദേശമാണ്. ഇവിടെ നിന്നും കയറ്റുമതി ചെയ്യുന്ന സാധനങ്ങളെല്ലാം പൂർണ്ണമായും രൂപപ്പെടുത്തിയവയും അൽപം രൂപപ്പെടുത്തിയ അസംസ്കൃതവസ്തുക്കളുമാണ്. വ്യവസായ ശാലകൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കൾ യൂറോപ്പിന്റെ പ്രധാന ഇറക്കുമതി സാധനങ്ങളാണ്.

## 2. വടക്കേ അമേരിക്ക

അമേരിക്കൻ ഐക്യനാടും, കാനഡയും വൻതോതിൽ വാണിജ്യം നടക്കുന്ന രാജ്യങ്ങളാണ്. ഈ രാജ്യങ്ങൾ സംയോജിച്ച്, യന്ത്രങ്ങൾ, വാഹനങ്ങൾ, രാസവസ്തുക്കൾ എന്നീ സാധനങ്ങളെ കയറ്റുമതി ചെയ്യുന്നതോടൊപ്പം പലതരം സാധനങ്ങളെ ഇറക്കുമതിയും ചെയ്യുന്നു.

## 3. ലാറ്റിൻ അമേരിക്ക

ഈ പ്രദേശം കരീബിയൻ ദ്വീപുകൾ, മധ്യ-തെക്കൻ അമേരിക്കൻ രാജ്യങ്ങൾ എന്നീ ഭാഗങ്ങൾ ഉൾപ്പെട്ടതാണ്. ഈ പ്രദേശങ്ങളെല്ലാം ഭക്ഷ്യ സാധനങ്ങളെയും അസംസ്കൃത സാധനങ്ങളെയും കയറ്റുമതി ചെയ്യു ന്ന രാജ്യങ്ങളായും ഉൽപന്നങ്ങളെ ഇറക്കുമതിചെയ്യുന്ന രാജ്യങ്ങളായും കാണപ്പെടുന്നു.

## 4. ആഫ്രിക്ക

ആഫ്രിക്കൻ രാജ്യങ്ങൾ ഖനിജ ധാതുക്കളെയും ഉഷ്ണമണ്ഡല അസംസ്കൃത സാധനങ്ങളെയും കയറ്റുമതി ചെയ്യുന്ന രാജ്യങ്ങളായും, ഉൽപന്നങ്ങളെ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളായും കാണപ്പെടുന്നു.

## 5. ഏഷ്യ

ഏഷ്യൻ രാജ്യങ്ങൾ അസംസ്കൃത സാധനങ്ങളും ഖനി വിഭവ ങ്ങളും ധാരാളമുള്ള രാജ്യങ്ങളാണ്. അതിനാൽ അവയെ കയറ്റുമതി ചെയ്യുന്നു. ജപ്പാനെ കൂടാതെ മറ്റു ഏഷ്യൻ രാജ്യങ്ങളും ഉൽപന്നങ്ങളെ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളാണ്.

## 6. ആസ്ട്രേലിയ

ആസ്ട്രേലിയ കാർഷിക വസ്തുക്കളെയും, ഖനിജങ്ങളെയും കയറ്റുമതി ചെയ്യുന്നതോടൊപ്പം ഭക്ഷ്യ ധാന്യങ്ങളും, എണ്ണയും, യന്ത്രങ്ങളും ഇറക്കുമതിയും ചെയ്യുന്നു.

വാണിജ്യം ഒരു രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ വൻ ആധിപത്യം ഏർപ്പെടുത്തുന്നു. കയറ്റുമതി മൂല്യത്തിനും ഇറക്കുമതി മൂല്യത്തിനുമിടയ്ക്കുള്ള വ്യത്യാസത്തെ വാണിജ്യസന്തുലനം എന്നു പറയുന്നു. കയറ്റുമതിയുടെ മൂല്യം ഇറക്കുമതിയുടെ മൂല്യത്തെക്കാൾ കൂടുതലായിരുന്നാൽ ആ രാജ്യത്തിനനുകൂലമായ വാണിജ്യ സംതുലനം ഏർപ്പെടുന്നതായി കരുതാം. ഇറക്കുമതിയുടെ മൂല്യം കയറ്റുമതിയുടെ മൂല്യത്തെക്കാൾ കൂടുതലായിരുന്നാൽ ആ രാജ്യത്ത് പ്രതികൂല വാണിജ്യ സംതുലനം ഏർപ്പെടുന്നതായി കരുതാം.

## അഭ്യാസം

### I.പൂരിപ്പിക്കുക

1. ലാറ്റിൻ അമേരിക്ക__________സാധനങ്ങളെയും, അസംസ്കൃത സാധനങ്ങളെയും കയറ്റുമതി ചെയ്യുന്നു.
2. റബ്ബറും, തകരവും അധികമുള്ള സ്ഥലം ________ആണ്.

3. തൊഴിൽ വിഭാഗത്തിൽ വളർച്ച പ്രാപിച്ച രാജ്യങ്ങൾ__________സാധനങ്ങളെ തൊഴിൽവളർച്ച പ്രാപിക്കാത്ത രാജ്യങ്ങൾക്ക് കയറ്റുമതി ചെയ്യപ്പെടുന്നു.

## II. യോജിപ്പിക്കുക

1. ചൈന - മധ്യകിഴക്കൻ രാജ്യങ്ങൾ
2. എണ്ണ - ഖനിജ ധാതു
3. കടലാസ്സ് - പട്ട്
4. ആഫ്രിക്ക - മലേഷ്യ
5. തകരം - കാനഡ

## III. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക

1. ഒരു രാജ്യത്തിനകത്ത് നടക്കുന്ന വാണിജ്യം _______ ആണ്

അ) ഉൾനാട്ടു വാണിജ്യം ആ) ബഹു രാഷ്ട്ര വാണിജ്യം
ഇ) തുറസ്സായ വാണിജ്യം

2.വ്യവസായ ശാലകളിലെ അസംസ്കൃത സാധനങ്ങൾ_____സാധനങ്ങളാണ്.

അ. പ്രാരംഭഘട്ടം ആ)ദ്വിതീയഘട്ട ഇ) തൃതീയഘട്ട

3. സ്വിറ്റ്സർലാൻഡ് ________ഉൽപാദനത്തിൽ പ്രസിദ്ധിനേടിയ രാജ്യമാണ്.

അ. പട്ട് ആ) വാച്ച് ഇ) തേയില

## IV. ചുരുക്കത്തിൽ ഉത്തരമെഴുതുക

1. ദ്വിരാഷ്ട്ര വാണിജ്യം, ബഹുരാഷ്ട്ര വാണിജ്യം എന്നാലെന്ത് ?
2. ലോക നിലവാരത്തിൽ വാണിജ്യം നടത്തുന്ന സാധനങ്ങളുടെ രണ്ടു വിഭാഗങ്ങൾ ഏതെല്ലാം ?
3. വാണിജ്യം നടക്കാനുള്ള കാരണം എന്ത് ?

## V. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക

1. കാലാവസ്ഥ ഒരു രാജ്യത്തിന്റെ വാണിജ്യത്തെ എപ്രകാരം ബാധിക്കുന്നു ?
2. "വാണിജ്യ സംതുലനം" കുറിപ്പെഴുതുക

## VI. വിശദമായി ഉത്തരമെഴുതുക

1. വാണിജ്യത്തെ ബാധിക്കുന്ന ഘടകങ്ങളെന്തെല്ലാം ?
2. ലോകത്തിലെ പ്രധാന വാണിജ്യ പ്രദേശങ്ങളെക്കുറിച്ചെഴുതുക ?

## രൂപീകരണ മൂല്യനിർണ്ണയം

**പട്ടികയാക്കുക:**

തമിഴ്നാട്ടിൽ നിന്ന് കയറ്റുമതി ഇറക്കുമതി ചെയ്യപ്പെടുന്ന ഏതെങ്കിലും അഞ്ച് വസ്തുക്കളെ പട്ടികയിലെഴുതുക.

**ഭൂപടം വരയൽ:**

ലോകഭൂപടത്തിൽ ഇന്ത്യ ലോകത്തിന്റെ പല ഭാഗത്തിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന അഞ്ച് വസ്തുക്കളുടെ വ്യാപനവും നാടുകളേയും കുറിക്കുക.

**പേരെഴുതുക:**

താഴെപ്പറയുന്ന നാടുകളിൽ ഉപയോഗിച്ചു വരുന്ന നാണയങ്ങളുടെ പേരുകൾ കുറിക്കുക.

1. അമേരിക്കൻ ഐക്യനാടുകൾ
2. ജർമനി
3. ശ്രീലങ്ക
4. കൊറിയ
5. ബ്രസീൽ
6. കുവൈറ്റ്
7. റഷ്യ
8. സിംഗപ്പൂർ
9. മൊറാക്കോ
10. ജപ്പാൻ

**വിവരം ശേഖരിക്കൽ:**

താഴെ കൊടുത്തിട്ടുള്ള ചുരുക്ക പേരിലെ വിപൂലീകരണം എഴുതുക.

1. ASEAN
2. OPEC
3. EUC
4. WTO

## 2. ഗതാഗതവും വാർത്താവിനിമയവും.

ജനങ്ങളുടെയും സാധനങ്ങളുടെയും സ്ഥാന ചലനത്തെയാണ് ഗതാഗതം എന്നുപറയുന്നത്. ഒരു പ്രദേശത്തെ നല്ല ഗതാഗത മണ്ഡലം ആ പ്രദേശത്തെ വിഭവങ്ങളെയും, ജനങ്ങളെയും ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്ത് എത്തിക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനും സഹായിക്കുന്നു. മാത്രമല്ല അതിന്റെ ഫലമായി ആ പ്രദേശത്ത് സാമ്പത്തിക പുരോഗതിക്കും അത് സഹായകമായിരിക്കും.

### പ്രധാന ഗതാഗത മണ്ഡലങ്ങൾ

### റോഡു ഗതാഗതം

പൊതുവായി ലോകത്ത് എല്ലാ സ്ഥലങ്ങളിലും കാണപ്പെടുന്ന ഒന്നാണ് റോഡു ഗതാഗതം. റോഡുക ളുടെ സാന്ദ്രത (ഒരു രാജ്യത്തിലെ ആകെ വിസ്തീർണ്ണത്തിനും ആരാജ്യ ത്തിലെ റോഡുകളുടെ മൊത്ത നീള ത്തിനുള്ള അനുപാതം) ജനസാന്ദ്രത (ഒരു രാജ്യത്തിലെ ആകെ വിസ്തീർണ്ണത്തിലും ആ രാജ്യത്തിലെ ആകെ ജനസംഖ്യക്കുമുള്ള അനുപാതം) എന്നിവയും ഒരു സാമ്പത്തിക വളർച്ച എന്നിവയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. മെച്ചപ്പെട്ട റോഡു ഗതാഗതം അധികമുണ്ടെങ്കിൽ സാമ്പത്തിക വളർച്ചയും അധികമായിരിക്കും.

റോഡുകളെ ഭൂഖണ്ഡ ങ്ങൾക്കിടയിലുള്ള റോഡുകളെന്നും (Trans ContinentalRoads) ദേശീയ റോഡുകളെന്നും പ്രാദേശിക റോഡുകളെ ന്നും തരം തിരിക്കാം. ഭൂഖണ്ഡകൾക്കിടയിലുള്ള റോഡുകൾ പ്രധാനപ്പെട്ടവയാണ്. അവ ഒരു അതിർത്തിയിൽ നിന്നും മറ്റൊരു അതിർത്തിയെ യോജിപ്പിക്കുന്ന നീണ്ട റോഡു കളാണ്. ട്രാൻസ് കനേഡിയൻ അന്തർ ദേശീയപാത, അലാസ്ക്കൻ അന്തർ ദേശീയപാത, ആസ്ട്രേലിയൻ ട്രാൻസ് അന്തർ ദേശീയപാത എന്നിവ ഇതിനുദാഹരണങ്ങളാണ്.

വാഹനങ്ങളുടെ വേഗതയും, വാഹനങ്ങളുടെ എണ്ണവും വർദ്ധിച്ചു കൊണ്ടിരിക്കുന്നതിനാൽ അത് പല തരം ദേശീയപാദകളുടെ വളർച്ച യ്ക്ക് സഹായകമായിരിക്കുന്നു. ഇത്തരം ദേശീയ പാദകൾ നല്ല നീണ്ട റോഡുകളാണ്. ഇവ യാത്രയുടെ സമയം കുറക്കുന്ന രീതിയും പാലങ്ങ ളിലൂടെ യും, തുരങ്കങ്ങളുടെയും രാജ്യങ്ങൾക്കിടയിലുള്ള സ്ഥലങ്ങളെ യോജിപ്പി ക്കുന്ന രീതിയിൽ സ്ഥാപിച്ചിരിക്കുന്നു. ജർമ്മനിയിലുള്ള ആട്ടോബാൻസ് റോഡുകൾ ആദ്യമായി നിർമ്മിച്ച ഇത്തരം റോഡുകളാണ്.

**ഇന്ത്യയുടെ ഗ്രാൻഡ് -ട്രങ്ക് റോഡ്**

2500 കിലോമീറ്റർ ദൈർഘ്യമുള്ള ഗ്രാൻഡ് - ട്രങ്ക് റോഡ് ഇന്ത്യയിലെ ആദ്യത്തെ നീളം കൂടിയ റോഡാണ്. ഈ ദേശീയ പാത ബംഗാളിലെ ചോനാർക്കൻ എന്ന സ്ഥലത്തുനിന്നും പാകിസ്ഥാനിലെ പെഷവാർ എന്ന സ്ഥലത്തേയ്ക്ക് വടക്കേ ഇന്ത്യ വഴി യോജിപ്പിച്ചിട്ടുതാണ്.

ഇന്ത്യയിൽ തമിഴ്നാട്, കേരളം പശ്ചിമബംഗാൾ, എന്നിവയുടെ കടൽത്തീരപ്രദേശത്തും പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശം എന്നീ സംസ്ഥാനങ്ങളിലും റോഡു ഗതാഗതം വളരെ ഞെരുങ്ങി കാണപ്പെടുന്നു. ഇന്ത്യയിലെ റോഡു ഗതാഗതം ദേശീയ

മഹാപാത, സംസ്ഥാന മഹാ പാത, ജില്ലാപാതകൾ എന്നിങ്ങനെ വിഭജിച്ചിട്ടുണ്ട്.

## റയിൽ ഗതാഗതം

വർദ്ധിച്ചുവരുന്ന വ്യവസായ ശാലകളാണ് റയിൽ ഗതാഗതത്തിന്റെ വളർച്ചയ്ക്ക് കാരണമായി തീരുന്നത്. കാരണം ഈ ഗതാഗതം ഭാരമേറിയ സാധനങ്ങളെ ദീർഘ ദൂരത്തിലേയ്ക്ക് വേഗത്തിലും കുറഞ്ഞ ചെലവിലും കൊണ്ടുപോകുന്നതിന് ഉപയോഗിക്കുന്ന ഗതാഗത സൗകര്യമാണ്. അധികം വളർച്ച പ്രാപിച്ച വ്യവസായ പ്രദേശമായ യൂറോപ്പിലും അമേരിക്കൻ രാജ്യങ്ങളിലും റയിൽ ഗതാഗതം വളരെ ഞെരുങ്ങി കാണപ്പെടുന്നു. ജപ്പാൻ, ഇന്ത്യ, തെക്കുകിഴക്കൻ ആസ്ത്രേലിയ, അർജന്റീനയുടെ കടൽതീര പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഗതാഗതം മിതമായി കാണപ്പെടുന്നു.

ട്രാൻസ് സൈബീരിയൻ റയിൽ പാത ഭൂഖണ്ഡങ്ങൾക്കിടയിലുള്ള ഒരു റെയിൽപാതയാണ്. ഇത് റഷ്യയിലെ ബാൾട്ടിക്ക് കടൽതീരത്തുള്ള ലെനിൻ ഗ്രാഡ് എന്ന സ്ഥലത്തെ പെസഫിക് കടൽതീരത്തെ വ്ളാഡി വോസ്ടാക് എന്ന സ്ഥലത്തോട് ബന്ധിപ്പിക്കുന്നു. ട്രാൻസ് കനേഡിയൻ റെയിൽ ഗതാഗതം കാനഡയുടെ കിഴക്കും പടിഞ്ഞാറുമുള്ള കടൽതീരങ്ങളെ ബന്ധിപ്പിക്കുന്നു. ട്രാൻസ് ആന്റിയൻ റെയിൽ പാത ബ്യൂനസ് അയേഴ്സ് (അർജന്റീന) പ്രദേശത്തെ വൾപറൈസോ (ചിലി) ഭാഗത്തോട് ബന്ധി പ്പിക്കുന്നു. ട്രാൻസ് ഏഷ്യൻ റെയിൽ ഗതാഗതം സിംഗപ്പൂരിനെ 26 രാജ്യങ്ങളിലൂടെ 18,000 കി.മീ. ദൂരത്തിലുള്ള തുർക്കിയുടെ ഇസ്താൻബുൾ പ്രദേശത്തോട് ബന്ധിപ്പിക്കുന്നു.

ഇന്ത്യയുടെ ഗതാഗത ഘടന ഏഷ്യാ ഭൂഖണ്ഡത്തിലേയ്ക്ക് വളരെ വലുതു മാത്രമല്ല ലോകത്ത് രണ്ടാം സ്ഥാനവും വഹിക്കുന്നു. ഗംഗാസമതലത്തിലുള്ള ഉത്തർപ്രദേശ്, ബീഹാർ, പശ്ചിമബംഗാൾ എന്നീ സ്ഥലങ്ങളിൽ ഗതാഗതം വളരെ ഞെരുങ്ങി കാണപ്പെടുന്നു. ലോകത്തിലേയ്ക്ക് കൂടുതൽ ജോലി സാധ്യത ഇന്ത്യാ റെയിൽ ഗതാഗതം നൽകുന്നു.

ഇന്ത്യയുടെ മഹാനഗരങ്ങളിൽ വളർന്ന് ഗതാഗത ഞെരുക്കത്തെ നിയന്ത്രിക്കുന്നതിനായി നഗരങ്ങൾക്കുള്ളിൽ മാത്രമായി റെയിൽ പാതകൾ ഏർപ്പെടുത്തിയിട്ടുണ്ട്.ഇവ ഭൂമിക്കടിയിലും, ഭൂമിയുടെ ഉപരിതലത്തിൽ പാലത്തിലൂടെ ഉയരത്തിലും കാണപ്പെടുന്നു.



ചിത്രം 1 MRTS& മെട്രോ റെയിൽ ചെന്നൈ

എം.ആർ.റ്റി.എസ്. (Mass Rapid Transit System)എന്നത് തമിഴ്നാട്ടിലെ ചെന്നൈയിൽ ഉയരത്തിൽ പാലത്തിലൂടെ റയിൽപ്പാതയിലൂടെയുള്ള ഗതാഗതമാണ്.ഇപ്പോൾ ഈ സേവനം17റയിൽവേ സ്റ്റേഷനുകളോടെ ചെന്നൈ ബീച്ച് റയിൽവേ സ്റ്റേഷനിൽ നിന്നും വേളച്ചേരി റയിൽവേസ്റ്റേഷൻ വരെ 25 കി.മീ. ദൂരത്തിൽ നടത്ത പ്പെടുന്നു.

> 2015 - ൽ ചെന്നൈയിൽ കോയമ്പേട് മുതൽ ആലന്തൂർ വരെ മെട്രോ റയിൽ ഗതാഗതം ആരംഭിച്ചിട്ടു്.

## ജലഗതാഗതം

ജലഗതാഗതം ചെലവു കുറഞ്ഞ ഗതാഗത മാർഗ്ഗമാണ്. അവയെ ഉൾനാട്ടു ഗതാഗതമെന്നും സമുദ്രമാർഗ്ഗ ഗതാഗതമെന്നും രണ്ടു വിഭാഗങ്ങളായി വിഭജിക്കാം.

ഉൾനാട്ടു ജലമാർഗ്ഗം വറ്റാത്ത ജലമുള്ള നദികളും ഗതാഗതത്തിനനുസൃതമായ തടാകങ്ങളും ഉൾപ്പെട്ടതാണ്. വളരെ പ്രധാനപ്പെട്ട ഉൾനാട്ടു ഗതാഗതം വ്യവസായ പുരോഗതി നേടിയ പശ്ചിമ യൂറോപ്യൻ രാജ്യങ്ങൾ (റൈൻ, റോൺ,ഡാന്യൂപ്, എൽബെ നദികൾ)(ചിത്രം 2 ) വടക്കേ അമേരിക്ക, കാനഡ (വലിയ തടാകങ്ങൾ) എന്നിവിടങ്ങളിൽ കാണപ്പെടുന്നു. ഈ പ്രാദേശിക ജലമാർഗ്ഗം റയിൽ ഗതാഗതത്തോട് യോജിച്ച് പ്രാദേശിക തൊഴിലുകൾക്കാവശ്യമായ വസ്തുക്കളെ കുറഞ്ഞ ചിലവിൽ എത്തിക്കുന്നതിന് സഹായിക്കുന്നു. (ചിത്രം 2 )



ചിത്രം 2
റൈൻ - ഉൾനാട്ടു ജലഗതാഗതം

ഇന്ത്യയിൽ ഉൾനാട്ടു ജല മാർഗ്ഗങ്ങൾ ആസ്സാമിലുള്ള ബ്രഹ്മപുത്രാ നദിയിലും ഗംഗയും അതിന്റെ ഉപനദികളും ഒഴുകുന്ന ഉത്തർ പ്രദേശിലും ബീഹാറിലും കാണപ്പെടുന്നു.

ബക്കിംഹാം കനാൽ തമിഴ് നാട്ടിൽ ഒരു പ്രധാന ഉൾനാട്ടു ജല മാർഗ്ഗമായിരുന്നു. ഈ കനാൽ ഗതാഗതം നെല്ലൂരിനും മരക്കാണത്തിനുമിടയ്ക്ക് സാധനങ്ങളെ കൊണ്ടുപോകുന്നതിന് ഉപയോഗിച്ചിരുന്നു. എന്നാൽ ഈ മാർഗ്ഗം ഇപ്പോൾ മലിനമായി നശിക്കുന്നത് പ്രയാസത്തിന് ഇടവരുത്തുന്നു.

## സമുദ്രമാർഗ്ഗ ഗതാഗതം

ഭൂഖണ്ഡങ്ങൾക്കിടയിൽ യാത്രചെയ്യുന്നതിന് സമുദ്രമാർഗ്ഗ ഗതാഗതം പ്രധാനപ്പെട്ട ഒന്നായി കരുതപ്പെടുന്നു. എന്നാൽ ഇന്ന് അത് അധിക ഭാരമുള്ള സാധനങ്ങളെ കൊണ്ടുപോകുന്നതിന് മാത്രമായി ഉപയോഗിക്കുന്നു.

## ലോകത്തിലെ പ്രധാന കപ്പൽ ഗതാഗത മാർഗ്ഗങ്ങൾ

### വടക്കേ അറ്റ്ലാന്റിക് മാർഗ്ഗം

ഇത് ജനവാസം അധികമുള്ള പശ്ചിമ യൂറോപ്യൻ രാജ്യങ്ങളെയും വടക്കേ അമേരിക്കയുടെ കിഴക്കൻ പ്രദേശങ്ങളെയും ബന്ധിപ്പിക്കുന്ന മാർഗ്ഗമാണ്.

### സുപ്രതീക്ഷാ മുനമ്പു മാർഗ്ഗം

ഇത് പശ്ചിമ, ദക്ഷിണയൂറോപ്യൻ പ്രദേശങ്ങളെ തെക്കു പടിഞ്ഞാറൻ ഏഷ്യയോടും ആസ്ത്രേലിയയോടും ബന്ധിപ്പിക്കുന്ന മാർഗ്ഗമാണ്.

### പനാമ കനാൽ മാർഗ്ഗം

ഇത് വടക്കേ അമേരിക്കയുടെയും, തെക്കേ അമേരിക്ക യുടേയും പടിഞ്ഞാറൻ കടൽ തീരപ്രദേശങ്ങളെ ആ ഭൂഖണ്ഡത്തിന്റെ കിഴക്കൻ കടൽ തീരപ്രദേശങ്ങളോടെ ബന്ധിപ്പി ക്കുന്ന മാർഗ്ഗമാണ്.

ഇന്ത്യയിലെ മുഖ്യ തുറമുഖങ്ങൾ




ചിത്രം 3

### ട്രാൻസ് പെസഫിക് മാർഗ്ഗം

ഇത് പൂർവ്വേഷ്യൻ തുറമുഖങ്ങളെ വടക്കേ അമേരിക്കയുടെ പശ്ചിമ കടൽതീര തുറമുഖങ്ങളോട് ബന്ധിപ്പിക്കുന്ന മാർഗ്ഗമാണ്.



ചിത്രം 4 വിശാഖപട്ടണം തുറമുഖം

ഇന്ത്യ, ബംഗാൾ ഉൾക്കടൽ, അറബിക്കടൽ, ഇന്ത്യൻ മഹാസമുദ്രം എന്നിവയാൽ ചുറ്റപ്പെട്ടുകിടക്കുന്നു. ഇന്ത്യക്ക് 6100 കി.മീ. നീളമുള്ള നീണ്ട കടൽതീരമാണുള്ളത്. കൊൽക്കത്ത, പാരദ്വീപ്, വിശാഖ പട്ടണം (ചിത്രം 4 ) ചെന്നൈ, തൂത്തുക്കുടി, കൊച്ചി, മാംഗ്ലൂർ, ഗോവ, മുംബൈ, കാൻഡലാ, എന്നിവ ഇന്ത്യയിലെ പ്രധാന തുറമുഖങ്ങ ളാണ്. (ചിത്രം 3 )

### വ്യോമ ഗതാഗതം

വ്യോമ ഗതാഗതം വളരെ

വേഗമുള്ളതും ചെലവു കൂടിയതു മായ ഗതാഗതവുമാണ്. ഇത് യാത്രാക്കാരെയും സാധനങ്ങളെയും തപാലുകളെയും കൊണ്ടുപോകാൻ പ്രയോജനപ്പെടുന്നു. വ്യോമ ഗതാഗതം സമയ ലാഭത്തിനു മാത്രമല്ലാതെ ദീർഘദൂരം ക്ഷീണമില്ലാതെ പെട്ടെന്ന് ചെന്നെത്തുന്നതും സഹായകരമായതിനാൽ വളരെ ശ്രേഷ്ഠമായ ഒരു സേവനമായി കരുതപ്പെടുന്നു. ഇന്ത്യയിൽ നിന്നുള്ള യാത്രക്കാർക്ക് പല യൂറോപ്യൻ രാജ്യങ്ങളിലും ഈ ഗതാഗതം മുഖേന ഒരുദിവസം കൊണ്ട് ചെന്നെത്താൻ സാധിക്കുന്നു.

### കുഴൽ ഗതാഗതം

എണ്ണയും പ്രകൃതി വാതകവും ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് കൊണ്ടു പോകുന്നതിന് കുഴൽ ഗതാഗതം പ്രയോജനപ്പെടുന്നു. എണ്ണക്കുഴൽ ഗതാഗതത്തിനെ എണ്ണ വ്യവസായ ശാലകൾ തന്നെ സ്വന്തമായി സ്ഥാപിച്ചിട്ടുണ്ട്. ലോകത്തെ എണ്ണപ്പാടങ്ങളിൽ നിന്നും അസംസ്കൃത എണ്ണയെ എണ്ണ ശുചീകരണ സ്ഥലങ്ങളിലേയ്ക്കോ കപ്പൽ തുറമുഖങ്ങളിലേയ്ക്കോ കുഴൽ ഗതാഗതം മുഖേന കൊണ്ടെത്തിക്കുന്നു.



ചിത്രം 5 ട്രാൻസ് അലാസ്കാ കുഴൽ ഗതാഗതം

### ചില എണ്ണ കുഴൽ ഗതാഗതങ്ങൾ

വലിയ ഇഞ്ച് ലൈൻ (Big Inch Line) ഡെക്സാസ് മുതൽ ന്യൂജെഴ്സി വരെ പോകുന്ന കുഴൽ മാർഗ്ഗം ടാപ്സ് (TAPS) ചിത്രം 5 വടക്കേ അമേരിക്കയുടെ ട്രാൻസ് അലാസ്കാ കുഴൽ ഗതാഗതംടാപ്പ് ലൈൻ(TAP) അഥവാ ട്രാൻസ് അറേബ്യൻ പൈപ്പ്ലൈൻ സൗദി അറേബ്യയിലെ കൈസുമ പ്രദേശത്തുനിന്നും ലബണാനിലുള്ള സിഡോൺ പ്രദേശം വരെ 1214 കി.മീ. ദൂരത്തിൽ സ്ഥിതി ചെയ്യുന്ന കുഴൽ ഗതാഗതമാണ്.

### വാർത്താവിനിമയം

വാർത്താവിനിമയം എന്നത് വാർത്തകളെയും വിവരങ്ങളെയും സംപ്രേക്ഷണം ചെയ്യുന്നതാണ്. വാർത്താവിനിമയം രണ്ടുതരത്തിലുണ്ട്. അവ വിദൂര വിനിമയവും, ജന ങ്ങളുടെ വിനിമയവുമാണ്.വാർത്താവിനിമയത്തിന്റെ പ്രാരംഭ വളർച്ച 1844-ൽ കണ്ടു പിടിച്ച ടെലഗ്രാഫിക് വിനിമ യമാണ്. 1875-ൽ കണ്ടു പിടിച്ച ടെല ഫോൺ വിദൂരബന്ധത്തിന്റെ അടു ത്ത പ്രധാന വളർച്ചയാണ്. 1935-ൽ ടെലഗ്രാമിന്റെ (TELEX) ബന്ധത്തി ലേർപ്പെട്ട വളർച്ച വിവരങ്ങളെ ഒരു സ്ഥലത്ത് അച്ചിലെഴുതി വിദൂരസ്ഥലങ്ങളിലേയ്ക്ക് അയക്കുമ്പോൾ അത് വിദൂര അച്ചിൽ (Tele Printer) വിവരങ്ങളായി ലഭിക്കുന്നു.

ഭൂരിഭാഗം ജനങ്ങൾക്കും വിവരങ്ങളെ കൊണ്ടുപോകുന്നതിന് രൂപപ്പെടുത്തിയിട്ടുള്ള മാധ്യമ ബന്ധ ഉപകരണങ്ങളെ ജനങ്ങളുടെ ബന്ധ ഉപകരണങ്ങൾ എന്നു വിളിക്കുന്നു. ജനങ്ങളുടെ ബന്ധ ഉപകരണങ്ങൾ രണ്ടുതരത്തിലുണ്ട്. അവ അച്ചടി ക്കുന്ന മാധ്യമങ്ങൾ (പത്രങ്ങൾ, ആഴ്ചപതിപ്പുകൾ, പുസ്തകങ്ങൾ,

മാസികകൾ) എന്നും അണു വൈദ്യത മാധ്യമങ്ങൾ (റേഡിയോ, ടെലിവി ഷൻ, ടെലിഫോൺ, ഇന്റർനെറ്റ്) എന്നും വിഭജിക്കപ്പെട്ടിരിക്കുന്നു. ഇന്ത്യയുടെയും വിദേശ രാജ്യങ്ങളുടെയും ടെലഫോൺ ബന്ധ ത്തിന് ഇപ്പോൾ കൃത്രിമ ഉപഗ്രഹങ്ങൾ പ്രധാന പങ്കുവഹിക്കുന്നു. ഇന്ത്യയുടെ ദേശീയ കൃത്രിമ ഉപഗ്രഹം (INSAT) അടുത്തകാല ത്ത് ചിലവർഷങ്ങളായി വിദുരബന്ധ ത്തിന് ഒരു മഹത്തായ വിപ്ലവം ഏർപ്പെടുത്തിയിട്ടുണ്ട്.

ഒരു രാജ്യത്തിന്റെ ഗതഗതത്തിലും വിദുര ബന്ധത്തിലും ഏർപ്പെട്ടിരിക്കുന്ന മാറ്റം ഒരു പ്രദേശത്തെ ജനങ്ങളുടെ സ്ഥാന ചലനത്തേയും സാധനങ്ങളെ എളുപ്പത്തിലും വേഗത്തിലും മാറ്റുന്നതിനും സഹായിക്കുന്നു. അതിനാൽ ഗതാഗതവും വാർത്താവിനിമയവും ഒരു രാജ്യത്തിന്റെ പുരോഗതിക്ക് കാരണമാകുന്നു.

## അഭ്യാസം

### I. പൂരിപ്പിക്കുക

1. ട്രാൻസ് സൈബീരിയൻ ഭൂഖണ്ഡങ്ങൾക്കിടയിലുള്ള റെയിൽപാത________ എന്ന സ്ഥലത്തെ വ്ളാഡി വാസ്ക്കായോട് ബന്ധിപ്പിക്കുന്നു.
2. ______ എന്നത് വളരെ ചെലവു കുറഞ്ഞ ഗതാഗതമാർഗ്ഗമാണ്.
3. ബക്കിംഹാം കനാൽ വഴി സാധനങ്ങളെ നെല്ലൂരിൽ നിന്നും________ അയച്ചിരുന്നു.

### II. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക

1. _______എന്നത് ഒരു വലിയ തുറമുഖമാണ്.

   അ). പുതുശ്ശേരി ആ)ചെന്നൈ ഇ) കടലൂർ

2. കുഴൽ ഗതാഗതം കൊണ്ടുപോകുന്ന സാധനം

   അ) കൽക്കരി ആ) എണ്ണ ഇ) മരം

3. ടെലഗ്രാഫ് ബന്ധം കണ്ടുപിടിച്ച വർഷം

   അ) 1844 ആ)1855 ഇ)1866

### III. യോജിപ്പിക്കുക

| | | |
|---|---|---|
| 1. ബ്രഹ്മപുത്ര | - | വടക്കേ അമേരിക്ക |
| 2. റൈൻ | - | ഭൂഖണ്ഡങ്ങളെയോജിപ്പിക്കുന്ന മഹാപാതകൾ |
| 3. അലാസ്കാ മഹാപാത | - | വലിയ തുറമുഖം |
| 4. വിശാഖപട്ടണം | - | ഉൾനാട്ടു ജലഗതാഗതം |
| 5. ടാപ് | - | ജർമ്മനി |

**IV. ചുരുക്കത്തിൽ ഉത്തരമെഴുതുക**

1. റോഡുകളെ എപ്രകാരം തരംതിരിച്ചിരിക്കുന്നു. ?
2. ഇന്ത്യയിലെ റെയിൽ ഗതാഗതത്തെപ്പറ്റി കുറിപ്പെഴുതുക ?
3. വിദൂര ബന്ധത്തിന്റെ പിരിവുകളെഴുതുക ?

**V. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക**

1. ലോകത്തിലെ പ്രധാന കപ്പൽമാർഗ്ഗങ്ങളെക്കുറിച്ചെഴുതുക
2. ഉൾനാട്ടു ജലഗതാഗതത്തെക്കുറിച്ച് നിങ്ങൾക്കറിയാവുന്നതെഴുതുക
3. ജനങ്ങളുടെ വിനിമയത്തെപ്പറ്റി ഒരു കുറിപ്പെഴുതുക.

**VI. വിശദമായ ഉത്തരമെഴുതുക**

1. “ഗതാഗതത്തിന്റെയും വിദൂര ബന്ധത്തിന്റെയും വളർച്ച രാജ്യങ്ങളുടെ വളർച്ചയ്ക്ക് വളരെ പ്രധാനം”. എന്നതിനെക്കുറിച്ച് വിശദമായി എഴുതുക

## രൂപീകരണ മൂല്യനിർണ്ണയം

പട്ടികയിലാക്കുക:

ഇന്ത്യയുടെ കടലോരത്തിൽ സ്ഥിതി ചെയ്യുന്ന തുറമുഖങ്ങളെ വടക്ക് നിന്ന് തെക്കോട്ടായി പട്ടികയാക്കുക.

നോട്ടീസ് തയ്യാറാക്കുക:

1. താഴെപ്പറയുന്ന തുറമുഖങ്ങൾ മൂലം കൈകാര്യം ചെയ്യുന്ന ഏതെങ്കിലും അഞ്ച് വസ്തുക്കളെക്കുറിച്ച് എഴുതുക.

   മുംബൈ

   വിശാഖപട്ടണം

   ഗോവ

   കൊച്ചി

   കൽക്കത്ത

2. ഇന്ത്യയിലെ ഏറ്റവും നീളമേറിയ തീവിപ്പാത ഏത്? അത് ബന്ധിപ്പിക്കുന്ന നഗരങ്ങളുടെ പേരെഴുതുക.
3. ട്രാൻസ് -അലാസ്ക്കാ കുഴൽ ഗതാഗതത്തെക്കുറിച്ചെഴുതുക
4. തദ്ദേശ വാർത്താ ദിനപത്രത്തിൽ വരുന്ന INSAT കൃത്രിമ ഉപഗ്രഹങ്ങളുടെ ചിത്രങ്ങളും വിവരങ്ങളും ശേഖരിക്കുക
5. വടക്കു കിഴക്കൻ ഇന്ത്യയിൽ ജനങ്ങൾ വ്യോമഗതാഗതത്തിന് മുൻഗണന നൽകുന്നു. കാരണമെന്ത്?

## 3. ജനസംഖ്യാ വർദ്ധനവും, വ്യാപനവും

ജനങ്ങൾ കൃഷിചെയ്യാൻ ആരംഭിച്ചതിനുശേഷം ഉണ്ടായ സാമ്പത്തിക മാറ്റത്തെത്തുടർന്ന് മനുഷ്യർക്കും അവരോട് ബന്ധപ്പെട്ട പരിസ്ഥിതിയ്ക്കും ഉണ്ടായ ബന്ധങ്ങൾ മാറ്റി രൂപീകരിച്ചു. ആ കാലം മുതൽ ജനസംഖ്യാ വർദ്ധനവ് ആരംഭിച്ചു.

### ജനസംഖ്യാ വർദ്ധനവ്

ലോക ജനസംഖ്യ 1650-ൽ ഏകദേശം 500 മില്ല്യനിൽ എത്തി അതുമുതൽ ജനസംഖ്യ കൂടുതൽ വർദ്ധിക്കാൻ ആരംഭിച്ചു. ലോക ജനസംഖ്യ ആദ്യമായി 1804-ൽ ഒരു മില്ല്യനായിരുന്നു. 1927-ൽ രണ്ടു മില്ല്യനായി വർദ്ധിച്ചത് 123 വർഷങ്ങൾക്കു ശേഷമാണ്. 1950 മുതൽ ജനസംഖ്യയുടെ വളർച്ച വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു.

1804 മുതൽ ആരംഭിച്ച അതിവേഗത്തിലുള്ള ജനസംഖ്യാ വർദ്ധനവിനെ താഴെ കാണുന്ന പട്ടിക ഒന്നിൽ കാണാം.

പട്ടിക 1- വർദ്ധിച്ചുവരുന്ന ജനസംഖ്യാ കണക്ക്

| വർഷം | ലോക ജനസംഖ്യ ബില്യനിൽ | അടുത്ത ബില്ല്യൻ ജനസംഖ്യ അധികരിക്കാൻ എടുക്കുന്ന വർഷം |
|---|---|---|
| 1804 | 1 | |
| 1927 | 2 | 123 |
| 1960 | 3 | 33 |
| 1974 | 4 | 14 |
| 1987 | 5 | 13 |
| 1999 | 6 | 12 |
| 2011 | 7 | 12 |

ജനസംഖ്യാ വർദ്ധനവ് അല്ലെങ്കിൽപ്രകൃത്യാലുള്ള ജനസംഖ്യാ വർദ്ധനവ് ജനനമരണ നിരക്കുകളെ ആശ്രയിച്ചിരിക്കുന്നു. ജനനനിരക്ക് എന്നത് ഒരു സ്ഥലത്ത് ഒരു വർഷത്തിൽ ജനിക്കുന്ന ജനസംഖ്യ ആ സ്ഥലത്തെ മൊത്തം ജന സംഖ്യയുടെ ആയിരത്തിൽ എത്ര എന്ന് കണക്കാക്കുന്നതാണ്. മരണ നിരക്ക് എന്നത് ഒരു വർഷത്തിൽ ഒരു സ്ഥലത്ത് മരിക്കുന്ന ജനസംഖ്യ ആ സ്ഥലത്തുള്ള മൊത്തം ജനസംഖ്യയുടെ 1000-ൽ എത്ര എന്നതാ കുന്നു.

ജനന നിരക്കിനും മരണ നിരക്കിനും തമ്മിലുള്ള വ്യത്യാസത്തെ ജനസംഖ്യാ വർദ്ധനനിരക്ക് എന്നു പറയുന്നു. ഇത് ശതമാനത്തിൽ കുറിക്കപ്പെടുന്നു.

ജനന മരണ നിരക്കിൽ ഏർപ്പെട്ട വ്യത്യാസം ജനസംഖ്യയിൽ എടുത്തു പറയത്തക്ക പുരോഗതിയെ ഏർപ്പെടുത്തിയിട്ടുണ്ട്. ജനനമരണ നിരക്ക് ഇവ രണ്ടും അധികമായിരുന്നാൽ, ജനസംഖ്യാ അധിക അളവിൽ കൂടുകയില്ല.

മരണ നിരക്കിനെക്കാൾ ജനന നിരക്ക് അധികമായിരുന്നാൽ ജനസംഖ്യ വർദ്ധിക്കും.

ജനനനിരക്ക് കുറയുകയും മരണ നിരക്ക് കൂടുകയും ചെയ്യുമ്പോൾ ജന സംഖ്യ കുറയുന്നു.

വ്യത്യസ്ഥ രാജ്യങ്ങളിൽ വ്യത്യസ്ഥ നിലകളിൽ ജനസംഖ്യ മാറുന്നു. ഇപ്പോൾ വികസിത രാജ്യങ്ങളിൽ ജനന മരണ നിരക്ക് കുറവായിരിക്കുന്നു. വികസ്വര രാജ്യങ്ങളിൽ മരണനിരക്ക് കുറവായും ജനനനിരക്ക് കൂടുതലായും ഇരിക്കുന്നതിനാൽ ജനസംഖ്യ വർദ്ധിക്കുന്നു. വർദ്ധിച്ചു വരുന്ന ജനസംഖ്യയെ നിയന്ത്രിക്കുവാൻ അവർ ജനന നിരക്കിനെ നിയന്ത്രിക്കുന്നതിനു വേണ്ടി പരിശ്രമിക്കുന്നു.

ഇന്ന് ലോകത്തിൽ ചില രാജ്യങ്ങളിൽ ജനന നിരക്കിനെക്കാൾ മരണ നിരക്കാണ് കൂടുതലായിരിക്കുന്നത്. മരണ നിരക്ക് ജനന നിരക്കിനെക്കാൾ ഇരട്ടി യായിരിക്കുന്നതിനാൽ ജനസംഖ്യ കുറഞ്ഞ് കുറഞ്ഞ് പൂജ്യത്തിലാകുകയോ അല്ലെങ്കിൽ സ്വാഭാവിക ജനസംഖ്യയുടെവിപരീത ദിശയിലാകുകയും ചെയ്യുന്നു. (പട്ടിക 2)

### ജനസംഖ്യാ വ്യാപനവും സാന്ദ്രതയും

| രാജ്യങ്ങൾ | വാർഷിക സ്വാഭാവിക കുറവ് (%) |
| --- | --- |
| ഉക്രൈൻ | 0.8 |
| റഷ്യ | 0.6 |
| ജർമ്മനി | 0.2 |
| ജപ്പാൻ | 0 |
| ഇറ്റലി | 0 |

ജനസംഖ്യാ വ്യാപനം എന്നത് ഭൂമിയുടെ ഉപരിതലത്തിൽ ജനങ്ങൾ വ്യാപിച്ചിരിക്കുന്ന രീതിയാണ്. ലോകത്ത് ജനസംഖ്യ വ്യാപനം സ്ഥലത്തിനു സ്ഥലം വ്യത്യാസപ്പെട്ടിരിക്കുന്നു. പരിസ്ഥിതി, മനുഷ്യ ഘടകങ്ങൾ എന്നിവ ജനസംഖ്യാ വ്യാപനത്തെ ബാധിക്കുന്നു. ഭൂമിയിലെ മൊത്ത വിസ്തൃതിയുടെ 10% നിലത്തിൽ 90% ജനങ്ങളും വസിക്കുന്നു.ജനസാന്ദ്രത എന്നത് ഒരു പ്രദേശത്തിലുള്ള ശരാശരി ജനങ്ങളുടെ എണ്ണമാണ്. ഒരു ച.കിലോ മീറ്ററിൽ വസിക്കുന്ന ആകെ ജനങ്ങളുടെ എണ്ണത്തെയാണ് ജന സാന്ദ്രത എന്നു പറയുന്നത്. ഇതിനെ ഒരു രാജ്യത്തിലുള്ള മൊത്ത ജനസംഖ്യയുടെ എണ്ണത്തെ ആ രാജ്യത്തിന്റെ മൊത്ത വിസ്തൃതി കൊണ്ട് ഭാഗിക്കുമ്പോൾ കിട്ടുന്നു.

മൊണാക്കോ എന്ന വളരെ ചെറിയ രാജ്യത്തിലെ ജന സാന്ദ്രത ഒരു ചതുരശ്ര കിലോമീറ്ററിന് 16,779 ജനങ്ങളാണ്. മൊണാക്കോ വളരെ ചെറിയ രാജ്യമാണെങ്കിലും (1.95 ച.കി.മീ.) അതിലെ ജന സാന്ദ്രത വളരെയധികമാണ്. ജന സാന്ദ്രത അധികമുള്ളരാജ്യം ബംഗ്ലാദേശാണ്.

ഇവിടെ 1. ച.കി.മീ. 1069 ജനങ്ങൾ വസിക്കുന്നു. ലോകത്തിലെ ജന സാന്ദ്രത വളരെ കുറഞ്ഞ രാജ്യം മങ്കോളിയയാണ്. ഇവിടെ ച.കി.മീറ്ററിന് 1.7 ജനങ്ങൾ വസിക്കുന്നു. ആസ്ത്രേലിയ 1. ച.കി.മീറ്ററിന് 2.9 ജനങ്ങളോടുകൂടി രണ്ടാം സ്ഥാനം വഹിക്കുന്നു.

**ജനസംഖ്യാ വ്യാപനത്തെയും സാന്ദ്രതയെയും ബാധിക്കുന്ന ഘടകങ്ങൾ.**

ജനസംഖ്യാ വ്യാപനത്തെയും സാന്ദ്രതയെയും ബാധിക്കുന്ന വ്യത്യസ്ഥ പ്രകൃതി ഘടകങ്ങളും മനുഷ്യഘടകങ്ങളും ഉണ്ട്. (പട്ടിക. 3 )

| ഭൗതിക ഘടകങ്ങൾ | ഉയർന്ന സാന്ദ്രത | കുറഞ്ഞ സാന്ദ്രത |
|---|---|---|
| **അ. ഭൗതിക കാരണങ്ങൾ** | | |
| I. ഭൂപ്രകൃതി (നിലത്തിന്റെ രൂപവും ഉയരവും | നിരപ്പായ താഴ്ന്ന നിലങ്ങൾ<br>ഉദാ: ഇന്ത്യയിലെ ഗംഗാ സമതലം | ഉയർന്ന മലമ്പ്രദേശങ്ങൾ<br>ഉദാ: ഹിമാലയം |
| II. കാലാവസ്ഥ | ആവശ്യത്തിനു മഴയും താപവും അധികമുള്ള പ്രദേശങ്ങളിൽ കൃഷി നല്ല വിധം നടക്കുന്നു. അത്തരം പ്രദേശങ്ങളിൽ ജന സാന്ദ്രത കൂടുതലാണ്<br>ഉദാ: ഇന്ത്യ | അധികം ചൂടും,അധികം തണുപ്പുമുള്ള പ്രദേശങ്ങളിൽ ജനസാന്ദ്രത കുറവാണ്<br>ഉദാ: സഹാറാ മരുഭൂമി |
| III. വിഭവങ്ങൾ | ധാരാളം വിഭവങ്ങൾ കിട്ടുന്ന പ്രദേശങ്ങളിൽ ജന സാന്ദ്രത കൂടുതലാണ്. (കൽക്കരി,എണ്ണ, മരം മീൻപിടിത്തം മുതലായവ. | വിഭവങ്ങളുടെ അളവ് വളരെ കുറഞ്ഞപ്രദേശങ്ങളിൽ ജന സാന്ദ്രത കുറവാണ്.<br>ഉദാ: ആഫ്രിക്കയിലെ സഹൽ |
| **ആ. മനുഷ്യ കാരണങ്ങൾ** | | |
| I. രാഷ്ട്രീയം | സ്ഥിരമായ സർക്കാരുള്ള രാജ്യങ്ങളിൽ ഉയർന്ന ജന സാന്ദ്രത കാണുന്നു<br>ഉദാ: സിംഗപൂർ | സ്ഥിരമായഭരണകൂടം ഇല്ലാത്ത രാജ്യങ്ങളിൽ ജനങ്ങൾ സ്ഥലം മാറി പോകുന്നതിനാൽ ജന സാന്ദ്രത കുറവാണ്.<br>ഉദാ: അഫ്ഗാനിസ്ഥാൻ |

| | | |
|---|---|---|
| II. സാമൂഹികം | ജനങ്ങൾ സുരക്ഷിതത്വത്തിനു വേണ്ടി അന്യോന്യം ചേർന്ന് കൂട്ടമായി ജീവിക്കുന്നതിന് മുഖ്യത്വം നൽകുന്നു. ഉദാ: അമേരിക്ക | മറ്റു ചില ജനങ്ങൾ ഒറ്റപ്പെട്ടു ജീവിക്കുന്നതിന് മുഖ്യത്വം നൽകുന്നു. ഉദാ: സ്കാന്റനേവിയക്കാർ |
| III. സാമ്പത്തികം | നല്ല തൊഴിലവസരങ്ങൾ ഉയർന്ന ജനസാന്ദ്രതയെ പ്രോത്സാഹിപ്പിക്കുന്നു. പ്രത്യേകിച്ചും സാമ്പത്തിക വികസിത രാജ്യങ്ങളിലുള്ള നഗരങ്ങളിലും (ടോക്കിയോ) കുറഞ്ഞവികസിത രാജ്യങ്ങളിലുള്ള നഗരങ്ങളിലും (മുംബൈ) ജനസംഖ്യാ അധികമായി കാണുന്നു. | പരിമിതമായ തൊഴിലവസരങ്ങൾക്ക് കാരണം ചില പ്രദേശങ്ങളിൽ ജന സാന്ദ്രത കുറവാണ്. ഉദാ: ആമസോൺ മഴക്കാടുകൾ |

പലരാജ്യങ്ങളിൽ കാണപ്പെടുന്ന ജനസംഖ്യാ വ്യാപനവും ജന സാന്ദ്രതയും കുറിച്ച് പട്ടിക- 4- ൽ വിവരിക്കുന്നു.

പട്ടിക 4, ജനസംഖ്യാ വ്യാപനവും സാന്ദ്രതയും(ഭൂഖണ്ഡങ്ങൾ)

| ഭൂഖണ്ഡം | ജനസംഖ്യ (മില്ല്യനിൽ) | ലോക ജനസംഖ്യ(%) | സാന്ദ്രത |
|---|---|---|---|
| ഏഷ്യാ | 3800 | 60 | 203 |
| ആഫ്രിക്ക | 840 | 12 | 65 |
| യൂറോപ്പ് | 710 | 11 | 134 |
| വടക്കേ അമരിക്ക | 514 | 08 | 32 |
| തെക്കേ അമേരിക്ക | 371 | 5.3 | 73 |
| ആസ്ട്രേലിയ | 21 | 0.3 | 6.4 |

പട്ടിക 4, ജനസംഖ്യാ വ്യാപനവും സാന്ദ്രതയും(ഭൂഖണ്ഡങ്ങൾ)

താഴെയുള്ള പട്ടിക - 5 -ൽ കൊടുത്തിരിക്കുന്ന രാജ്യങ്ങളുടെ പട്ടികയിലിരുന്ന് ജനസംഖ്യ വർദ്ധനവും, ജനസാന്ദ്രതയും അധികമുള്ള രാജ്യങ്ങൾ ഏതാണെന്ന് മനസ്സിലാക്കുക

പട്ടിക - 5 രാജ്യങ്ങളിലെ ജനസാന്ദ്രത

| രാജ്യങ്ങൾ | ജനസംഖ്യ | ലോക ജനസംഖ്യ(%) | ജനസാന്ദ്രത ( ച.കി.മീറ്ററിൽ വസിക്കുന്ന ജനസംഖ്യ) |
|---|---|---|---|
| ജനാധിപത്യ ചൈന | 1,338,890,000 | 19.5 | 139 |
| ഇന്ത്യ | 1,183,770,000 | 17.3 | 360 |
| അമേരിക്ക | 309,842,000 | 4.5 | 32 |
| ഇന്ത്യോനേഷ്യ | 231,369,500 | 3.4 | 121 |
| ബ്രസീൽ | 193,262,000 | 2.8 | 23 |
| പാകിസ്ഥാൻ | 170,124,000 | 2.5 | 211 |
| ബംഗ്ലാദേശ് | 162,221,000 | 2.4 | 1069 |
| റഷ്യ | 154,729,000 | 2.1 | 8 |
| നൈജീരിയ | 141,927,297 | 2.3 | 168 |
| ജപ്പാൻ | 127,530,000 | 1.9 | 337 |

അധിക ജനസാന്ദ്രതയുള്ള പ്രദേശങ്ങളിൽ ജനസംഖ്യാ വർദ്ധനവ് അധികരിക്കുകയും ആ പ്രദേശങ്ങളിൽ ജനസംഖ്യാ വർദ്ധനവിനാൽ ഏർപ്പെടുന്ന ആഘാതത്തെയും അടുത്ത പാഠത്തിൽ കാണാം.

## അഭ്യാസം

### 1. പൂരിപ്പിക്കുക

1. ജനസംഖ്യയുടെ ദ്രുതഗതിയിലുള്ള വളർച്ച ഉണ്ടായത്________ മുതലാണ്
2. ജനനനിരക്ക് എന്നത് ഒരു വർഷത്തിൽ ഒരു സ്ഥലത്ത് ജനിക്കുന്ന കുട്ടികളുടെ എണ്ണം ആസ്ഥലത്തെ മൊത്തം ജനസംഖ്യയുടെ__________ ആണ്
3. ലോക ജനസ്ഖ്യ 6 ബില്യണിൽ എത്തിചേർന്ന വർഷം _______.
4. ലോകത്തിലുടനീളമുള്ള ജനസംഖ്യാ വ്യാപനത്തെ ബാധിക്കുന്ന ഘടകങ്ങൾ_____ ഉം മാനവ ഘടകങ്ങളും ആകുന്നു.
5. ജന സാന്ദ്രത കണക്കിലെടുക്കാൻ ഒരു രാജ്യത്തിലുള്ള ജനങ്ങളുടെ എണ്ണത്തെ ആ രാജ്യത്തിന്റെ_________ നാൽ ഹരിക്കുന്നു.

### II. ശരിയായ ഉത്തരം തെരെഞ്ഞെടുത്തെഴുതുക

1. ജനന നിരക്ക് കൂടുതലും മരണനിരക്ക് __________ഉം ആയാൽ ആ സ്ഥലത്തിലെ ജനസംഖ്യ കൂടുന്നു.

   അ.കൂടുതൽ ആ.കുറവ് ഇ.സ്ഥിരമായത്

2. ഭൂമിയുടെ വിസ്തൃതിയിൽ______ ശതമാനം നിലപരപ്പിൽ 90% ജനങ്ങൾ വസിക്കുന്നു.

   അ. 10 ആ.20 ഇ.25

സാമൂഹ്യ ശാസ്ത്രം

3.______________ജന സാന്ദ്രത അധികമുള്ള രാജ്യമാണ്

അ. ചൈന ആ. മെക്സിക്കോ ഇ. ബംഗ്ലാദേശ്

4.________________കാലാവസ്ഥാ പ്രദേശം കുറഞ്ഞ ജനസംഖ്യയുള്ളതാകുന്നു.

അ. മിതകാലാവസ്ഥ ആ. കഠിനകാലാവസ്ഥ ഇ. തണുപ്പ്

5. നിരന്തരമായ ഭരണ കൂടങ്ങളുള്ള രാജ്യങ്ങളിൽ ജനസാന്ദ്രത ________നെ പ്പോലെ കൂടുതലായിരിക്കും

അ. അഫ്ഗാനിസ്ഥാൻ ആ. ഈജിപ്റ്റ് ഇ. സിംഗപ്പൂർ

## III. യോജിപ്പിക്കുക

| | | |
|---|---|---|
| 1. 1804 | - | കുറഞ്ഞ ജനസാന്ദ്രത |
| 2. മൊണാക്കോ | - | വളരെ കുറഞ്ഞ ജനസാന്ദ്രത |
| 3. കുറഞ്ഞ ജനനനിരക്കും കൂടിയ മരണ നിരക്കും | - | ഒരു ബില്യൻ ജനസംഖ്യ |
| 4. ആസ്ട്രേലിയ | - | കുറയുന്ന ജനസംഖ്യ |
| 5. ജർമനി | - | ഉയർന്ന ജനസാന്ദ്രത |

## IV. ചുരുക്കത്തിൽ ഉത്തരമെഴുതുക

1. നിർവചിക്കുക
   അ) ജനനനിരക്ക് ആ) മരണനിരക്ക് ഇ) ജന സാന്ദ്രത
2. ജനസംഖ്യാ വർദ്ധനവിനെയും ജനസാന്ദ്രതയെയും കാലാവസ്ഥ ബാധിക്കുന്നതെങ്ങനെ?

## V. വിവരിച്ചുത്തര എഴുതുക

1. ലോക ജനസംഖ്യാ വർദ്ധനവിനെക്കുറിച്ച് ഉപന്യസിക്കുക
2. ജന സാന്ദ്രതയെ ബാധിക്കുന്ന മനുഷ്യ ഘടകങ്ങൾ ഏവ? വിവരിക്കുക.

### രൂപീകരണ മൂല്യനിർണ്ണയം

കുറിപ്പെഴുതുക.

1. ഹിമാലയത്തിൽ ജീവിക്കുന്ന ജനങ്ങളുടെ ജീവിതരീതിയെപ്പറ്റി എഴുതുക.
2. താർ മരുഭൂമിയിൽ ജീവിക്കുന്ന ജനങ്ങളുടെ ജീവിതരീതിയെക്കുറിച്ചെഴുക.
3. കടന്നുപോയ പത്താണ്ടുകളിൽ നടന്ന ദുരന്തങ്ങളെപ്പറ്റി എഴുതുക.

ഭൂപടം വരയൽ:

ലോകഭൂപടത്തിൽ, അധികമായി ജനങ്ങൾ വസിക്കുന്ന പ്രദേശങ്ങളെയും കാരണങ്ങളെയും എഴുതുക.

## 4. ജനസംഖ്യയും വിഭവങ്ങളും

ജനസംഖ്യാ വർദ്ധിച്ചു വരുന്നതിനാൽ നിലവിലുള്ള വിഭവങ്ങൾക്ക് മനുഷ്യന്റെ ആവശ്യങ്ങളെ നിറവേറ്റാൻ കഴിയുന്നില്ല. ജനസംഖ്യയ്ക്കും വിഭവങ്ങൾക്കുമിടയിൽ ഒരു അന്തരം നിലനിൽക്കുന്നു.




ചിത്രം 6

വേട്ടയാടി ആഹാരം സംഭരി ക്കുന്ന രീതി കുറഞ്ഞ ജനസാന്ദ്രതയെ മാത്രം സഹായിക്കാൻ കഴിയുന്നതാണ് മനുഷ്യൻ കൃഷി ചെയ്യാൻ ആരംഭിച്ചതോടുകൂടി ജനസംഖ്യ കുത്തനെ വർദ്ധിക്കാൻ തുടങ്ങി. ജനസംഖ്യ വർദ്ധിച്ചത് നിലവിലുള്ള സ്ഥലം,നിലം എന്നിവ തികയാതെ വരുന്നതിന് കാരണമായി. വർഷംതോറും ജനസംഖ്യ വർദ്ധിച്ചു വരുന്നു. എന്നാൽ ഈ ജനസംഖ്യയുടെ നിലനിൽപിനുള്ള വിഭവങ്ങൾ വളരെ പരിമിതമാണ്.

ജനസംഖ്യ അധികമുള്ള വികസ്വരരാജ്യങ്ങൾ, നിലവിലുള്ള കുറഞ്ഞ അളവ് വിഭവങ്ങളെ കൊണ്ട് ജനങ്ങളുടെ ആവശ്യങ്ങളെ പൂർത്തീകരിക്കാൻ വളരെ പാടുപെടുന്നു. ഈ രാജ്യങ്ങൾ ജനങ്ങൾക്കാവശ്യമായ ആഹാരം, ശുദ്ധജലം, തടി, വിറക് എന്നിവയ്ക്കുവേണ്ടി പരിസ്ഥിതിയെ മാറ്റി മറിക്കുന്നു.

വികസിത രാജ്യങ്ങൾ പൊതുവേ ഭൂമിയിലെ വിഭവങ്ങളെ കൂടുതൽ ഉപയോഗിക്കുന്നു. വികസിത രാജ്യങ്ങളിലെ ജനസംഖ്യാവർദ്ധനവ് വികസ്വരരാജ്യങ്ങളെക്കാൾ കൂടുതലാണ്. ലോക വിഭവങ്ങളെ ഉപയോഗിക്കുന്നതിന് കാരണമാകുന്നു. എന്തെന്നാൽ



ചിത്രം 7 വളർന്നു വരുന്ന ആവശ്യങ്ങൾ

വികസിത രാജ്യങ്ങളിലെ ജനങ്ങളുടെ ജീവിത നിലവാരം വളരെ കൂടുതലാണ്.

വർദ്ധിച്ചു വരുന്ന ജനസംഖ്യ പരിമിതമായ വിഭവങ്ങൾക്കുമേൽ സമ്മർദ്ദം ചെലുത്തുന്നു. വിഭവങ്ങള അധികമായി ഉപയോഗിക്കുന്നതിനാൽ അത് ജലത്തിന്റെ അഭാവം, വന നശീകരണം, മരുഭൂമിയാക്കാൻ ഭക്ഷണാപര്യാപ്തത, ധാതുക്കളുടെ കുറവ് മലിനീകരണം എന്നിവയ്ക്ക് കാരണമാകുന്നു.

**ജലം.**

കഴിഞ്ഞ നൂറ്റാണ്ടിൽ ജനസംഖ്യാവർദ്ധനവിനെക്കാൾ ഇരട്ടിയായിരുന്നു ജലത്തിന്റെ ഉപയോഗം. രാജ്യത്തിന്റെ പല ഭാഗത്തും ജലലഭ്യതയെക്കാൾ ജലത്തിന്റെ ഉപയോഗം അധികമായിരുന്നു. ഭൂമിയുടെ മേൽ പരപ്പിൽ നിന്നും ലഭിക്കുന്ന ജലത്തിൽ .03% മാത്രമേ ശുദ്ധജലം ഉള്ളു. വർദ്ധിച്ചു വരുന്ന ജനസംഖ്യ അന്തരീക്ഷ മലിനീകര ണത്തിനും ഭൂഗർഭ ജലമലിനീകരണത്തിനും കാരണമാകുന്നു. തൊഴിൽ ശാലകളാൽ ജലം മലിനമാക്ക പ്പെടുന്നു. വികസ്വര രാജ്യങ്ങളിലെ 95% മാലിന്യങ്ങളേയും നദികളിലേയ്ക്ക് ഒഴുക്കി വിടുന്നു. ജലക്ഷാമം ജനങ്ങൾക്കിടയിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നതിന് കാരണമാകുന്നു. (2025-ൽ ഏകദേശം 5 ബില്ല്യൻ) ജനങ്ങൾ തീവ്രമായ ജലക്ഷാമത്താൽ ബാധി ക്കപ്പെടും.

ലോക ജനസംഖ്യയിൽ 20% ഇന്ത്യയിലാണ്.. എന്നാൽ ജലവിഭവം വെറും 4 % മാത്രമേയുള്ളു..

**ഭക്ഷ്യ വിതരണവും ഭൂമിയുടെ ലഭ്യതയും**

ജനസംഖ്യ വർദ്ധിക്കുന്നതിനാൽ ഭക്ഷ്യ വിതരണവും വർദ്ധിക്കേണ്ടതാണ്. 1950നും 1985-നും ഇടയ്ക്ക് ആഫ്രിക്കയിലും ഏഷ്യയിലും ഉള്ള ഗ്രാമങ്ങളിൽ ജനസംഖ്യ ഇരട്ടിച്ചു.എന്നാൽ ഈ പ്രദേശങ്ങളിലുള്ള ഭൂമിയുടെ ലഭ്യത വളരെ കുറവാണ്. പട്ടണങ്ങളുടെ സമീപമുള്ള കൃഷി ഭൂമികളെ പട്ടണങ്ങളാക്കി മാറ്റുന്നതു കൊണ്ട് കൃഷിസ്ഥലങ്ങൾ കുറയുന്നു. ഭൂമിയുടെ കുറവുകൊണ്ട് മനുഷ്യൻ കാടുകളെ നശിപ്പിക്കുന്നു.

**വന നശീകരണം**

ലോകത്തിൽ 80% വനങ്ങൾ തടികൾക്കുവേണ്ടിയും കൃഷി തൊഴിലിനുവേണ്ടിയും മേച്ചിലിനു വേണ്ടിയും നശിപ്പിക്കപ്പെടുന്നു. വരൾച്ച, മണ്ണരിപ്പ് വെള്ളപ്പൊക്കം, താപമാക്കൽ തുടങ്ങിയവ വന നശീകരണത്താൽ ഏർപ്പെടുന്ന ഫലങ്ങളാണ്.

**മരുഭൂമിയാക്കൽ**

ഭൂമിയിലെ നിലപരപ്പിൽ മൂന്നിൽ ഒരു ഭാഗം(35%) മരുഭൂമിയാക്കലിനാൽ ബാധിക്കപ്പെടുന്നു. ഇത് 110 രാജ്യങ്ങളിൽ വസിക്കുന്ന ധാരാളം ജനങ്ങളെ ബാധിക്കുന്നു. മരുഭൂമിയാക്കൽ വായു സഞ്ചാരം കുറഞ്ഞ സ്ഥലങ്ങളിൽ ഉണ്ടാകുന്നു. മരുഭൂമിയായി മാറിയ പ്രദേശത്തെ വിളനിലമാക്കി മാറ്റാൻ സാധ്യമല്ല.

**ധാതുക്കൾ**

ലോകത്തിൽ ധാതുക്കളുടെ ആവശ്യം കൂടിവരുന്നതുകൊണ്ട് അവ ലഭിക്കുന്നതിന് വളരെ ആഴത്തിൽ കുഴിക്കേിയിരിക്കുന്നു. ഇത് ഭൂഗർഭ മലിനീകരണത്തിനും, ജലനിരപ്പ് താഴുന്നതിനും കാരണമാകുന്നു.

**ഇന്ധനങ്ങൾ**

ലോകത്തിലെ 80%

ഊർജ്ജവും പുതുപ്പിക്കുവാൻ പറ്റാത്ത ഇന്ധനങ്ങളായ കൽക്കരി, എണ്ണ, പ്രകൃതി വാതകം എന്നിവയിൽ നിന്നുമാണ് ലഭിക്കുന്നത്. ഇന്ധനങ്ങളുടെ ഉപയോഗം 1900 മുതൽ 2000 വർഷം വരെ ഇരട്ടിച്ചു കൊണ്ടേയിരിക്കുന്നു. അതിനാൽ ഈ ഇന്ധനങ്ങളുടെ ലഭ്യത കുറഞ്ഞു കൊണ്ടു വരുന്നു. .

## നിലം ഉപയോഗ ശൂന്യമാകൽ

മനുഷ്യ പ്രവർത്തനങ്ങളാൽ നിലം പല രീതികളിൽ ഉപയോഗ ശൂന്യമാകുന്നു. നിലം ,ജലം, വായു തുടങ്ങിയ പ്രകൃതി വിഭവങ്ങൾ അധികമായി ഉപയോഗ ശൂന്യമായി കാണപ്പെടുന്നു. അധികമായി വന നശീകരണം നിലച്ചരിവ് മണ്ണരിപ്പ് മണ്ണിന്റെ ഫലപുഷ്ടിക്കുറവ് വെള്ളപ്പൊക്കം, ജലസേചനപ്രദേശത്തിലെ ഉപ്പടിവ് ക്രമമല്ലാത്ത തുരങ്ക തൊഴിൽ തുരങ്കമുണ്ടാക്കൽ റോഡു നിർമ്മാണം, അവശിഷ്ടങ്ങളെ നിക്ഷേപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളാൽ നിലം ബാധിക്കപ്പെടുന്നു.

## ഉപഗ്രഹ സംവേദന സാങ്കേതി കവും വിഭവങ്ങളും

ജനസംഖ്യ വർദ്ധിച്ചു വരുന്ന തിനാൽ മനുഷ്യൻ ഭൂഗർഭജലം ധാതുക്കൾ എന്നിവയുടെ ലഭ്യതയെ കണ്ടറിയുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നു. മനുഷ്യ രാശിയുടെ നന്മക്കായി ലോകത്തിൽ ലഭിക്കുന്ന പരിമിതമായ വിഭവങ്ങളെ സംയോജിപ്പിച്ച് അവയെ എല്ലാ പേർക്കും ലഭ്യമാകുന്ന രീതിയിൽ വിതരണം ചെയ്യേണ്ടത് അത്യാ വശ്യ മാണ്. ഇതിനെ വിഭവങ്ങളുടെ ലഭ്യതയേയും അവയുടെ വ്യാപന ത്തേയും കുറിച്ച് അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്.

ലോക മഹായുദ്ധത്തിനു ശേഷം ബഹിരാകാശ രംഗത്ത് ഏർപ്പെട്ട പുരോഗതി ലോകത്തിലെ വിഭവങ്ങളെക്കുറ ച്ചറിയുവാൻ വളരെയധികം സഹായകമായി. ആദ്യത്തെ കൃത്രിമോപഗ്രഹമായ സ്പുട്നിക്-1 നെ സോവ്യറ്റ് യൂണി യനിൽ 1951-ൽ വിക്ഷേ പിക്കപ്പെട്ടു. ഇതിനെ തുടർന്ന് വേറെ രാജ്യങ്ങളും പല വിധ ആവശ്യങ്ങൾ ക്കായി ധാരാളം ഉപഗ്രഹങ്ങളെ വിക്ഷേപിച്ചു. ഭൂമിയെച്ചുറ്റി ഗവേഷണങ്ങൾ നടത്തി വിവരങ്ങൾ ശേഖരിക്കുന്നതിനും കാലാവസ്ഥാ നിരീക്ഷണത്തിനും ഗവേഷണങ്ങൾ നടത്തുന്നതിനും പല തരത്തിലുള്ള ക്രിത്യമോപകരണ ങ്ങൾ വിക്ഷേപി ക്കപ്പെടുന്നു.

ഭൂമിയെക്കുറിച്ചുള്ള ഗവേഷണങ്ങൾക്കും വിദൂര സംവേദത്തിനും വിഭവങ്ങളെ കണ്ടറിയുന്നതിനും നിർവ്വാഹത്തിനായും ക്രിതൃമോപകരണങ്ങൾ ഉപയോഗിക്കപ്പെടുന്നു. ക്രിതൃമോപകരണങ്ങൾ പ്രകൃതി വിഭവ ഗവേഷണങ്ങളിലും പരിസ്ഥിതി വീക്ഷണത്തിനും നിർവ്വാഹ ഉപയോഗങ്ങളിലും മുഖ്യ പങ്കു

സാമൂഹ്യ ശാസ്ത്രം

വഹിക്കുന്നു. അമേരിക്കൻ ഐക്യ നാട്ടിലെ ലാന്റ്സാറ്റ്, ഫ്രാൻസിന്റെ സ്പോട്ട്, കൊറിയയിലെ കിറ്റ്സാറ്റ്, ചൈനയിലെ യാങ്ഹാൻ തുടങ്ങിയവ ക്രിത്യമോപകരണങ്ങളിൽ മുഖ്യമായവയാണ്.

ഇന്ത്യയുടെ ആദ്യത്തെ വിദൂര വാർത്താ വിനിമയ കൃത്രിമോപഗ്രഹമായ IRS-IA 1988-ൽ ബഹിരാകാശത്ത് വിക്ഷേപിക്കപ്പെട്ടു. ഇതിനെത്തുടർന്ന് IRS - 1B, 1C,1D, P3,P5,P6 കാർട്ടോ സാറ്റ് (CARTOSAT) റിസോഴ്സാറ്റ് (RESOURCE SAT) എന്നിവയും വിക്ഷേപിക്കപ്പെട്ടു.

വിദൂര സംവേദന വിവരങ്ങൾ, ഭൂമിയിലെ പ്രധാനപ്പെട്ട വിഭവങ്ങൾ, ഭൂഘടനാ ശാസ്ത്രം, മണ്ണ്, പ്രകൃതി സസ്യങ്ങൾ, ജലസ്രോതസ്സുകൾ ധാതുക്കൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നമുക്കു നൽകുന്നു.

ഇത്തരം വിവരങ്ങൾ ഭാവി കാലത്തേക്ക് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിന് പ്രയോജനപ്പെടുന്നു.

## അഭ്യാസം

### I. പൂരിപ്പിക്കുക

1__________.ജനംഖ്യ നിലവിലുള്ള വിഭവങ്ങളായ വെള്ളം, നിലം, മുതലായവയുടെ മേൽ നിന്ത്രണം ഏർപ്പെടുത്തി.

2. 2025 -ൽ _____________ബില്ല്യൻ ജനങ്ങൾ ജലക്കുറവിനാൽ കഠിനമായി ബാധിക്കപ്പെടും.

3.____________നാൽ 110 രാജ്യങ്ങളിലുള്ള ജനങ്ങൾ ബാധിക്കപ്പെടുന്നു.

4. വികസ്വര രാജ്യങ്ങളിൽ 95% രാജ്യങ്ങളും മലിന ജലത്താൽ_________.ആകും.

5. ഇന്ത്യയിലെ ആദ്യത്തെ വിദൂരവീക്ഷണ ഉപഗ്രഹമായ IRS-1A __________ാം വർഷത്തിലാണ് വിക്ഷേപിച്ചത്

### II. ശരിയായ ഉത്തരം തെരെഞ്ഞെടുത്തെഴുതുക.

1. ഭൂമിയിലുള്ള ശുദ്ധ ജലത്തിന്റെ അളവ്
   അ) 30% ആ) .03% ഇ) 3%
2. വരൾച്ച, മണ്ണരിപ്പ്, ലോക താപം എന്നിവ ഉണ്ടാകാൻ കാരണം.
   അ) വന നശീകരണം ആ). വനംരക്ഷണം ഇ. വേട്ടയാടൽ
3. റഷ്യ ആദ്യമായി വിക്ഷേപിച്ച കൃത്രിമ ഉപഗ്രഹം
   അ) സ്പുട്നിക് -1 ആ). സ്പുട്നിക് -11 ഇ). കിറ്റ്സാറ്റ്
4. ലോക ജനംഖ്യയുടെ 20% ജനംഖ്യ ഇന്ത്യയിലുണ്ട് എന്നാൽ ജലത്തിന്റെ തോത്
   അ). 5% ആ). 4% ഇ). 2%
5. ജലനിരപ്പ് കുറയുന്നത്_________പ്രവൃത്തി കൂടുതലാകുന്നതുകൊണ്ടാണ്.
   അ). ഖനനം ആ) വേട്ടയാടൽ ഇ). മീൻപിടിത്തം

### III. യോജിപ്പിക്കുക

| | | |
|---|---|---|
| 1. കാർഷിക വികസനം | - | കാറ്റോട്ടം കുറഞ്ഞ ഭൂമി |
| 2. മരുഭൂമിയാക്കൽ | - | ഫ്രാൻസ് |
| 3. വാണിജ്യ ശക്തി | - | ദൃഢമായ ജനസംഖ്യാവർദ്ധനവ് |
| 4. ലാന്റ് സാറ്റ് | - | കൽക്കരിയും, എണ്ണയും |
| 5. സ്പോട്ട് | - | അമേരിക്ക |

### IV. ചുരുക്കത്തിൽ ഉത്തരമെഴുതുക

1. അധിക വിഭവ ചൂഷണം കൊണ്ടുണ്ടായ ഫലങ്ങളേവ ?
2. അധിക ജനസംഖ്യയും, ജല വിഭവങ്ങൾ കൊണ്ടും ഉണ്ടായ ഫലങ്ങൾ എന്തെല്ലാം ?
3. വികസ്വര രാജ്യങ്ങളിൽ അധിക ജനസംഖ്യ കൊണ്ടുണ്ടായ ദോഷങ്ങൾ എന്തെല്ലാം
4. ഭൂവിഭവങ്ങളെ കണ്ടറിയാൻ ഉപയോഗിക്കുന്ന ഉപഗ്രഹങ്ങൾ ഏതെല്ലാം ?

### V. വിവരിച്ച് ഉത്തരമെഴുതുക

1. വികസിത രാജ്യങ്ങളിലും വികസ്വര രാജ്യങ്ങളിലുമുള്ള വിഭവങ്ങളുടെ ഉപയോഗത്തെപ്പറ്റി വിവരിക്കുക ?
2. ജനസംഖ്യാ വർദ്ധനവ് പരിമിതമായ വിഭവങ്ങളിന്മേൽ സമ്മർദ്ദം ചെലുത്തുന്നു. വിവരിക്കുക.
3. വിദൂര വീക്ഷണ ഉപഗ്രഹം വിഭവങ്ങളെ നിയന്ത്രിക്കുന്നതിൽ എങ്ങനെ സഹായിക്കുന്നു. വിവരിക്കുക ?

## രൂപീകരണ മൂല്യനിർണ്ണയം

ചർച്ച ചെയ്യുക:

2013-ൽ ഉത്തരഖണ്ഡിൽ ഉായ വെള്ളപ്പൊക്കം അവിടത്തെ ജനങ്ങളെ എങ്ങനെയെല്ലാം ബാധിച്ചു? അത് പ്രകൃത്യാലുണ്ടായതാണോ? അല്ലെങ്കിൽ മാനുഷിക പ്രവർത്തനങ്ങാലുണ്ടായതാണോ?

വിവരശേഖരണം:

1. അമേരിക്കാ ഐക്യനാടുകൾ, ഫ്രാൻസ്, ജപ്പാൻ തുടങ്ങിയ നാടുകളുടെ വിദൂര വീക്ഷണ ഉപഗ്രഹങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കുക.
2. 2025-ാം ആണ്ടിൽ ഒരിന്ത്യാക്കാരനെന്ന നിലയിൽ ഏതുതരം ഭക്ഷണമാണ് ഇഷ്ടപ്പെടുക.

ഭൂപട അഭ്യാസം:

1. ലോകഭൂപടത്തിൽ മുഖ്യമായ നദികളെ അടയാളപ്പെടുത്തുക, നദികളുടെ ഉപ യോഗങ്ങളെയും എഴുതുക.
2. ഇന്ത്യഭൂപടത്തിൽ നദികളെ അടയാളപ്പെടുത്തുക. നദികൾ ഇന്ത്യൻ ജന ങ്ങൾക്ക് ഏതെല്ലാം വിധത്തിൽ ഉപയോഗപ്പെടുന്നു എന്നതിനെപ്പറ്റിയും വിവ രി ക്കുക.

## 5. ദുരന്തത്തോടുള്ള പ്രതികരണങ്ങൾ അഥവാ രക്ഷാപ്രവർത്തനങ്ങൾ

വർദ്ധിച്ച ജനസംഖ്യയും സവിശേഷതയാർന്ന ഭൂ-ഭൗതിക വൈവിധ്യങ്ങളോടും കൂടിയ ഇന്ത്യ ലോകത്തിലെ ഏറ്റവുമധികം ദുരന്തസാധ്യതാ പ്രദേശങ്ങളിലൊന്നാണ്. ചുഴലിക്കാറ്റ്, ഭൂകമ്പം, വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃത്യാലുള്ള അപകടങ്ങൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ഥ തീവ്രതകളിൽ സംഭവിക്കാറുണ്ട്. ഇത്തരം അപകടങ്ങളാലുാകുന്ന ദുരന്തങ്ങളുടെ ആക്രമണങ്ങൾക്ക് വിവിധ തോതുകളിൽ നാമെല്ലാം വിധേയമാകുന്നുവെന്നാണ് ഇതിനർത്ഥം. കിഴക്കൻ കടലോര പ്രദേശങ്ങളിൽ വെള്ളപ്പൊക്കം സാധാരണമാണ്. ദക്ഷിണേന്ത്യയിലെ ചില പ്രദേശത്തിലേതുപോലെ രാജസ്ഥാനിലും ഒഡീഷയിലും കൂടെക്കൂടെ വരൾച്ച ഉാകാറു്.

ദുരന്തം സംഭവിക്കുമ്പോൾ അത് പ്രത്യക്ഷത്തിൽ ഉടനെ തന്നെ നമ്മെ ബാധിക്കുന്നു. ഗവൺമെന്റ്, ഐക്യരാഷ്ട്രസംഘടന, റെഡ്ക്രോസ് തുടങ്ങിയ സർവ്വദേശീയ സ്ഥാപനങ്ങൾ, ഗ്രാമത്തിലെ പഞ്ചായത്ത് സമിതികൾ എന്നിവ നാം ദുരന്തം നേരിടുമ്പോൾ നമ്മുടെ സഹായത്തിനെത്തുന്നു. എന്നിരുന്നാലും നാം ജീവിക്കുന്ന സമൂഹമാണ് ആദ്യമായി പ്രതികരിക്കുന്നത്.

പ്രകൃത്യാലും മനുഷ്യപ്രവർത്തനങ്ങളാലും വൻനാശനഷ്ടങ്ങളേർപ്പെടുത്തുന്ന സംഭവങ്ങളാണ് **ദുരന്തം**. ബാധിക്കപ്പെട്ട ജനങ്ങൾക്ക് അതിനെ അതിജീവിക്കുന്നതിനായി ഭക്ഷണം, പാർപ്പിടം, വൈദ്യസഹായം, ധനസാഹയം, സാമൂഹ്യ പിന്തുണ എന്നിവ എല്ലാ മേഖലകളിൽനിന്നും ആവശ്യമായി വരുന്നു.

ഭൂകമ്പം, അഗ്നിപർവ്വതസ്ഫോടനം, വെള്ളപ്പൊക്കം എന്നിവയെ പ്രകൃത്യാലുള്ള ദുരന്തങ്ങളെന്നും അഗ്നിബാധ, വ്യാവസായിക അപകടങ്ങൾ, വാഹന അപകടങ്ങൾ എന്നിവയെ മനുഷ്യപ്രവർത്തനത്താലുള്ള ദുരന്തങ്ങളെന്നും വകഭേദം ചെയ്യാവുന്നതാണ്.

### ഇന്ത്യയുടെ ദുരന്ത സാധ്യതകൾ


- 55% ഭൂപ്രദേശ ഭൂകമ്പ സാധ്യതയുള്ളത്.
- 12% പ്രദേശങ്ങളിൽ വെള്ളപ്പൊക്ക സാധ്യതയുള്ളത്
- 8% പ്രദേശങ്ങളിൽ ചുഴലിക്കാറ്റിനാൽ ബാധിക്കുന്നു.
- 70% കൃഷിസ്ഥലങ്ങളും വരൾച്ചയ്ക്ക് സാധ്യതയുള്ള പ്രദേശങ്ങളാണ്.

### നിങ്ങൾക്കറിയാമോ?

ഭൂകമ്പ തീവ്രത അളക്കുന്നതിന് രു രീതികളു്. അവ റിച്ടർ സ്കെയിൽ (2ൽ കുറഞ്ഞ തീവ്രതാ വിഭാഗം മുതൽ 8ൽ കൂടുതൽ തീവ്രതാവിഭാഗം വരെ) മെർകാലി സ്കെയിൽ (1 മുതൽ 12 വരെ തീവ്രതാ വിഭാഗങ്ങൾ)

ദുരന്ത നിവാരണ ചക്രത്തിലെ രാം ഘട്ടമാണ് ദുരന്ത പ്രതികരണം അഥവാ രക്ഷാപ്രവർത്തനം. പെട്ടെന്നുള്ള തുടർ സഹായം അടിസ്ഥാന സൗകര്യങ്ങളുടെ അതിവേഗത്തിലുള്ള പുനസ്ഥാപനം എന്നിവ ഇതിലുൾപ്പെടുന്നു. ജീവൻ നിലനിറുത്തുക, ആരോഗ്യനില മെച്ചപ്പെടുത്തുക എന്നിവയ്ക്കായി നൽകുന്ന ഉടനടി സഹായമാണ് അടിയന്തിര രക്ഷാ പ്രവർത്തനത്തിന്റെ ലക്ഷ്യം.

### ദുരന്ത നിവാരണ സ്ഥാപനങ്ങളും നിയമ സംവിധാനങ്ങളും




2005 ഡിസംബർ 23-ാം തീയതി ഇന്ത്യാ ഗവൺമെന്റ് ദുരന്ത നിവാരണ നിയമം 2005 നിറവേറ്റിയതിലൂടെ ഒരു നിർണ്ണായക നടപടി കൈക്കൊ‍ു. ഇത് ദേശീയ ദുരന്ത നിവാരണ അതോറിറ്റി ഏർപ്പെടുത്തുന്നതിനുള്ള സാഹചര്യമൊരുക്കി. ദേശീയ ദുരന്ത നിവാരണ അതോറിറ്റി (NDMA) പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയിലും, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ജില്ലാ കളക്ടർ, ജില്ലാ മജിസ്ട്രേറ്റ്, ഡെപ്യൂട്ടി കമ്മിഷണർ എന്നിവരിൽ ഒരാളുടെ അദ്ധ്യക്ഷതയിലും പ്രവർത്തിക്കുന്നു. ഇവർ ദുരന്തനിവാരണത്തിന് സംയോജിതവും സമഗ്രവുമായ സമീപനം സ്വീകരിക്കേതാണ്.

> **നിങ്ങൾക്കറിയാമോ?**
>
> സമീപ കാലത്ത് ഇന്ത്യയെ ബാധിച്ച പ്രകൃതി ദുരന്തമാണ് 2014 സെപ്തംബറിൽ ജമ്മു കാഷ്മീരിലുായ അതിശക്തമായ വെള്ളപ്പൊക്കം. ശ്രീനഗർ പട്ടണത്തിൽ പെയ്ത കനത്ത തുടർ മഴ അപകടമേറിയ വെള്ളപ്പൊക്കത്തിന് കാരണമായി. ആയിരക്കണക്കിനു ജീവഹാനിയുാവുകയും നിരവധി പേർ പല ദിവസങ്ങളായി ഭക്ഷണവും വെള്ളവും ലഭിക്കാതെ വീടിനകത്തുതന്നെ കഴിയേതായും വന്നു.

### ഇന്ത്യയിലെ വൻദുരന്തങ്ങൾ (1980 - 2009)



## പ്രധാന പദങ്ങൾ

1. **അപകടം :** മുറിവുകൾ അഥവാ ജീവഹാനി വസ്തുനാശം, സാമൂഹ്യവും സാമ്പത്തികവുമായ ശിഥിലീകരണം, പരിസ്ഥിതി മലിനീകരണം എന്നിവയുണ്ടാകുന്നതിനെ ഉദ്ദേശിക്കുന്നു.

2. **ബലഹീനത :** ദുരന്തത്താൽ ഏർപ്പെടുന്ന ഭൂമിശാസ്ത്രപരവും സാമൂഹ്യപരവുമായ സാഹചര്യങ്ങളാൽ ഒരു വ്യക്തിക്കോ, സമൂഹത്തിനോ സ്ഥലത്തിനോ ഉണ്ടാകുന്ന ക്ഷതത്തെ ഇത് സൂചിപ്പിക്കുന്നു.

3. **സമൂഹം :** ഒരു ഗ്രാമത്തിലോ നഗരത്തിലോ കൂട്ടായി ജീവിക്കുന്നതും ഒരേ ജീവിതമാർഗ്ഗം അവലംബിക്കുന്നതുമായ പ്രാദേശിക ജനവിഭാഗമാണിത്.

4. **ആദ്യമായി പ്രതികരിക്കുന്നവർ :** ഒരു ദുരന്തത്താൽ പെട്ടെന്ന് ബാധിക്കപ്പെടുന്ന ഒരു ജനവിഭാഗം. ഗവൺമെന്റോ ഇതര ദുരിതാശ്വാസ സ്ഥാപനങ്ങളോ എത്തുന്നതിനുമുമ്പ് ദുരന്തത്തെ നേരിടുകയും അതിനാലുണ്ടാകുന്ന നാശങ്ങളിൽനിന്നും രക്ഷ നേടുന്നതിനുള്ള മാർഗ്ഗം അവലംബിക്കുകയും ചെയ്യുന്നവരാണിവർ.

## I. പ്രകൃതി ദുരന്തങ്ങൾ

**1. ഭൂകമ്പം:** ഭൂമിയിലെ ചില ഭാഗങ്ങളുടെ പെട്ടെന്നുള്ള കമ്പനമാണ് ഭൂകമ്പം. ഇത് എല്ലാ പ്രകൃതിശക്തികളേക്കാളും വിനാശകരമാണ്. ഇതിനാൽ ജീവഹാനിയും വസ്തുനാശവും ഉണ്ടാകുന്നു.



നേപ്പാളിലെ ഭൂകമ്പം - 2015

## വിദ്യാർത്ഥികൾക്കുള്ള പ്രധാന നിർദ്ദേശങ്ങൾ

**ചെയ്യാവുന്നവ:**

1. ഭൂകമ്പമേർപ്പെട്ട് 30 സെക്കന്റിനുള്ളിൽ വീട്ടിൽനിന്നും പുറത്തുപോവുക.
2. വാതിൽ, ജനൽ, കണ്ണാടി വസ്തുക്കൾ എന്നിവയിൽനിന്നും അകലം പാലിക്കുക.
3. ശാന്തമായിരിക്കുക.
4. പുറത്തുപോകാൻ സാധിക്കാതെ വന്നാൽ മേശയ്ക്കടിയിൽ ബലമായി മേശ പിടിച്ചുകൊണ്ടിരിക്കുക.
5. വൈദ്യുതി ബന്ധം, പാചക വാതകബന്ധം എന്നിവ വിച്ഛേദിക്കുക.

**ചെയ്തുകൂടാത്തവ:**

1. പുറത്തുപോകാൻ ലിഫ്റ്റ് ഉപയോഗിക്കരുത്.
2. ഭൂകമ്പ സമയത്ത് വാഹനമോടിക്കരുത്.
3. പാലങ്ങൾ, ഉയർന്ന കെട്ടിടങ്ങൾ, വൈദ്യുത സ്തംഭങ്ങൾ എന്നിവയ്ക്കരികിൽ പോകരുത്.

4. വാതിൽ എളുപ്പത്തിൽ ഉടയാവുന്നതിനാൽ അതിനടുത്ത് പോകരുത്.



ഭൂകമ്പബാധിത മേഖലയിലെ ജനങ്ങളെ രക്ഷപ്പെടുത്തുന്നു.



ഭൂകമ്പബാധിതർക്ക് വൈദ്യസഹായം നൽകൽ



ഭൂകമ്പ ബാധിതർക്ക് സഹായമെത്തിക്കൽ.

**നിങ്ങൾക്കറിയാമോ?**

2015 ഏപ്രിൽ 25ന് നേപ്പാളിന്റെ തലസ്ഥാനമായ കാത്മണ്ഡുവിൽ റിച്ടർ സ്കെയിലിൽ 7.8 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പമുായി. 80 വർഷങ്ങൾക്കു ശേഷമുള്ള ഏറ്റവുമധികം അപകടം വിതച്ച ഭൂകമ്പമാണിത്. 9000ത്തിലധികം ആളുകൾ മരിക്കുകയും 23000 പേർക്ക് പരിക്കേൽക്കുകയും വീടുകളും അടിസ്ഥാന സൗകര്യങ്ങളും വൻതോതിൽ നശിക്കുകയും ചെയ്തു.

**2. സുനാമി :**

സമുദ്രത്തിന്റെ അടിത്തട്ടിലുാകുന്ന ഭൂകമ്പത്താൽ രൂപം കൊള്ളുന്ന വൻതിരമാലകളുടെ ഉയർച്ചയാണ് സുനാമി. തുറമുഖം എന്നർത്ഥം വരുന്ന സു (Tsu) തിരമാല എന്നർത്ഥം വരുന്ന നാമി (nami) എന്നീ ജാപ്പനീസ് പദങ്ങൾകൊ് രൂപം കൊതാണ് സുനാമി എന്ന പദം. ഇവ മനുഷ്യർക്കും ജന്തുക്കൾക്കും നാശമുാക്കുന്നു. മാത്രമല്ല അടിസ്ഥാന സൗകര്യങ്ങളായ വീടുകൾ, ഗതാഗതം എന്നിവയെ നശിപ്പിക്കുന്നു.



സുനാമി 2004 – ചെന്നൈ



സുനാമിയാൽ തകർന്നടിഞ്ഞ പ്രദേശം



സുനാമി ബാധിത പ്രദേശത്തെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ.

## വിദ്യാർത്ഥികൾക്കുള്ള പ്രധാന നിർദ്ദേശങ്ങൾ

### ചെയ്യാവുന്നവ

1. സുനാമി മുന്നറിയിപ്പ് ലഭിച്ച ഉടൻതന്നെ സുരക്ഷിതമായ സ്ഥലത്തിലേയ്ക്ക് പോവുക.
2. വികലാംഗർ, സ്ത്രീകൾ, വൃദ്ധജനങ്ങൾ കുട്ടികൾ തുടങ്ങിയ അബലരായ ജനവിഭാഗങ്ങളെ ആദ്യം തന്നെ മാറ്റിപ്പാർപ്പിക്കുക.

### ചെയ്യാൻ പാടില്ലാത്തവ

1. സുനാമി മുന്നറിയിപ്പ് ലഭിച്ച ശേഷം കടൽതീരം കാണാൻ പോകരുത്.
2. പരിഭ്രാന്തരാകരുത്.
3. സുനാമിയെക്കുറിച്ചുള്ള കിംവദന്തികൾ വിശ്വസിക്കരുത്.

**നിങ്ങൾക്കറിയാമോ?**

2004 ഡിസംബർ 26-ാം തീയതി ഇന്ത്യയുടെ തെക്കൻ സംസ്ഥാനമായ തമിഴ്നാട്ടിൽ സുനാമി ആഞ്ഞടിച്ചപ്പോൾ ഇടതിങ്ങിയ കൽ വനങ്ങളുള്ള പിച്ചാവരം, മുത്തുപ്പേട്ട പ്രദേശങ്ങളിൽ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് വളരെക്കുറച്ചു മാത്രമാണ് വസ്തുനാശവും ജീവഹാനിയും സംഭവിച്ചത്.

സുനാമിക്കു ശേഷമുള്ള രക്ഷാപ്രവർത്തനം



സുനാമിബാധിത ജനങ്ങളുടെ ദുരിതാശ്വാസകേന്ദ്രം.

1. സർക്കാർ ഭരണകൂടവും ഗവൺമെന്റിതര സംഘടനകളും ബാധിക്കപ്പെട്ട ജനങ്ങളെ വീടുകളുടെ പുനർനിർമ്മാണത്തിനുശേഷം അവരുടെ സ്വന്തം സ്ഥലങ്ങളിൽ പുനരധിവസിപ്പിക്കുന്നു.
2. സുനാമി ബാധിത ജനങ്ങൾക്ക് സാമ്പത്തിക സഹായം നൽകി സുനാമികൊുായ അവരുടെ നഷ്ടങ്ങൾ നികത്തുന്നു.
3. കടലോരങ്ങളിൽ കൽ വനങ്ങൾ വെച്ചു പിടിപ്പിക്കുന്നതിനാൽ ഒരു പരിധിവരെ സുനാമിയിൽനിന്നും രക്ഷ നേടാവുന്നതാണ്.

### 3. ഉരുൾ പൊട്ടൽ:

അതിവേഗത്തിലോ അഥവാ മന്ദഗതിയിലോ പാറകൾ ചരിവിലൂടെ ഒലിച്ചിറങ്ങുന്നതിനെ ഉരുൾപൊട്ടൽ എന്നു പറയുന്നു.

പാറകളുടെ അസ്ഥിരമായ സ്ഥാനം, അതിശക്തമായ മഴ, ഭൂകമ്പം എന്നിവയാൽ ഉരുൾ പൊട്ടലുാകുന്നു. അവ കൃഷിസ്ഥലങ്ങൾ, വീടുകൾ, ഗതാഗത സംവിധാനങ്ങൾ എന്നിവകൾക്ക് നാശനഷ്ടങ്ങളുാക്കുന്നു.



മഹാരാഷ്ട്രയിലെ ഉരുൾപൊട്ടലുായ സ്ഥലത്തിലെ ഒഴിച്ചുമാറ്റൽ.

**ഉരുൾപൊട്ടൽ സംഭവിക്കുമ്പോൾ അനുവർത്തിക്കേ രക്ഷാ പ്രവർത്തനങ്ങൾ.**

1. ജനങ്ങൾ വീടുവിട്ടിറങ്ങുമ്പോൾ അധികഭാരമുള്ള വസ്തുക്കളോ വളരെയേറെ വസ്തുക്കളോ എടുത്തുകൊ് പോകരുത്.
2. താഴ്ന്നതും സുരക്ഷിതമല്ലാത്തതുമായ സ്ഥലങ്ങളിലേയ്ക്ക് അവർ പോകരുത്.
3. ഉരുൾപൊട്ടലിനെക്കുറിച്ചുള്ള തെറ്റായ വിവരങ്ങളും കിംവദന്തികളും വിശ്വസിക്കാതിരിക്കുക.



പൂനയിലെ ഉരുൾപൊട്ടലിൽ ഉായ നാശാവശിഷ്ടങ്ങൾ അകറ്റൽ

**വിദ്യാലയങ്ങൾ മുൻകൈ എടുക്കേ പ്രവർത്തനങ്ങൾ**

1. ഉരുൾപൊട്ടലും അതിനാലുള്ള നാശങ്ങളെയും കുറിച്ച് കുട്ടികൾ അറിഞ്ഞിരിക്കുന്നതിനായി ബോധവൽക്കരണം നടത്തുക.
2. അഗ്നിശമനസേന, പോലീസ്, ചികിത്സാ സ്ഥാപനം എന്നിവയെ ഉടൻവിവരം അറിയിക്കുക.
3. ഉരുൾപൊട്ടലുാകാതിരിക്കുന്ന തിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.

### 4. ചുഴലിക്കാറ്റ്

മദ്ധ്യത്തിൽ ന്യൂനമർദ്ദത്തിലുള്ള അതിശക്തവും ഈർപ്പം നിറഞ്ഞതുമായ കാറ്റ് മർദ്ദം കൂടിയ കാറ്റിനാൽ ചുറ്റപ്പെട്ടിരിക്കുന്നതാണ് ചുഴലിക്കാറ്റ്. ഇത് വളരെ വിസ്തൃതമായ സ്ഥലങ്ങളിൽ വൻതോതിൽ ജീവഹാനിയും വസ്തുനാശവും സൃഷ്ടിക്കുന്നു. ഇന്ത്യയെ ഏറ്റവും കൂടുതൽ ബാധിക്കുന്ന പ്രകൃതിദുരന്തം ചുഴലിക്കാറ്റാണ്. ഏറ്റവുമധികം ചുഴലിക്കാറ്റിനാൽ ബാധിക്കപ്പെടുന്ന ആറു രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. ആന്ധ്രാപ്രദേശം, തെലുങ്കാന, ഒഡീഷ എന്നീ സംസ്ഥാനങ്ങൾ ഇന്ത്യയിൽ ഏറ്റവും കൂടുതൽ ചുഴലിക്കാറ്റിനാൽ ബാധിക്കുന്നവയാണ്.

**നിങ്ങൾക്കറിയാമോ?**

ഇന്ത്യയിൽ ചുഴലിക്കാറ്റെന്ന് അറിയപ്പെടുന്ന കൊടുങ്കാറ്റുകൾ അറ്റ്ലാന്റിക് മഹാസമുദ്രത്തിൽ 'ഹരിക്കേൻ' എന്നും പസഫിക് മഹാസമുദ്രത്തിൽ 'ടൈഫൂൺ' എന്നും ആസ്ട്രേലിയയിൽ 'വില്ലി വില്ലി' എന്നും അറിയപ്പെടുന്നു.

തമിഴ്നാട്ടിൽ 13 ജില്ലകൾ ഉഷ്ണമേഖലാ ചുഴലിക്കാറ്റിനാൽ വളരെയേറെ ബാധിക്കപ്പെടുന്നു. അവ തിരുവള്ളൂർ, ചെന്നൈ, കാഞ്ചീപുരം, വിഴുപ്പുറം, കടലൂർ, നാഗപട്ടണം, തിരുവാരൂർ, തഞ്ചാവൂർ, പുതുക്കോട്ട, രാമനാഥപുരം, തൂത്തുക്കുടി, തിരുനെൽവേലി, കന്യാകുമാരി എന്നിവയാണ്.

### വിദ്യാർത്ഥികൾക്കു നൽകാവുന്ന പ്രധാന നിർദ്ദേശങ്ങൾ

**ചെയ്യാവുന്നവ :**

1. സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് മാറിപ്പോവുക.
2. ചുഴലിക്കാറ്റ് മുന്നറിയിപ്പുകൾ നിർബന്ധമായി അനുസരിക്കുക.
3. ചുഴലിക്കാറ്റ് തീവ്രമാകുന്നതിനു മുമ്പുതന്നെ കുറഞ്ഞത് ഏഴു ദിവസത്തേക്കെങ്കിലും ആവശ്യമായ ഭക്ഷ്യവസ്തുക്കൾ, ഇന്ധനം, മരുന്നുകൾ, ജലം എന്നിവ സംഭരിക്കുക.
4. വൈദ്യുതോപകരണങ്ങളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുക.



അടിസ്ഥാന സൗകര്യങ്ങൾക്ക് ചുഴലിക്കാറ്റിനാലുാകുന്ന നാശം.



ചുഴലിക്കാറ്റ് ബാധിത മേഖല

### വിദ്യാർത്ഥികൾക്ക് നൽകാവുന്ന പ്രധാന നിർദ്ദേശങ്ങൾ

**ചെയ്യാൻ പാടില്ലാത്തവ**

1. വെള്ളം തിളപ്പിക്കാതെ കുടിക്കരുത്.
2. കടലിൽ മത്സ്യബന്ധനത്തിന് പോകരുത്.
3. ചുഴലിക്കാറ്റ് മുന്നറിയിപ്പുകൾ അവഗണിക്കാതിരിക്കുക

### ചുഴലിക്കാറ്റിനെക്കുറിച്ച് കുട്ടികൾ അറിഞ്ഞിരിക്കേ വസ്തുതകൾ

1. തുറമുഖത്തിൽ പ്രവർത്തിക്കുന്ന ചുഴലിക്കാറ്റ് സിഗ്നൽ സംവിധാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചറിയുക.

2. ചുഴലിക്കാറ്റു ാകുന്നതും അതിന്റെ നാശോന്മുഖതയെയും കുറിച്ചുള്ള റേഡിയോ, ടെലിവിഷൻ സംപ്രേക്ഷണങ്ങൾ ശ്രദ്ധിക്കുക.

3. അടിയന്തിര സഹായത്തിനുള്ള സംവിധാനങ്ങൾ തയ്യാർ നിലയിൽ വെയ്ക്കുക. ചുഴലിക്കാറ്റ് വളരെ ശക്തമാണെങ്കിൽ നിങ്ങൾ കുടുംബത്തോടെ ഉറപ്പുള്ള കെട്ടിടത്തിലേയ്ക്ക് അഥവാ പുനരധിവാസ കേന്ദ്രത്തിലേയ്ക്ക് മാറിപ്പാർക്കുക.

### 5. വെള്ളപ്പൊക്കം

നദിക്കരയിൽ നിന്നും വലിയ തോതിൽ വെള്ളം കവിഞ്ഞൊഴുകുന്നതാണ് വെള്ളപ്പൊക്കം കൊ ് അർത്ഥമാക്കുന്നത്. കനത്തമഴ, ചുഴലിക്കാറ്റ്, മഞ്ഞുരുകൽ, സുനാമി, അണക്കെട്ട് തകരൽ എന്നിവ കൊ് അധികമായും വെള്ളപ്പൊക്കമുാകുന്നു.

കൃഷി, വാസസ്ഥലങ്ങൾ, മനുഷ്യരുടേയും മൃഗങ്ങളുടേയും ജീവൻ എന്നിവയ്ക്ക് വെള്ളപ്പൊക്കം വൻനാശമു ാക്കുന്നു. അവ കൃഷിസ്ഥലങ്ങളെ പുനക്രമീകരണത്തിന് സാധ്യമാകാത്ത വിധത്തിൽ നാശമുാക്കുന്നു.

മുംബൈയും അതിന്റെ പരിസര പ്രദേശങ്ങളും തെക്കുപടിഞ്ഞാറൻ കാലവർഷക്കാലത്ത് വെള്ളപ്പൊക്കത്താൽ ബാധിക്കുന്നു. തമിഴ്നാട്, ആന്ധ്രാപ്രദേശം, ഒഡീഷ എന്നീ സംസ്ഥാനങ്ങളിൽ വടക്കുകിഴക്കൻ കാലവർഷത്താൽ വെള്ളപ്പൊക്കമുാകുന്നു. ഇന്ത്യയിൽ 175 വെള്ളപ്പൊക്ക മുന്നറിയിപ്പു കേന്ദ്രങ്ങൾ ഏർപ്പെടുത്തിയിട്ട്.



വെള്ളപ്പൊക്കത്തിൽ ബാധിക്കപ്പെട്ട ജനങ്ങളുടെ ഒഴിച്ചുമാറ്റം.

### വിദ്യാർത്ഥികൾക്കുള്ള പ്രധാന നിർദ്ദേശങ്ങൾ

**ചെയ്യാവുന്നവ:**

1. വെള്ളപ്പൊക്കമു ാകുമ്പോൾ നദിക്കരയുടെ സമീപമുള്ള താഴ്ന്ന പ്രദേശത്തുനിന്നും ഒഴിച്ചു മാറ്റപ്പെടുക.
2. ഉടഞ്ഞ അഥവാ ബലക്ഷയമുള്ള നദിക്കരകളിൽ മണൽച്ചാക്കുകൾ വെയ്ക്കുക.
3. ശുദ്ധീകരിക്കപ്പെട്ട തിളപ്പിച്ച വെള്ളം കുടിക്കുക.
4. പകർച്ചരോഗങ്ങൾ വ്യാപിക്കാതിരിക്കാൻ ഉടൻതന്നെ വൈദ്യശിശ്രൂഷ തേടുക.
5. ഉണങ്ങിയ ഭക്ഷ്യവിഭവങ്ങൾ, കുടിവെള്ളം, ഉണങ്ങിയ തണുപ്പകറ്റാനുള്ള വസ്ത്രം എന്നിവ സജ്ജീകരിക്കുക.



വെള്ളപ്പൊക്കത്താൽ ബാധിക്കപ്പെട്ട ജനങ്ങളെ സൈന്യം രക്ഷപ്പെടുത്തുന്നു.

**കുട്ടികൾക്കു നൽകാവുന്ന പ്രധാന നിർദ്ദേശങ്ങൾ**

**ചെയ്യാൻ പാടില്ലാത്തവ :**

1. വെള്ളപ്പൊക്കമുള്ള ജലാശയത്തിൽ നീന്താൻ ശ്രമിക്കരുത്.
2. പ്രധാന ലൈനിൽനിന്നും മുറിഞ്ഞു വീണ വൈദ്യുത കമ്പിയെ അതുമായി ബന്ധിപ്പിക്കാൻ ശ്രമിക്കരുത്.
3. വെള്ളപ്പൊക്കം ഉ ാകുന്ന സമയത്തിൽ വിനോദയാത്ര പോകരുത്.

## 6. വരൾച്ച

ദീർഘകാലം മഴപെയ്യാത്തതിനാൽ ഒരു സ്ഥലത്തു കാണപ്പെടുന്ന ഈർപ്പരഹിതമായ അവസ്ഥയെയാണ് വരൾച്ച എന്നു പറയുന്നത്. വരൾച്ചയുടെ തീവ്രത അവിടത്തെ ഈർപ്പത്തിന്റെ കുറവ്, മഴ പെയ്ത കാലയളവ് അതിന്റെ ശക്തി, ആ സ്ഥലത്തിന്റെ സ്ഥാനം എന്നിവയെ ആശ്രയിച്ചിരിക്കുന്നു.

വരൾച്ചബാധിത പ്രദേശങ്ങളിൽ കാർഷികോൽപാദനം കുറയുന്നു. അത് ജലദൗർലഭ്യമുാക്കുന്നു. ക്ഷാമത്തിനും ദാരിദ്ര്യത്തിനും ഇത് വഴിതെളിക്കുന്നു. ജനങ്ങളെ മറ്റു സ്ഥലങ്ങളിലേയ്ക്ക് കുടിയേറാൻ പ്രേരിപ്പിക്കുന്നു. വന്യജീവികൾക്ക് ജലക്ഷാമം അനുഭവപ്പെടുമ്പോൾ അവ മനുഷ്യവാസസ്ഥലങ്ങളിൽ എത്തുന്നു.



വരൾച്ചബാധിച്ച വയൽ

**തമിഴ്നാട്ടിലെ വരൾച്ചയ്ക്ക് സാധ്യതയുള്ള ജില്ലകൾ**

1. രാമനാഥപുരം
2. പുതുക്കോട്ട
3. ശിവഗംഗ
4. വിഴുപ്പുറം



വരൾച്ച ബാധിതർക്കുള്ള ഭക്ഷ്യവിതരണം

## വരൾച്ചബാധിത പ്രദേശത്തെ രക്ഷാപ്രവർത്തനം

1. മഴവെള്ള സംഭരണ പദ്ധതി അടിസ്ഥാനതലത്തിൽ നിന്നുതന്നെ ആവിഷ്കരിക്കണം.
2. വരണ്ട പ്രദേശത്ത് വരൾച്ചയെ അതിജീവിക്കുന്ന വിളവുകൾ കൃഷിചെയ്യണം.
3. ജലദൗർലഭ്യം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ തുള്ളി ജലസേചനം നടത്തുക.

വരൾച്ചയെ അതിജീവിക്കുന്നതിന് വിദ്യാർത്ഥികൾ നടത്താവുന്ന പ്രവർത്തനങ്ങൾ ഏവ?

1. ജലവിഭവ സംരക്ഷണം

a. ജലം ആവശ്യമില്ലാതെ ഉപയോഗിക്കാതിരിക്കുക. ജലം പാഴായി പോകുന്നതിനെ തടയുക.

b. ഉപയോഗിച്ച് മലിനമായ ജലത്തെ ശുദ്ധീകരിച്ച് വീണ്ടും ഉപയോഗിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക.

c. നിങ്ങളുടെ വിദ്യാലയത്തിൽ ജലവിഭവ നിർവ്വഹണ സമിതി ഏർപ്പെടുത്തുക.

2. വീട്ടിലും വിദ്യാലയത്തിലും മഴവെള്ള സംഭരണം നടത്തുക. നിങ്ങൾക്ക് എങ്ങനെ മഴവെള്ളം സംഭരിച്ച് സൂക്ഷിക്കാമെന്ന് കണ്ടെത്തുക. അഥവാ മഴവെള്ളത്തെ കിണറിലേയ്ക്കോ കുഴൽക്കിണറിലേയ്ക്കോ ഒഴുക്കുകയോ സംബിൽ നിറയ്ക്കുകയോ ചെയ്യുക.

3. മരങ്ങൾ നട്ട് അവയെ സംരക്ഷിക്കുക. മരം നട്ടുപിടിപ്പിക്കുന്നതിനായി പ്രചരണ പരിപാടികൾ സംഘടിപ്പിച്ച് ബോധവൽക്കരണം നടത്തുക. നിങ്ങളുടെ പ്രദേശത്ത് അനുയോജ്യമായതിനെ തെരഞ്ഞെടുക്കുക.

## II. മനുഷ്യ പ്രവർത്തനത്താലുള്ള ദുരന്തങ്ങൾ

### 1. അഗ്നിബാധ കൊണ്ടുള്ള അപകടങ്ങൾ

വൈദ്യുത ഹ്രസ്വപരിവാഹവും (Short Circuit) രാസവ്യവസായ ശാലകൾ, തീപ്പെട്ടി, പടക്കവ്യവസായ ശാലകൾ എന്നിവിടങ്ങളിലെ അഗ്നിബാധയും ഇത്തരം അപകടങ്ങൾക്ക് കാരണമാകുന്നു. മനുഷ്യരുടെ അശ്രദ്ധകൊണ്ടാണ് അധികവും കാട്ടുതീ ഉണ്ടാകുന്നത്.

### അഗ്നിബാധയാലുള്ള അപകടങ്ങൾ ഉണ്ടാകാവുന്ന സ്ഥലങ്ങൾ.

1. രാസവ്യവസായ ശാലകൾ
2. വൈദ്യുതി ചോർച്ച ഉണ്ടാകാൻ സാധ്യതയുള്ള കംപ്യൂട്ടർ ലാബ്, അടുക്കള എന്നീ സ്ഥലങ്ങൾ.
3. വരൾച്ചയുടെ കാലത്തെ വനങ്ങൾ.
4. പെട്രോൾ ബങ്കുകൾ
5. വ്യവസായശാലകൾ



അഗ്നിശമന സേന വീടുകളുള്ള പ്രദേശത്തു ബാധിച്ച തീ അണയ്ക്കുന്നു

**വിദ്യാർത്ഥികൾക്കു നൽകാവുന്ന പ്രധാന നിർദ്ദേശങ്ങൾ**

**ചെയ്യാവുന്നവ**

1. ഏതെങ്കിലും പ്രദേശത്തിൽ അഗ്നിബാധ ഉാകുമ്പോൾ ഉച്ചത്തിൽ വിളിച്ചോ മണിമുഴക്കിയോ ഉടനടി സഹായം തേടുക.

2. മണൽ അഥവാ തീയണക്കുന്ന ഉപാധി ഉപയോഗിച്ച് പെട്ടെന്ന് തീയണയ്ക്കുക.

3. പ്രധാന വൈദ്യുത പരിവാഹത്തിന്റെ ബന്ധം വിച്ഛേദിക്കുക.

4. നമ്മുടെ വസ്ത്രത്തിൽ തീ പിടിച്ചാൽ നിൽക്കുക, നിലത്തു കിടക്കുക, ഉരുളുക എന്നീ പ്രവർത്തനങ്ങളിലൂടെ തീയണയ്ക്കുക.

**ചെയ്യാൻ പാടില്ലാത്തവ**

1. ഒരു വൈദ്യുത പരിവാഹ സ്ഥലത്തിൽ കളിക്കുമ്പോൾ പോലും ഒന്നും വെയ്ക്കാതിരിക്കുക.

2. വൈദ്യുത തൂണുകളിൽ കയറാതിരിക്കുക.

3. വൈദ്യുത കമ്പികൾക്കടുത്ത് പട്ടം പറത്തരുത്.

4. തീപ്പെട്ടിക്കൊള്ളികൾ, ലൈറ്ററുകൾ എന്നിവ വെച്ച് കളിക്കരുത്.

5. മുതിർന്നവരുടെ സഹായമില്ലാതെ പടക്കം പൊട്ടിച്ച് കളിക്കരുത്.



അഗ്നിബാധയാലുള്ള അപകടം സംഭവിച്ച വ്യക്തിക്കുള്ള വൈദ്യസഹായം

**2. ഗതാഗത അപകടങ്ങൾ**

അശ്രദ്ധ കൊാേ ട്രാഫിക് നിയമ ലംഘനത്താലോ വാഹനങ്ങൾക്ക് ഉാകുന്ന അപകടമാണ് ഗതാഗത അപകടം എന്നു പറയുന്നത്.



നിരവധി ആളുകളുടെ മരണത്തിന് കാരണമായ ഗതാഗത അപകടം.

**ഗതാഗത അപകടത്തിന്റെ കാരണങ്ങൾ**

1. മദ്യലഹരിയിലോ, സെൽഫോൺ സംസാരിച്ചുകൊാേ അശ്രദ്ധമായി വാഹനം ഓടിക്കുന്നത്.
2. നിർദ്ദിഷ്ട വേഗതയെക്കാളും അതിവേഗത്തിൽ വാഹനമോടിക്കുന്നത്.
3. മോശമായ കാലാവസ്ഥ
4. വിശ്രമമില്ലാതെ ദീർഘദൂരം വി ഓടിക്കുന്നത്.

**നിങ്ങൾക്കറിയാമോ?**

ദിവസേന 43 പേർ എന്ന തോതിൽ തമിഴ്നാട്ടിൽ ആളുകൾ റോഡപകടത്തിൽ മരിക്കുന്നു.

## വിദ്യാർത്ഥികൾക്കു നൽകാവുന്ന പ്രധാന നിർദ്ദേശങ്ങൾ

### ചെയ്യാവുന്നവ

1. അപകടം നടക്കുമ്പോൾ ഉടനെ തന്നെ ആംബുലൻസ് സേവനത്തിന് അറിയിക്കുക.
2. അപകടത്തെക്കുറിച്ച് പോലീസിനെ അറിയിക്കുക.
3. മുറിവേറ്റവർക്ക് ഉടനെതന്നെ വൈദ്യസഹായം നൽകുക.

### ചെയ്യാൻ പാടില്ലാത്തവ


1. നിയന്ത്രണമില്ലാതെ അതിവേഗത്തിൽ വി ഓടിക്കരുത്.
2. പ്രായപൂർത്തിയാകുന്നതിനു മുമ്പോ ലൈസൻസ് ഇല്ലാതെയോ വി ഓടിക്കരുത്.
3. വി ഓടിക്കുമ്പോൾ അഥവാ റോഡ് മുറിച്ച് കടക്കുമ്പോൾ സെൽഫോൺ ഉപയോഗിക്കരുത്.

## വിദ്യാലയങ്ങളിലെ ഗതാഗത സുരക്ഷാ നിർവ്വഹണം

1. സ്കൂൾ കുട്ടികൾക്കായി കൂടെക്കൂടെ ഗതാഗത സുരക്ഷയെക്കുറിച്ചുള്ള പരിപാടികൾ നടത്തി അവരിൽ പൊതുവായ അവബോധം സൃഷ്ടിക്കുക.
2. സ്കൂൾ വിദ്യാർത്ഥികൾക്ക് ഗതാഗത സുരക്ഷയെക്കുറിച്ചുള്ള പരിശീലനം നൽകുക.
3. കുട്ടികൾ റോഡുകളെ കളിസ്ഥലമാക്കാതിരിക്കുക.
4. ഇരുചക്ര വാഹനങ്ങൾ രുപേർക്കു മാത്രം യാത്ര ചെയ്യാനുള്ളതെന്ന് മനസ്സിലാക്കുക.

## 3. തിക്കും തിരക്കിലുമുള്ള വിരട്ടോട്ടം

ചില പ്രത്യേക കാരണങ്ങളാൽ ജനക്കൂട്ടത്തിൽ ആളുകൾ പരക്കം പായുന്നതാണ് വിരട്ടോട്ടം എന്നു പറയുന്നത്. ഇതിനാൽ മരണം, മുറിവേൽക്കൽ, വസ്തുനാശം എന്നിവ സംഭവിക്കാവുന്നതാണ്.



| വിരട്ടോട്ടത്തിന്റെ സ്ഥലങ്ങൾ അഥവാ സന്ദർഭങ്ങൾ |
|---|
| ❖ ആരാധനാലയങ്ങൾ |
| ❖ ആഘോഷങ്ങൾ |
| ❖ കായിക മത്സരങ്ങൾ |
| ❖ സംഗീത പരിപാടികൾ |
| ❖ പ്രദർശനങ്ങൾ |
| ❖ വൻജനാവലി പങ്കെടുക്കുന്ന സമ്മേളനങ്ങളും പൊതുയോഗങ്ങളും. |

| വിരട്ടോട്ടത്തിന്റെ കാരണങ്ങൾ |
|---|
| ❖ ഭയം |
| ❖ പരിഭ്രാന്തി |
| ❖ ആവേശം |
| ❖ കിംവദന്തി |
| ❖ ആശയക്കുഴപ്പം |

### വിരോട്ടം കൊുാകുന്ന പ്രശ്നങ്ങൾ

1. വലിയ തോതിലുള്ള ജീവഹാനി
2. ജനങ്ങൾക്ക് ഗുരുതരമായ പരിക്കേൽക്കുക.
3. അടിസ്ഥാന സൗകര്യങ്ങൾക്ക് നാശം സംഭവിക്കുക.
4. വസ്തുനാശം

### സുരക്ഷാമാർഗ്ഗങ്ങൾ

1. വിരോട്ടം തടയുന്നതിനുള്ള ബോധവൽക്കരണം
2. മാർഗ്ഗമദ്ധ്യേ ചെറിയ തടസ്സങ്ങളുാക്കി വിരോട്ടം തടയാം.
3. രക്ഷാപ്രവർത്തനങ്ങൾക്ക് പോലീസിനെയും ഇതര സുരക്ഷാവിഭാഗങ്ങളേയും ഉപയോഗിക്കുക.
4. ബാധിക്കപ്പെട്ട ജനങ്ങൾക്ക് പ്രഥമ ശിശ്രൂഷ നൽകുക.

### വിദ്യാർത്ഥികൾക്കു നൽകാവുന്ന പ്രധാന നിർദ്ദേശങ്ങൾ

**ചെയ്യാവുന്നവ:**

1. പുറത്തു പോകാനുള്ള ഇതര മാർഗ്ഗങ്ങൾ കുവെയ്ക്കുക.
2. കൈകളെ മാറോട് ചേർത്ത് പിടിക്കുക.
3. ജനക്കൂട്ടത്തിനിടയ്ക്ക് കോണാകൃതിയിലുള്ള മാർഗ്ഗത്തിലൂടെ സഞ്ചരിക്കുക.
4. നിലത്തു വീണ് എഴുന്നേൽക്കാൻ സാധിക്കാതെ വന്നാൽ കൈകളെ തലയിൽ വെച്ച് ഭ്രൂണാകൃതിയിൽ ചുരുു കിടക്കുക.
5. വിരോട്ട സമയത്ത് സമർത്ഥമായി ആശയവിനിമയം നടത്തുക. സ്വയം രക്ഷ നേടുന്നതിനും മറ്റുള്ളവരെ രക്ഷിക്കുന്നതിനും ആംഗ്യഭാഷ ഉപയോഗിക്കുക.

**ചെയ്യാൻ പാടില്ലാത്തവ:**

1. സ്കൂൾ ഗേറ്റ്, പടിക്കെട്ട്, ക്ലാസ്സുമുറിയുടെ പ്രവേശന കവാടം എന്നിങ്ങനെ ആൾക്കൂട്ടമുള്ള സ്ഥലങ്ങളിൽ ഓടുകയോ, മറ്റുള്ളവരെ പിന്നിലാക്കി ചെല്ലുകയോ ആളുകളെ തള്ളിമാറ്റുകയോ ചെയ്യരുത്.
2. സ്ഥലക്കുറവുള്ള ക്ലാസ്സുമുറികളിൽ അധികം കുട്ടികളെയോ ഒന്നിലധികം ക്ലാസ്സുകളെയോ അനുവദിക്കരുത്.
3. അടച്ചിട്ട മുറികളിൽ വളരെയധികം ആളുകളുടെ ഒത്തുചേരൽ ഒഴിവാക്കുക.

## അഭ്യാസം

### I. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.

1. ഉടനടി സഹായം, തുടർ സഹായം, അടിസ്ഥാന സൗകര്യങ്ങളുടെ പുനർനിർമ്മാണം എന്നീ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നത്

   a) സജ്ജീകരണം  b) രക്ഷാപ്രവർത്തനം

   c) ദുരിതാശ്വാസം  d) ലഘൂകരണം.

2. കൃഷിസ്ഥലങ്ങളിൽ വരൾച്ച സാധ്യതാ ശതമാനം

   a) 90%  b) 70%  c) 60%  d) 55%

3. ദുരന്ത നിവാരണ നിയമം നിറവേറ്റിയതെപ്പോൾ?

a) 2004 b) 2002 c) 2005 d) 2010

4. സുനാമി എന്ന പദം ഏതു ഭാഷയിൽ നിന്നാണ് രൂപം കൊത്?

a) ഗ്രീക്ക് b) ലാറ്റിൻ c) ഫ്രഞ്ച് d) ജാപ്പനീസ്

5. ചുഴലിക്കാറ്റുകളാൽ അധികവും ബാധിക്കപ്പെട്ട മേഖലകളെത്ര?

a) 4 b) 6 c) 8 d) 7

## II. ചേരുംപടി ചേർക്കുക.

| | | | |
|---|---|---|---|
| 1. ദേശീയ ദുരന്ത നിവാരണ അതോറ്റിറ്റി | - | a) | നേപ്പാൾ ഭൂകമ്പം |
| 2. വില്ലി-വില്ലി | - | b) | വരൾച്ച ബാധിച്ച പ്രദേശം |
| 3. പിച്ചാവരം | - | c) | പ്രധാനമന്ത്രി |
| 4. രാമനാഥപുരം | - | d) | കൽ വനങ്ങൾ |
| 5. 7.8 റിച്ടർ സ്കെയിൽ | - | e) | ആസ്ട്രേലിയ |

## III. ചുരുക്കി ഉത്തരമെഴുതുക

1. ദുരന്തങ്ങളുടെ വകഭേദങ്ങളേവ?
2. സുനാമി എന്നാലെന്ത്?
3. ഉരുൾപൊട്ടൽ എന്നാലെന്ത്? അതുാകുന്നതിന്റെ കാരണങ്ങളേവ?
4. തമിഴ്നാട്ടിൽ ചുഴലിക്കാറ്റിനാൽ ബാധിക്കപ്പെടുന്ന ജില്ലകളെത്ര?
5. സ്കൂളുകളിലെ ഗതാഗത സുരക്ഷാ നിർവ്വഹണത്തെക്കുറിച്ച് രു വാക്യങ്ങളെഴുതുക.

## IV. വിവരിച്ച് ഉത്തരമെഴുതുക.

1. അഗ്നിബാധയാൽ അപകടം ഉാകാവുന്ന ഏതെങ്കിലും നാലു സ്ഥലങ്ങളും അത്തരം അപകടങ്ങളിൽ ചെയ്യാവുന്നതും ചെയ്യാനാവാത്തതുമായ വസ്തുതകളിൽ രു വീതവും എഴുതുക.
2. വെള്ളപ്പൊക്കത്തെക്കുറിച്ച് വിവരിക്കുക.
3. ഭൂകമ്പത്തെക്കുറിച്ച് വിവരിക്കുക.
4. വിരരോട്ടം എന്നാലെന്ത്? അതുകൊുള്ള പ്രശ്നങ്ങളേവ?

### പ്രവർത്തനം - 1

| താഴെപ്പറയുന്ന നദികളാൽ വെള്ളപ്പൊക്കം ഉാകാൻ സാധ്യതയുള്ള സംസ്ഥാനങ്ങളെ കത്തെുക. | |
|---|---|
| ബ്രഹ്മപുത്ര | |
| ഗംഗ | |
| സത്‌ലജ് | |
| ഗോദാവരി | |
| കാവേരി | |

### പ്രവർത്തനം - 2

ജലവിഭവ സംരക്ഷണം, മഴവെള്ള സംഭരണം എന്നിവയെക്കുറിച്ചുള്ള അറിവു പകരുന്നതിനായി ചാർട്ടുകൾ വരയ്ക്കുക.

### പ്രവർത്തനം - 3

നിങ്ങളുടെ അദ്ധ്യാപകരുടെ സഹായത്തോടെ സ്കൂളിൽ ഒരു ട്രാഫിക് സുരക്ഷാവാരം ആചരിക്കുക. യാത്രക്കാരിൽ അവബോധം സൃഷ്ടിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് പ്രാദേശിക ഭരണാധികാരികളോട് ചോദിച്ചറിയുക.

## 1. റോഡു സംരക്ഷണം നിയമങ്ങളും, നിയന്ത്രണങ്ങളും

ഇന്ത്യ ലോകത്തിൽ രണ്ടാമത്തെ അധിക ഗതാഗതസൗകര്യ ങ്ങളെക്കൊണ്ട രാജ്യമാണ്. മൂന്നു മില്ല്യൻ കി.മീ. നീളമുള്ള റോഡുകളിൽ 60 ശതമാനം മാത്രമേ ടാറിട്ട റോഡുകളായുള്ളു ഇന്ത്യൻ സാമ്പത്തിക വളർച്ചയ്ക്ക് റോഡുകളുടെപങ്ക് എടുത്തു പറയത്തക്കതാണ്. എന്നാൽ റോഡുകളെ പ്രയോജനപ്പെടു ത്തുന്നവർക്ക് ക്രൃത്യമായ സൗകര്യങ്ങൾ പ്രതീക്ഷിച്ച അളവിൽ ലഭിക്കുന്നില്ല. ഇത് റോഡു വിപത്തുകൾ ഏർപ്പെടുന്നതിനും ജീവഹാനി സംഭവിക്കുന്നതിനും കാരണമാകുന്നു. ആധുനിക കാലത്ത് റോഡപകടങ്ങളാൽ ഉണ്ടാകുന്ന ജീവനാശം വളരെയധികമാ യിരിക്കുന്നു.

### റോഡുസംരക്ഷണത്തിന്റെ പ്രാധാന്യം

ഓരോരുത്തരും റോഡു സംരക്ഷണത്തെക്കുറിച്ചും റോഡു നിയമങ്ങളെക്കുറിച്ചും അറിഞ്ഞിരിക്കേണ്ടതാണ്. വിപത്തുകൾ അല്ലെങ്കിൽ അപകടങ്ങൾ വീടുമുതൽ വിനോദ സ്ഥലങ്ങൾവരെ എവിടെ വേണമെങ്കിലും സംഭവിക്കാം. എന്നാൽ അധിക അപകടങ്ങളും ഒഴിവാക്കാൻ സാധിക്കുന്നവയാണ്. അപകടത്തിൽ ഉൾപ്പെടുന്നവർക്ക് പലതരത്തിലുള്ള വലിയ ബാധിപ്പുകൾ ഏർപ്പെടുന്നു. ഇതിനാൽ ചിലരുടെ ജീവിതം തന്നെ മുടങ്ങിപോകുന്നു.

റോഡു ഗതാഗതത്തിന്റെ സഹായത്തിന് ടെലഫോൺമൂലം 103-നെ ബന്ധപ്പെടാം.

### അപകടങ്ങൾ ഏർപ്പെടുന്നതിനുള്ള പ്രധാന കാരണങ്ങൾ

### വ്യക്തിപരമായ കാരണങ്ങൾ

പ്രായാധിക്യം, ആരോഗ്യക്കുറവ്, ക്ഷീണം, മനോഭാവം വാഹന മോടിക്കുന്നതിൽ പരിശീലനക്കുറവ്, മാനസികാരോഗ്യക്കുറവ്

### പരിസ്ഥിതി കാരണങ്ങൾ

കാലാവസ്ഥ യന്ത്രങ്ങളുടെ പ്രശ്നങ്ങൾ, ഓടിക്കുന്നവരുടെ ശ്രദ്ധക്കുറവ് എന്നിവ അപകടമുണ്ടാകുന്നതിനുള്ള മുഖ്യ കാരണങ്ങളാണ്.

### ഇന്ത്യയിലെ റോഡു നിയമങ്ങൾ

### ഗതാഗതം

1989- ജൂലൈ 1-ാം തിയതി ഇന്ത്യയിൽ കൊണ്ടു വരപ്പെട്ട റോഡുഗതാഗത നിയമം, വാഹനങ്ങൾ ഓടിക്കുന്നവർക്ക് ഒരടിസ്ഥാന വഴികാട്ടിയായി മാറി. വാഹനം ഓടിക്കുന്നവർ മുന്നിൽ പോകുന്ന വാഹനങ്ങളെ കടന്നു പോകുന്നതിനെക്കുറിച്ചും ഗതാഗത നിയമങ്ങളെക്കുറിച്ചും വേഗതയെക്കുറിച്ചും ഓടിക്കുന്നവർ കൈയ്യിൽ കരുതേണ്ട ആധാരങ്ങളെക്കുറിച്ചും ഈ നിയമം സൂചിപ്പിച്ചിട്ടുണ്ട്.

### റോഡു സംരക്ഷണത്തിന്റെ മുഖ്യ നിയമങ്ങൾ

### ഇടതുവശത്തു കൂടി യാത്രചെയ്യൽ

വാഹനം ഓടിക്കുന്നവർ റോഡിന്റെ ഇടതു വശത്തുകൂടി ഓടിക്കണം.

## വാഹനങ്ങളെ കടന്നു ചെല്ലൽ

വാഹനം ഓടിക്കുന്നവർ മുന്നിൽ പോകുന്ന വാഹനങ്ങളെ കടന്നു ചെല്ലുന്നത് നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.

## ഇട റോഡുകളിൽ ശ്രദ്ധ

വാഹനം ഓടിക്കുന്നവർ ഇടറോഡുകളിലൂടെ വാഹനം ഓടിക്കുമ്പോൾ വേഗത കുറച്ചു ഓടിക്കണം.






## അത്യാവശ്യ വാഹനങ്ങൾക്ക് വഴി വിട്ടു കൊടുക്കൽ

ഫയർ എൻജിൻ, ആംബുലൻസ്, രോഗികളെ കൊണ്ടുപോകുന്ന വാഹനം എന്നിവയ്ക്ക് വാഹനം ഓടിക്കുന്നവർ തടസ്സം ഏർപ്പെടുത്താതെ വഴി വിടണം.

## U വളവ്

ഡ്രൈവർമാർ U വളവില്ലാത്ത സ്ഥലങ്ങളിൽ വാഹനങ്ങളെ



തിരിക്കാൻ പാടില്ല. അതിനുവേണ്ടി അനുവദിക്കപ്പെട്ട സ്ഥലങ്ങളിൽ മാത്രമേ തിരിക്കാവൂ.

## ഡ്രൈവർമാക്കുള്ള സൂചനകൾ

ഡ്രൈവർമാർ വാഹനങ്ങളെ ഓടിക്കുമ്പോൾ സൂചനകൾ കാണിക്കേണ്ടതാണ്. കൂടാതെ ഇടതുവശത്തേക്കോ, വലതുവശത്തേക്കോ തിരുയുമ്പോഴോ സൂചനകൾ കാണിക്കണം. വാഹനം നിറുത്തുമ്പോൾ അതിനുള്ള സൂചന കാണിക്കണം.

## ദിശ കാണിക്കൽ

ഡ്രൈവർ U വളവുകൾ തിരിയും മുമ്പും ഇടത്തോട്ടോ വലത്തോട്ടോ തിരിയുന്നതിനു മുമ്പും തക്കതായ അടയാള വിളക്കുകളെ പ്രവർത്തിപ്പി ക്കണം.

## ഒറ്റവഴിപ്പാത



ഒറ്റവഴിപ്പാതയിൽ വാഹനം

പോകുന്നതിനോ അല്ലെങ്കിൽ വരുന്നതിനോ മാത്രമേ ഉപയോഗിക്കാവൂ.

### പ്രവേശന നിരോധനം (NO ENTRY)

പ്രവേശനം നിരോധനം ഏർപ്പെടുത്തിയിരിക്കുന്ന പാതകളിൽകൂടി പോകുന്നതിനോ വരുന്നതിനോ അനുവദിച്ചിട്ടില്ല.

### ദേശീയ റോഡുകൾ

ദേശീയ റോഡുകളിൽ വാഹനങ്ങൾ ഓടിക്കുന്നതിനായി ഒതുക്കിയിട്ടുള്ള ഭാഗങ്ങളിലൂടെ മാത്രമേ വാഹനങ്ങൾ ഓടിക്കാവൂ.



റോഡുകൾ കടക്കുന്നതിനു മുമ്പ് സിഗ്നൽ കൊടുക്കണം. എക്കാരണം കൊണ്ടും മഞ്ഞവരയെ കടന്നു ചെല്ലാൻ പാടില്ല.

### നിശബ്ദമേഖല (NO HORN)

ഡ്രൈവർ അനാവശ്യമായി ഹാൺ പ്രവർത്തിക്കാൻ പാടില്ല.



നിശബ്ദ മേഖലയിൽ ഹാൺ അടിക്കാൻ പാടില്ല. ഡ്രൈവർ താൻ ഓടിക്കുന്ന വാഹനത്തിന്റെ എൻജിൻ കേടാണെന്നറിഞ്ഞാലോ, ഓടിക്കുമ്പോൾ അധിക ശബ്ദം ഉണ്ടായാലോ ആ വാഹനത്തെ ഓടിക്കാൻ പാടില്ല.

### വാഹനങ്ങൾക്കിടയിലുള്ള അകലം

ഡ്രൈവർ താൻ ഓടിക്കുന്ന വാഹനത്തിനും മുന്നിലുള്ള വാഹനത്തിനും ഇടയിൽ ഒരു കുറിപ്പിട്ട അകലം നിശ്ചയിക്കേണ്ടതാണ്. ഇതു വണ്ടികൾ തമ്മിൽ കൂട്ടിമുട്ടുന്നത് ഒഴിവാക്കാൻ സഹായിക്കുന്നു.

### ഡ്രൈവർ കയ്യിൽ സൂക്ഷിക്കേണ്ട റെക്കാഡുകൾ

ഡ്രൈവർമാർ എപ്പോഴും തങ്ങളുടെ ഡ്രൈവിംഗ് ലൈസൻസ്, വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, വാഹന നികുതി അടച്ച രസീത്, വാഹന ഇൻഷൂറൻസ് സർട്ടിഫിക്കറ്റ്, വാഹനാനുവാദ സർട്ടിഫിക്കറ്റ്, യോഗ്യതാ സർട്ടിഫിക്കറ്റ് എന്നിവ കരുതേണ്ടതാണ്. ബന്ധപ്പെട്ട സർക്കാർ അധികാരികൾ ആവശ്യപ്പെടുമ്പോൾ ഡ്രൈവർ ഇവയെ കാണിക്കേണ്ടതാണ്.

1986-ാമാണ്ട് സെപ്തംബർ മാസം റോഡു ഗതാഗതാ വകുപ്പിനാൽ റോഡു സുരക്ഷാ സംഘടന രൂപീകരിക്കപ്പെട്ടു. ഇതിന്റെ പ്രധാന ജോലി റോഡു സുരക്ഷാ പദ്ധതികളെ രൂപീകരിക്കലും റോഡപകടങ്ങളെ കുറിക്കലുമാണ്. ഈ സംഘടന ദേശീയ റോഡു സുരക്ഷാ നയത്തെ രൂപീകരിച്ചു.

### റോഡു സൂചനകൾ

റോഡുകളിലുള്ള സൂചനകൾ റോഡു ഗതാഗതത്തെ ശരിയായ രീതിയിൽ നടപ്പിലാക്കുന്നതിനും

യാത്രക്കാരുടെ സംരക്ഷണത്തിനും സഹായിക്കുന്നു. ഇന്ത്യൻ റോഡു സംഘടനയുടെ അഭിപ്രായ പ്രകാരം റോഡു സൂചനകളെ ഡ്രൈവർ മാർക്കുള്ള അറിയിപ്പായി കണക്കാക്കണമെന്നാണ്. റോഡു സൂചനകളെ മൂന്നായി തരം തിരിക്കാം. 1. ആജ്ഞാസൂചന 2. ജാഗ്രതാ സൂചന 3. അറിയിപ്പ് സൂചന









### ഗതാഗത സൂചനകൾ

ഇടറോഡുകളിലുള്ള ഗതാഗത വിളക്കുകൾ എപ്പോഴാണ് യാത്രക്കാർ റോഡിനെ കടക്കേണ്ടതെന്ന് അറിയിക്കുന്നു. കൂടാതെ റോഡിലൂടെ പോകുന്ന വാഹനങ്ങളെയും നിയന്ത്രിക്കുന്നു.



ഗതാഗത പ്രകാശ വിളക്കുകൾ ആഘോളതലത്തിൽ ഒരേ നിറ ചിഹ്നങ്ങളെ സ്വീകരിച്ചിരിക്കുന്നു.

ചുവപ്പു നിറ വിളക്കു കത്തിയാൽ നിൽക്കുക - പോകാതെ എന്നും.

മഞ്ഞ നിറ വിളക്കു കത്തിയാൽ റോഡിനെ ശ്രദ്ധിക്കുക കടക്കാൻ തയ്യാറാവുക എന്നും

പച്ചനിറ വിളക്കു കത്തിയാൽ പോവുക എന്നും അറിയിക്കപ്പെടുന്നു.

### ഗതാഗത പോലീസിന്റെ സൂചനകൾ

കൈ സൂചനകൾ

ഡ്രൈവർമാരും ട്രാഫിക് പോലീസുകാരും തങ്ങളുടെ കൈകളെ ഉപയോഗിച്ച് ഗതാഗതത്തെ ക്രമീകരിക്കുകയും ശരിയായ രീതിയിലാക്കുകയും ചെയ്യുന്നു.





റോഡു സുരക്ഷ രാജ്യത്തിന്റെ മുഖ്യമായ ഒരു പ്രശ്നമാണ്. സർക്കാർ അറിയിച്ചിട്ടുള്ള പുള്ളി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഒരു വർഷത്തിൽ 1.1ലക്ഷം ജനങ്ങൾ അപകടത്താൽ മരിക്കുന്നുവെന്നത് അതിശയിപ്പിക്കുന്ന വാർത്തയാണ്.

## റോഡപകടത്തിനുള്ള കാരണങ്ങൾ

### ഗതാഗത നിയമ ലംഘനം

ആധുനിക യുഗത്തിൽ വേഗത്തിൽ ലക്ഷ്യത്തിലെത്തണമെന്നുള്ള തിടുക്കത്തിൽ ചെല്ലുന്നത് അപകടത്തിനു കാരണമാണ്.

### ഇടുങ്ങിയ റോഡുകൾ

റോഡുകൾ വളരെ ഇടുങ്ങിയതായിരിക്കുന്നതിനാൽ യാത്രക്കാരും വാഹനങ്ങളും ചെല്ലുന്നതിനാൽ അപകടങ്ങൾ ഉണ്ടാകുന്നു.

### ഗതാഗത തിരക്ക്

നഗരങ്ങളിൽ വാഹനങ്ങളുടെ എണ്ണം ദിവസേന അധികരിക്കുന്നു. കൂടാതെ വലിയ വാഹനങ്ങൾ അധികമായി ചെല്ലുന്നതിനാൽ അപകടങ്ങളുണ്ടാകുന്നു. വലിയ വാഹനങ്ങൾക്കായി പ്രത്യേകം റോഡുകളും സമയങ്ങളു മൊതുക്കിയാൽ അപകടമൊഴിവാക്കാം.

### മദ്യലഹരിയിൽ വാഹനമോടിക്കൽ

മദ്യലഹരിയിൽ വാഹനമോടിക്കുമ്പോൾ ഡ്രൈവർമാരുടെ സാമർത്ഥ്യം കുറയുന്നു. മാത്രമല്ല തീരുമാനമെടുക്കുന്നതിനുള്ള കഴിവും കുറഞ്ഞു പോകുന്നു. ഇത് അപകടത്തിന് കാരണമാകുന്നു.

## റോഡു സുരക്ഷയ്ക്ക് സഹായിക്കുന്ന മുഖ്യ അംശങ്ങൾ

1. വാഹനമോടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കരുത്.

2. നാലു ചക്രവാഹമോടിക്കുമ്പോൾ ബൽറ്റ് അണിയുക.

3. മദ്യ ലഹരിയിൽ വാഹനം ഓടിക്കരുത്.

4. വേഗതനിയന്ത്രണമനുസരിക്കണം.

5. യാത്രക്കാർ ശ്രദ്ധയോടെ റോഡു കടക്കണം.

6. ഇരുചക്രവാഹനക്കാർ ഹെൽമറ്റ് ധരിക്കണം.

7. യാത്രാക്കാർ സീബ്രാ ക്രോസിംഗിൽ മാത്രമേ റോഡു കടക്കാൻ പാടുള്ളൂ.

8. ഡ്രൈവർമാർ ഗതാഗത സൂചനകൾ നിർബന്ധമായും അനുസരിക്കേണ്ടതാണ്.

9. ആംബുലൻസുകളെ കടന്നു ചെല്ലാൻ അനുവ ദിക്കണം.

10. വാഹനങ്ങളെ നിറുത്തിയിടാൻ അനുവദിച്ചിട്ടുള്ള സ്ഥലങ്ങളിൽ മാത്രം നിറുത്തിയിടുക.

11. നടപ്പാതയിൽ കടകൾ പ്രവർത്തിക്കാനനുവദിക്കരുത്.



12. നിർദ്ദിഷ്ട സ്ഥലത്തു മാത്രമേ വാഹനങ്ങൾ നിറുത്തിയിടാവൂ.

### റോഡു സംരക്ഷണവാരം

വർഷം തോറും ജനുവരി ആദ്യവാരത്തെ റോഡും രക്ഷണവാരമായിക്കൊണ്ടാടുന്നു. ഇത് കോളേജു വിദ്യാർത്ഥികൾ, ഡ്രൈവർ മാർ, യാത്രക്കാർ എന്നിവരുടെയിടയിൽ ബോധവൽക്കരണമേർപ്പെടുത്തുന്നു. 2008-2009 ാം വർഷം 55 ലക്ഷം രൂപ റോഡു സംരക്ഷണ ബോധവൽക്കരണത്തിനായി സർക്കാർ ചെലവഴിച്ചു.

തമിഴ്നാട്ടിൽ 2005 മുതൽ 2009 വരെ നടന്ന റോഡപകടങ്ങളെ കുറിച്ചുള്ള വിവരം താഴെ കൊടുത്തിരിക്കുന്നു.

| വർഷം | മരണം | | അധികം പരുക്ക് | | കുറഞ്ഞ പരുക്ക് | | പരുക്കില്ലാതെ | ആകെ വിപത്തുകൾ |
|---|---|---|---|---|---|---|---|---|
| | NA | NPK | NA | NPI | NA | NPI | | |
| 2005 | 8844 | 9760 | 5214 | 7815 | 34669 | 54152 | 5151 | 53878 |
| 2006 | 10055 | 11009 | 4630 | 6833 | 36262 | 5708 | 4198 | 55145 |
| 2007 | 11034 | 12036 | 4498 | 6873 | 39494 | 64226 | 4114 | 59140 |
| 2008 | 11813 | 12784 | 4426 | 6696 | 39193 | 63555 | 4977 | 60409 |
| 2009 | 12727 | 13746 | 4448 | 6721 | 39676 | 36783 | 3943 | 60794 |

NA. വിപത്തുകളുടെ എണ്ണം
NPK. മരിച്ചവരുടെ എണ്ണം
NPI മുറിവേറ്റവരുടെ എണ്ണം

ആധാരം: പോലീസ് ഡയറക്ടർ- ചെന്നൈ

ജാഗ്രതയോടെ വാഹനമോടിക്കുക

ലക്ഷ്യത്തെ ജീവനോടു പ്രാപിക്കുക

എന്ന പഴഞ്ചൊല്ല് സർക്കാരിനാൽ നിർബന്ധിക്കപ്പെടുന്നു. കൂടാതെ സർക്കാർ വാഹന ഡ്രൈവർമാർക്ക് അപകടങ്ങൾ ഒഴിവാക്കുന്ന രീതികളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നൽകിവരുന്നു. ഇത് അപകടങ്ങളെ കുറക്കാൻ സാഹായിക്കുന്നു.

റോഡു സംരക്ഷണം രാജ്യത്തിന്റെ ജീവനാഡിയാണ്. സർക്കാർ ജനങ്ങളുടെ ഇടയിൽ റോഡു ഗതാഗതത്തിന്റ മുഖ്യത്വത്തെ കുറിച്ച് ബോധവൽക്കരണം നടത്തേണ്ടതാണ്. സർക്കാർ വാഹന ഡ്രൈവർമാർ യാത്രക്കാർ എന്നിവർക്ക് ബോധവൽക്കരണ ക്ലാസ്സുകളെ നടത്തി ഗതാഗത നിയമങ്ങളെയും രീതികളെയും വിശദീകരിക്കേണ്ടതാണ്. പൊതുവായി ജനങ്ങൾ റോഡു നിയമങ്ങളെ കൃത്യമായി അനുസരിക്കുന്നതിലൂടെ ആയിരക്കണക്കിനു ജീവന് സംരക്ഷണം നൽകാൻ കഴിയും.

അടിയന്തിര ആംബുലൻസ് സേവനത്തിന് 108-നെ വിളിക്കുക.

"ഞാൻ റോഡു നിയമങ്ങളെ അനുസരിക്കുമെന്ന് പ്രതിജ്ഞചെയ്യുന്നു.."

## അഭ്യാസം

### I. ശരിയാ ഉത്തരം തെരെഞ്ഞെടുത്തെഴുതുക

1.റോഡുഗതാഗതത്തിന്റെ നിയമങ്ങൾ പ്രാബല്യത്തിൽ വന്ന വർഷം

അ) 1989 ആ)1990 ഇ)1988

2. കാൽനടയാത്രക്കാർ റോഡിൽ ___________എന്ന സ്ഥലത്ത് കടന്നു ചെല്ലാം.

അ) എവിടെ വേണമെങ്കിലും ആ) സൂചനാ വിളക്കിനടുത്ത്

ഇ) സീബ്രാ വരയിട്ട സ്ഥലം

3. ആണ്ടുതോറും __________മാസത്തിന്റെ ആദ്യവാരം റോഡു സംരക്ഷണ വാരമായി കൊണ്ടാടുന്നു.

അ) ഡിസംബർ ആ) ജനുവരി ഇ) മാർച്ച്

4. അടിയന്തിര സേവനത്തിന് ആംബുലൻസിനായി ________ നമ്പറിൽ വിളിക്കുക.

അ 108 ആ)103 ഇ)1033

## II. പൂരിപ്പിക്കുക

1. ഡ്രൈവർമാർ വാഹനത്തെ __________വശത്തുകൂടി ഓടിക്കണം

2. റോഡ് സുരക്ഷാ സംഘടന ____________വർഷത്തിലേർപ്പെടുത്തപ്പെട്ടു.

3. ഗതാഗത പ്രകാശവിളക്കിൽ _____________നിറം കാൽനട യാത്രാക്കാരെ നിൽക്കാനാജ്ഞാപിക്കുന്നു.

4. റോഡു സൂചനകളെ _____________പിരിവുകളായി പിരിക്കപ്പെട്ടിരിക്കുന്നു.

## III.യോജിപ്പിക്കുക

1. ഓറഞ്ച് നിറം - കാൽ നടപാത

2. കാൽനടയാത്രക്കാർ - ടെലഫോൺ

3. വിവര സൂചന - ട്രാഫിക് പോലീസ്

4. കൈസൂചന - കടക്കാൻ തയ്യാറാവുക

## IV. ചുരുക്കത്തിൽ ഉത്തരമെഴുതുക

1.റോഡു സംരക്ഷണത്തിന്റെ മുഖ്യത്വമെന്ത് ?

2. ഗതാഗത പ്രകാശ വിളക്കുകളെ പടത്തിന്റെ സഹായത്തോടെ എഴുതുക ?

3. റോഡു സംരക്ഷണത്തിനാവശ്യമായ ചില നിയമങ്ങളെക്കുറിച്ചെഴുതുക ?

4. ഡ്രൈവർമാർ കയ്യിൽ സൂക്ഷിച്ചിരിക്കേണ്ട ആധാരങ്ങളെന്തെല്ലാം.?

## V. വിശദീകരിച്ച് ഉത്തരമെഴുതുക

1. റോഡു സംരക്ഷണത്തിനായി ആവശ്യമായ നിയമങ്ങളെ വിശദീകരിക്കുക?

2. റോഡപകടത്തിനുള്ള കാരണങ്ങളെന്തെല്ലാം.?

## രൂപീകരണ മൂല്യനിർണ്ണയം

**ചർച്ച ചെയ്യുക:**

"റോഡുസംരക്ഷണം ജീവരക്ഷ" - ചർച്ച ചെയ്യുക

**പ്രസംഗമത്സരം:**

റോഡു സംരക്ഷണത്തിൽ വിദ്യാർത്ഥികൾക്കുള്ള പങ്ക് എന്ന വിഷയത്തിൽ പ്രസംഗമത്സരം നടത്തുക.

**സംഘചർച്ച:**

റോഡു നിയമങ്ങളെക്കുറിച്ച് - സംഘചർച്ച നടത്തുക.

**പരസ്യം തയ്യാറാക്കുക:**

റോഡുസംരക്ഷണത്തിന്റെ പ്രാധാന്യത്തെ വിവരിക്കുന്ന രീതിയിൽ പരസ്യങ്ങൾ തയ്യാറാക്കുക.

**ഉപന്യാസരചന:**

'വേഗം വിവേകമില്ലായ്മ' - എന്ന വിഷയത്തെ ആസ്പദമാക്കി ഉപന്യാസമെഴുതുക.

## 1. പണം, സമ്പാദ്യവും നിക്ഷേപവും

### പഠന ലക്ഷ്യങ്ങൾ

പണം കണ്ടുപിടിക്കപ്പെട്ടതിന്റെ പ്രധാന്യത്തെ മനസ്സിലാക്കുക.

പണത്തിന്റെ ആവശ്യകതയെ മനസ്സിലാക്കുക.

പണശേഖരണം, നിക്ഷേപം എന്നിവയെക്കുറിച്ചറിയുക.

ഈ പാഠഭാഗത്ത് പണം എങ്ങനെയാണ് ഒരു ഇടനില വസ്തുവായി പ്രവർത്തിക്കുന്നു എന്നതിനെ നമുക്കു പഠിക്കാം

ഇടനിലവസ്തു എന്നാൽ എന്തെന്ന് നിങ്ങൾക്കറിയാമോ ?

പണമാണ് ഇടനിലവസ്തുവായി പ്രവർത്തി ക്കുന്നത്.

പുരാതനകാലത്ത് ഒരു വസ്തുവിനുപകരം മറ്റൊരു വസ്തുവിനെ വാങ്ങിച്ചിരുന്നു. ഇതിനെ ബാർട്ടർ രീതി എന്നു പറയുന്നു. ഇത് പണത്തിന്റെ ഉപയോഗമില്ലാതെവാണിജ്യം നടത്തിയിരുന്ന ഒരു സമ്പ്രദായമായിരുന്നു. എന്നാൽ ഈ രീതിക്ക് പല ബുദ്ധിമുട്ടുകളും പ്രയാസങ്ങ ളുമുണ്ടായിരുന്നു. ഈ പ്രയാസങ്ങൾ പണം കണ്ടുപിടിക്കുന്നതിന് വഴിതെളിയിച്ചു. പണത്തെ കൈമാറ്റത്തിന്റെ ആധാരമായി ഉപയോഗിക്കണമെന്ന് ലോകം മുഴുവനും അംഗീകരിച്ച കാര്യമാണ്.



ഇന്ത്യൻ രൂപയുടെ പുതിയ അടയാളം

പ്രൊഫസർ വാക്കർ പറയുന്നത്, പണം മാത്രമെ പണത്തിന്റെ ആവശ്യകതയെ നിർവ്വഹിക്കുകയുള്ളു.എന്നാണ്.

പണം എന്ന പദം മോണിറ്റ എന്ന ലാറ്റിൻ ഭാഷയിൽ നിന്ന് എടുക്കപ്പെട്ടതാണ്. മോണിറ്റ എന്നത് റോമൻ പെൺ ദൈവമായ ജൂൺഡോയുടെ മറ്റൊരു പേരാണ്. പണത്തിന്റെ ഇംഗ്ലീഷ് പദം മോണിറ്റ എന്ന പദത്തിന്റെ ചുരുക്കമാണ്.

ജനങ്ങൾ പണത്തിനെ ഇടനില വസ്തുവായി ഉപയോഗിക്കുന്നതിനെ അംഗീകരിച്ചു. ഗവൺമെന്റും ഇതിനെ അംഗീകരിച്ചു.

### പണത്തിന്റെ മൂല്യം

പണത്തിന്റെ മുല്യമെന്നത് ജനങ്ങളുടെ ഉപഭോഗ സാമർഥ്യത്തെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്. ജനങ്ങളുടെ ഉപഭോഗ സാമർഥ്യം എന്നത് വസ്തു വിന്റെ വിലയെ അടിസ്ഥാനമാക്കി യുള്ളതാണ്. വിഭവമൂല്യം വില നിലവാരത്തെ ആശ്രയിച്ചിരിക്കുന്നു.





ഇന്ത്യൻ നോട്ടുകളും നാണയങ്ങളും

## പണത്തിന്റെ സ്വാഭാവിക പ്രത്യേകത

പണത്തിന്റെ സ്വാഭാവിക പ്രത്യേകതയെ വിവരിക്കുമ്പോൾ പണം ഒരു മാർഗ്ഗംമാത്രമാണെന്നും അത് എല്ലാത്തിനും ഒരു അവസാനമല്ല എന്നും നാം ഓർമ്മിക്കേണ്ടതുണ്ട്. മനുഷ്യൻ പണം കൊണ്ട് പല സാധനങ്ങളെയും വിലയ്ക്കു വാങ്ങുകയും അവന്റെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നിതിനും പണത്തിന്റെ സേവനം തേടുകയും ചെയ്യുന്നു. മനുഷ്യൻ പണത്തെ ആഗ്രഹിക്കുന്നത് അവന്റെ ആവശ്യങ്ങളെ പൂർത്തീകരിക്കുന്നതിനുവേണ്ടിയാണ്. അതിനാൽ പണം ആവശ്യ പൂർത്തീകരണത്തിനുള്ള ഒരു മാർഗ്ഗം മാത്രമാണ്. മറിച്ച് എല്ലാത്തിനും ഒരു അവസാനമല്ല.

## പണത്തിന്റെ പ്രവർത്തനങ്ങൾ

ആധുനിക സാമ്പത്തിക വ്യവസ്ഥിതിയിൽ പണത്തിന്റെ പ്രവർത്തനങ്ങൾ വളരെ പ്രധാന്യം അർഹിക്കുന്നതാണ്. പണത്തിന് പല പ്രവർത്തനങ്ങളുമുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടവ:

**പണം ഒരു ഇടനില വസ്തു**

**മൂല്യ നിർണ്ണയത്തിന്റെ അളവുകോൽ**

**മൂല്യത്തിന്റെ അവസ്ഥകൾ**

**ഭാവികാലത്തിൽ ചെലുത്തും തുക**

## പണം ഒരു ഇടനില വസ്തു

പണത്തിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് പണത്തെ ഒരു ഇടനില വസ്തുവായി പ്രയോജന പ്പെടുത്തുന്നതാണ്. എല്ലാ സാധനങ്ങളും സ്വതന്ത്രമായി കൈമാറ്റം ചെയ്യുന്നതിന് പണമാണ് ഏറ്റവും ഉചിതമായ മാർഗ്ഗമായി എല്ലാപേരും അംഗീകരിക്ക പ്പെട്ടിരിക്കുന്നത്.

## മൂല്യ നിർണ്ണയത്തിന്റെ അളവുകോൽ.

ഒരു വസ്തുവിന്റെ മൂല്യത്തെ അളക്കുന്നതിന് പണം പ്രയോജനപ്പെടുന്നു. വസ്തുക്കളുടെ വിലയെ പണത്തിന്റെ മൂല്യം കൊണ്ട് അളക്കുന്നു. ഒരു വസ്തുവിന്റെ വില എന്നു പറയുന്നത് ഒന്നുമല്ല.എന്നാൽ അതിന്റ മൂല്യം എത്ര രൂപ എന്നു പറയുമ്പോഴാണ് പ്രകടമാകുന്നത്. നാം തുണി അളക്കുന്നതിന്, മീറ്റർ, അടി എന്നീ അളവുകളും ഭാരം അളക്കുന്നതിന് കിലോഗ്രാമും ഉപയോഗിക്കുന്നു. അതുപോലെ സാധനങ്ങളുടെ മൂല്യം നിർണ്ണയിക്കുന്നതിനെ നാം പണമാണ്

ഉപയോഗിക്കുന്നത്. ഇത് സാമ്പത്തിക കണക്കുകളെ വളരെ എളുപ്പത്തിൽ നടത്തുന്നു.

### മൂല്യത്തിന്റെ അവസ്ഥകൾ

ധനശേഖരണത്തിന് ഏറ്റവും സൗകര്യപ്രദമായ ഘടകമാണ് പണം. പണത്തെ വളരെ എളുപ്പത്തിൽ ഭൂമി, യന്ത്രോപകരണങ്ങൾ, തൊഴിൽശാലകൾ, സ്വർണ്ണം തുടങ്ങിയ മറ്റു വിലപിടിപ്പുള്ള വസ്തുക്കളായി മാറ്റാൻ സാധിക്കുന്നു.

### ഭാവികാല നിക്ഷേപം

പണം ഭാവികാലത്തിൽ ചെലുത്താവുന്ന ഒരു തുകയായി ഉപയോഗിക്കുന്നു. ആധുനിക യുഗത്തിൽ പണത്തെ ഉടനടി നൽകാതെ ഭാവിയിൽ നൽകുന്നതിനുള്ള അവസരമുണ്ട്. എന്നാൽ ആദ്യം സാധനങ്ങളെ വാങ്ങുകയും അതിനുള്ള പണത്തെ പിന്നീടു നൽകുന്നതിനാൽ വാണിജ്യം ബാധിക്കപ്പെടുന്നു.

### പണത്തിന്റെ സാമ്പത്തിക പ്രധാന്യം

ഇന്നത്തെ സാമ്പത്തിക രീതിയിൽ പണത്തിനെ കൊടുത്ത് സാധനങ്ങളെ വാങ്ങുന്ന രീതി പഴയ ബാർട്ടർ സമ്പ്രദായത്തിൽ നിന്ന് വളരെ വ്യത്യാസമായതാണ്.

ഉപഭോഗം, ഉൽപാദനം, കൈമാറ്റം വിതരണം പൊതു സമ്പത്ത് എന്നിവയിൽ പണത്തിന്റെ സ്വാധീനം വളരെ വലുതാണ്.

### പണത്തിന്റെ പ്രധാന്യം

ആധുനിക സമ്പത്ത് ഘടനയിൽ പണത്തിന്റെ സ്ഥാനം നിങ്ങൾക്കറിയാമല്ലോ.

പണം എന്നത് മനുഷ്യന്റെ കണ്ടുപിടിത്തങ്ങളിൽ ഏറ്റവും മുഖ്യമായതാണ്. പണമില്ലാതെ ആധുനിക, സാമ്പത്തിക വ്യവസ്ഥയുടെ പ്രവർത്തനം സുഖമമായി നടക്കുകയില്ല. അതിനാൽ പണമില്ലാതാകുമ്പോഴാണ് അതിന്റെ പ്രധാന്യത്തെക്കുറിച്ച് നാം മനസ്സിലാക്കുന്നത്. പണം, നാണയങ്ങൾ, കറൻസി നോട്ടുകൾ, ചെക്കുകൾ, കൈമാറ്റ ബില്ലുകൾ ക്രഡിറ്റ് കാർഡുകൾ എന്നിങ്ങനെ പലരൂപത്തിലുണ്ട്.




വ്യത്യസ്ഥ രാജ്യങ്ങളിലെ കറൻസികളെ തിരിച്ചറിയൽ



## സമ്പാദ്യവും നിക്ഷേപവും

നമ്മുടെ പണത്തിൽ ഒരു ഭാഗത്തെ നാം ചെലവഴിയാതെ ശേഖരിച്ചു വെക്കുന്ന തിനെയാണ് സമ്പാദ്യം എന്നു പറയുന്നത്.

നിക്ഷേപമെന്നത് അധിക ഉൽപാദനത്തിനാ വശ്യമായ വസ്തുക്കളുടെ ശേഖരണമാണ്. അധിക ഉൽപാദനത്തിനുള്ള ഉപകരണങ്ങൾ, യന്ത്രങ്ങൾ, കെട്ടിടം, അസംസ്കൃത വസ്തുക്കൾ എന്നിവ നിക്ഷേപത്തിലുൾപ്പെടുന്നു.

സാമ്പത്തിക പുരോഗതിക്ക് നിക്ഷേപം പോലുള്ള മൂലധനം അത്യന്താപേക്ഷിതമാണ്. സമ്പാദ്യവും, നിക്ഷേപവും ഒന്നിനോടൊന്ന് ബന്ധപ്പെട്ടിരിക്കുന്നു. ഇവ സാമ്പത്തിക വ്യവസ്ഥിതിയുടെ രണ്ടു പ്രവർത്തനങ്ങളാണ്.

സമ്പാദ്യവും, നിക്ഷേപവും രണ്ടു തരത്തിലുള്ള മനുഷ്യരുടെ കൈകളിലുണ്ട്. സമ്പാദ്യമെന്നത് ഉപഭോക്താക്കളുടെ കൈക ളിലും നിക്ഷേപമെന്നത് തൊഴിലധിപന്മാരുടെ കൈകളിലുമാണുള്ളത്. അവരുടെ സമ്പാദ്യം നിക്ഷേപം എന്നിവയുടെ ഉദ്ദേശവും വ്യത്യാസ മായതാണ്.

പ്രവർത്തനം

മറ്റുരാജ്യങ്ങളിൽ ഉപയോഗത്തിലിരിക്കുന്ന കറൻസികളെ കണ്ടെത്തുകയും അവയിലുള്ള ചിഹ്നങ്ങളെ വരയ്ക്കുകയും ചെയ്യുക.

## അഭ്യാസം

### I. ശരിയായ ഉത്തരം തെരെഞ്ഞെടുക്കുക

1. പണം മാത്രമാണ് പണത്തിന്റെ ആവശ്യകതയെ പൂർത്തീകരിക്കുകയുള്ളു എന്ന നിർവ്വചനം നൽകിയത് ____________ ആണ്

   അ) ക്രോത്തർ    ആ) വാക്കർ    ഇ) റോബർട്ടസൺ

2. പണത്തിന്റെ മുല്യമെന്നത് ________

   അ) ഉപഭോഗ സാമർത്ഥ്യത്തെ അടിസ്ഥാനമാക്കിയത്.

   ആ) ആവശ്യത്തെ അടിസ്ഥാനപ്പെടുത്തിയത്

   ഇ) വിതരണ നിലവാരത്തെ അടിസ്ഥാനപെടുത്തിയത്.

3. __________ ഭാവികാല നിക്ഷേപമായി കരുതപ്പെടുന്നു.

   അ) ചെക്ക്    ആ) പണം    ഇ) ക്രെഡിറ്റ് കാർഡ്

4. ___________എന്നത് സാധനങ്ങളുടെ മൂല്യത്തെ അളക്കുന്നതിനും സാമ്പത്തിക കണക്കുകളെ എളിതാക്കുന്നതിനും വേണ്ടിയുള്ളതാ്ണ.

അ) ഇടനില വസ്തു ആ) മൂല്യത്തിന്റെ അളവുകോൽ

ഇ) മൂല്യത്തിന്റ അവസ്ഥകൾ

5. _____________ ന് ചെലവഴിക്കാത്ത, വരുമാനത്തിന്റെ ഒരു ഭാഗത്തിന് സമ്പാദ്യം എന്നു പറയുന്നു.

അ) ഉപഭോഗം ആ) ഉൽപാദനം ഇ) വിതരണം

## II. പൂരിപ്പിക്കുക

1. മനുഷ്യന്റെ വലിയ കണ്ടുപിടിത്തങ്ങളിലൊന്നാണ്____________________
2. പണം എന്ന പദം ലാറ്റിൻ ഭാഷയിലെ _____________പദത്തിൽ നിന്ന് എടുത്തിട്ടുള്ളതാണ്.
3. പണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനം പണം ഒരു _______ആയി പ്രവർത്തിക്കുന്നു
4. ഒരാളിന്റെ ___________പണമായി സമ്പാ ദിക്കുന്നത് എളുപ്പമാണ്.
5. ______________എന്നത് മൂലധനം ഉണ്ടാക്കുന്നതിനും സാമ്പത്തിക വളർച്ചയ്ക്കും ഒഴിച്ചു കൂടാൻ പാടില്ലാത്ത ഒന്നാണ്.

## III. യോജി പ്പിക്കുക

| | | |
|---|---|---|
| 1. മോണിറ്റ | - | സാധനങ്ങൾ കൈമാറുന്ന രീതി |
| 2. മൂല്യത്തിന്റെ അവസ്ഥകൾ | - | അടിസ്ഥാന കണ്ടുപിടിത്തം |
| 3. സമ്പാദ്യം | - | പണം |
| 4. പണം | - | പണത്തിന്റെ പ്രവർത്തനം |
| 5. ബർട്ടർ സമ്പ്രദായം | - | സാമ്പത്തിക വളർച്ചയെ പരിപോഷിപ്പിക്കുന്നു. |

## IV. ചുരുക്കത്തിൽ ഉത്തരമെഴുതുക

1. പ്രൊഫസർ വാക്കർ പണത്തിനു നൽകുന്ന നിർവചനമെന്ത് ?
2. പണത്തിൻ പ്രാധാന്യത്തെക്കുറിച്ച് ചുരുക്കി പ്രതിപാദിക്കുക ?
3. ബാർട്ടർസമ്പ്രദായം എന്നാലെന്ത്.
4. ഭാവികാലത്തിൽ ചെലുത്താവുന്ന തുക എന്നാലെന്ത്.
5. സമ്പാദ്യം നിക്ഷേപം എന്നിവയെക്കുറിച്ചെഴുതുക.

## V. വിശദമായ ഉത്തരമെഴുതുക

1. പണത്തിന്റെ പ്രവർത്തനങ്ങളെ വിവരിക്കുക ?
2. പണത്തിന്റെ പ്രധാന്യത്തെ വിവരിക്കുക ?
3. സമ്പാ ദ്യം നിക്ഷേപം എന്നിവയെക്കുറിച്ച് വിവരിക്കുക.?

## രൂപീകരണ മൂല്യനിർണ്ണയം

1. ചിത്രശേഖരണം:

   ഇന്ത്യൻ നോട്ടുകൾ, നാണയങ്ങൾ, എന്നിവയുടെ ചിത്രങ്ങൾ ശേഖരിക്കുക.

2. ചർച്ച ചെയ്യുക:

   പണം ഇടനില വസ്തുവായി പ്രവർത്തിക്കാതെ മുൻകാലങ്ങളിൽ എങ്ങനെയാണ് കച്ചവടം നടത്തിയിരുന്നത്?

3. കണ്ടറിയൽ:

   നിങ്ങൾ വസിക്കുന്നിടത്ത് ബാർട്ടർ സമ്പ്രദായം ഉണ്ടോ? എന്നതിനെ കണ്ടറിയുക.

4. മനസ്സിലാക്കൽ:

   ആഭരണങ്ങളെ എപ്രകാരമാണ് പണ്ടു കാലങ്ങളിൽ ഉപയോഗപ്പെടുത്തിയിരുന്നത് എന്നതിനെപ്പറ്റി മനസ്സിലാക്കുക.

5. കുറിപ്പെഴുതുക:

   ഉപഭോക്താക്കളും നിക്ഷേപകരും എപ്രകാരം സാമ്പത്തിക വളർച്ചയ്ക്കു പ്രയോജനകരമായിരുന്നു. എന്നതിനെപ്പറ്റി കുറിപ്പെഴുതുക.

## 'എനിക്കും സാധിക്കും, ഞാൻ ചെയ്തു'
## ('I can, I did')
## വിദ്യാർത്ഥികളുടെ പ്രവർത്തനവിവരസൂചിക

വിഷയം

| ക്രമ നമ്പർ | തിയതി | പാഠഭാഗം | പാഠത്തിന്റെ തലക്കെട്ട് | പ്രവർത്തനം | കുറിപ്പ് |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |